


ഗുരുണാ പ്രേഷിതാ വയം.

# ബ്രഹ്മശ്രീ

ദ്വൈമാസിക


**മലയാള ബ്രാഹ്മണസമാജം പ്രസിദ്ധീകരണം**

**2022 നവംബർ– ഡിസംബർ വാല്യം : 20 – ലക്കം : 5**



**2022 നവംബർ 5ന് സപ്തതി ആഘോഷിച്ച മുവാറ്റുപുഴ ആനിക്കാട്ടില്ലത്ത് ശ്രീകുമാരൻ ഇളയതിന്റെ പത്നി ഓമന അന്തർജ്ജനം കുടുംബാംഗങ്ങളോടൊപ്പം**



**പുണ്യം പൂങ്കവാനം പദ്ധതി എരുമേലിയിൽ, വൃക്ഷ തൈ വിതരണവും ശുദ്ധി സേവയും ഉൽഘാടനത്തിൽ, പന്തളം കൊട്ടാരപ്രതിനിധി പുണർതം തിരുനാൾ നാരായണ വർമ, പ്രതിനിധി പ്രസാദ് വർമ, പുണ്യം ട്രസ്റ്റ് അംഗം മണിലാൽ നമ്പുതിരി.**

2022 നവംബർ – ഡിസംബർ : വാല്യം 19 – ലക്കം 5

# ബ്രഹ്മശ്രീ

മലയാള ബ്രാഹ്മണസമാജം പ്രസിദ്ധീകരണം

ദ്വൈമാസിക

ഓം ഭൂർഭുവസ്വഃ തത്സവിതുർ വരേണ്യം
ഭർഗ്ഗോദേവസ്യ ധീമഹി
ധിയോ യോ നഃ പ്രചോദയാത്

## പത്രാധിപസമിതി

**പി. ഹരികുമാർ** (ചീഫ് എഡിറ്റർ)
പാണാട്ട് ഇല്ലം, കുറിച്ചിത്താനം പി. ഒ.,
കോട്ടയം–686 634, Ph : 8281108575

**പ്രൊഫ. ബാലചന്ദ്രശർമ്മ കെ.** (കേന്ദ്ര പ്രസിഡന്റ്)
കണത്തുരുത്തിൽ ഇല്ലം, കൊക്കോതമംഗലം പി.ഒ.
ചേർത്തല – 688527, Ph : 94478 65535

**കെ ശ്രീവത്സലൻ നമ്പൂതിരി**, (കേന്ദ്ര സെക്രട്ടറി)
ശബരിയാംമൂട്ടിൽ ഇല്ലം, VARA 132, അറപ്പുര റോഡ്,
വട്ടിയൂർക്കാവ്–695013. തിരുവനന്തപുരം. Ph:. 9037068911

**റ്റി.വി.നാരായണ ശർമ്മ**, (മാനേജിംഗ് എഡിറ്റർ)
താമരശ്ശേരി ഇല്ലം മാലം പി.ഒ., കോട്ടയം – 686019
Ph: 95623 56959

**ഡോ. കെ.എൻ.ഹരികൃഷ്ണ ശർമ്മ** (സബ് എഡിറ്റർ)
കൈനിക്കര ഇല്ലം, മണലുങ്കൽ പി.ഒ.
കോട്ടയം–686 503, Ph: 98475 98896

**അമ്പിളി പി താമരശ്ശേരി** (സബ് എഡിറ്റർ)
താമരശ്ശേരി ഇല്ലം, മാലം പി .ഒ, കോട്ടയം 686019.,
Ph: 98479 89402

**രാജേഷ് ഡി** (സർകുലേഷൻ)
മുല്ലശ്ശേരി ഇല്ലം, പട്ടണക്കാട് പി.ഒ., ചേർത്തല 688532
Ph: 81292 73500

**അരുൺ കീച്ചേരിൽ** (അഡ്വർടൈസ്മെന്റ്)
കീച്ചേരിൽ ഇല്ലം, മുരിക്കുംപുഴ
പാലാ പി.ഒ.–686 575, Ph: 94468 46461

**വി. എൻ. ടി. നമ്പൂതിരി** (ഫിനാൻസ്)
പ്രയാഗ, ഏരൂർ വെസ്റ്റ് പി. ഒ., തൃപ്പൂണിത്തുറ,
എറണാകുളം–682 306, Ph : 94475 66168

Bank Account : **Indian Bank,** M.G. Road,
Ernakulam | A/c. No. **: 867897300,**
Account Name: **Brahmasree**
IFSC Code : **IDIB000M036**
email : **brahmasreembs@gmail.com**

സദാശിവ സമാരംഭാം ശങ്കരാചാര്യ മദ്ധ്യമാം
അസ്മദാചാര്യ പര്യന്താം വന്ദേ ഗുരുപരമ്പരാം
ശ്രുതിസ്മൃതി പുരാണാനാം ആലയം കരുണാലയം
നമാമി ഭഗവത് പാദം ശങ്കരം ലോകശങ്കരം
ശങ്കരം ശങ്കരാചാര്യം കേശവം ബാദരായണം
സൂത്രഭാഷ്യകൃതൗ വന്ദേ ഭഗവന്തൗ പുനഃ പുനഃ
ഈശ്വരോ ഗുരുരാത്മേതി മൂർത്തിഭേദ വിഭാഗിനേ
വ്യോമവദ് വ്യാപ്തദേഹായ ദക്ഷിണാമൂർത്തയേ നമഃ

## പത്രാധിപക്കുറിപ്പ്

'അടിയനിനിയുമുണ്ടാം ജന്മമെന്നാലതെല്ലാം
അടി മുതൽ മുടിയോളം നിന്നിലാവട്ടെ തായേ'

എന്ന് മാതൃഭൂമിയോട് തന്നെ പ്രാർത്ഥിയ്ക്കുന്ന കവിവാക്യം, ഈ ജന്മവും കഴിഞ്ഞ് ജന്മ ജന്മാന്തരങ്ങളിലേയ്ക്ക് തുടരുവാനാഗ്രഹിക്കുന്ന ആത്മസ്പർശമാർന്ന രാജ്യസ്നേഹമെന്ന ഉൽകൃഷ്ടവും ഉൾക്കടവുമായ വികാരത്തിന്റെ ബഹിർസ്ഫുരണമാണ് 'നിറഞ്ഞിരിയ്ക്കിലും ദരിദ്രമെങ്കിലും, നിറന്നിരിയ്ക്കിലും വികൃതമെങ്കിലും ഇവിടെയാശിപ്പാനിവിടെ ജീവിപ്പാനിവിടെ ദുഃഖിപ്പാൻ കഴിവതേ സുഖം' എന്നു കൂടി ചേർത്തു പാടുന്ന ഭാരതീയന് ഭാരതമെന്നത് ഭൗതിക ലക്ഷ്യസാക്ഷാത്ക്കാരങ്ങൾക്കപ്പുറം നിൽക്കുന്ന ഒരു സംസ്കാരത്തിന്റെ മൂർത്തരൂപമാണ്!!

രാജ്യവും രാഷ്ട്രവും തമ്മിൽ വ്യത്യാസമുണ്ട്. ഭൂമി ശാസ്ത്രപരമായ അതിരുകൾക്കിപ്പുറം നിൽക്കുന്ന ഒരു ഭൂപ്രദേശം ഒരു രാജ്യമാകാം. എന്നാൽ ആ അതിരുകൾക്കുള്ളിൽ ജനിച്ചു ജീവിയ്ക്കുന്ന ജനവിഭാഗം ഒരു സംസ്കാരത്താൽ ഉപവീത ബദ്ധരാകുമ്പോൾ അത് ഒരു രാഷ്ട്രമാകും. അങ്ങിനെയാണ് ഭാരതം എന്നറിയപ്പെടുന്ന ഈ സുകൃതഭൂമി മറ്റ് ലോകരാജ്യങ്ങളുടെയിടയിൽ സനാതന രാഷ്ട്രമാകുന്നത്. ലോകത്ത് അനാദികാലം മുതൽ അനേകം നാഗരികതകൾ ഉദിയ്ക്കുകയും അസ്തമിയ്ക്കുകയും ചെയ്തിട്ടുണ്ട്. ആയിരമായിരം യുഗയുഗാന്തരങ്ങൾക്കപ്പുറത്ത് ഈ മണ്ണിൽ മുളപൊട്ടി ഇന്നും ശോഭയോടെ വിരാജിക്കുന്ന വൈദിക സംസ്കൃതിയും, അതിന്റെ പ്രഭാവത്താൽ ലോകത്തിനു മുഴുവൻ ധർമ്മോപദേശം ചെയ്യാൻ കരുത്തു നേടിയ ഭാരത രാഷ്ട്രവും, ച്യുതിയിൽ വീഴാതെ നിലനിൽക്കേണ്ടത് ലോകത്തിന് ആവശ്യമാണ്. ഭാരതീയരായ നമ്മുടെ ഉത്തരവാദിത്തവുമാണ്.

➡

**ഉപദേശകസമിതി**
**എം.നാരായണൻ നമ്പൂതിരി | ഡോ.ഹരിഹരൻ,**
**പ്രൊഫ.(റിട്ട) ഡോ. സുകുമാരി അന്തർജ്ജനം**

Layout & Printing
S.N.Nampoothiri, Essence Creations, Kottayam

വിശന്നിരിയ്ക്കുന്ന സിംഹത്തിനു മുന്നിലേയ്ക്ക് നിസ്സഹായനും നിരായുധനുമായ ഒരു അടിമ മനുഷ്യനെ എറിഞ്ഞു കൊടുത്ത്, ചോര തെറിക്കുന്ന സിംഹപരാക്രമം ഗാലറികളിലിരുന്ന് കണ്ടാസ്വദിച്ചിരുന്ന പാശ്ചാത്യ പാരമ്പര്യത്തിന് മുന്നിൽ ആദിമ കാലം മുതൽ സ്വന്തം കീർത്തനങ്ങളിലും മന്ത്രങ്ങളിലും യജ്ഞാദി കർമ്മങ്ങളിലും 'ലോകാഃ സമസ്താഃ സുഖിനോ ഭവന്തു' എന്നു ചേർത്ത് ആത്യന്തിക ഫലം തരാൻ പ്രാർത്ഥിച്ച ജന സമൂഹവും അവരുടെ ചിന്താ പദ്ധതികളുടെ ഔന്നത്യവും വിചാര ധാരകളുടെ പരിശുദ്ധിയും ഇന്നും അത്ഭുതമായിത്തന്നെ നിലനിൽക്കുന്നു.

എത്രയോ പ്രാവശ്യം ഭൗതികമായി ആക്രമിയ്ക്കപ്പെട്ടിട്ടും, പലരും പലവഴി അന്നും ഇന്നും താഴ്ത്തിക്കെട്ടാൻ ശ്രമിച്ചിട്ടും, ഈ ആകാശത്തിനു താഴെ നിന്നും അനേകം വിജ്ഞാന ഗ്രന്ഥങ്ങൾ കടത്തിക്കൊണ്ടുപോയിട്ടും, വിശ്വപ്രസിദ്ധമായിരുന്ന ഇവിടുത്തെ സർവകലാശാലകളെ ചുട്ടെരിച്ചിട്ടും, ഛിദ്ര ശക്തികളെ ഈ മണ്ണിൽത്തന്നെ വളർത്താൻ വൈദേശിക മത ഭരണകൂടങ്ങൾ അന്നും ഇന്നും കിണഞ്ഞു പരിശ്രമിച്ചിട്ടും ഭാരതത്തിന്റെ ശിരസ്സ് ഉയർന്നു തന്നെ നിലനിൽക്കുന്നത്, സനാതന ധർമത്തിന്റെ അടിസ്ഥാന പാഠങ്ങളിലെ അപ്രതിരോധ്യമായ സമ്പൂർണ്ണതയാലും തലമുറകൾ കൈമാറിത്തന്ന പുണ്യ സഞ്ചയത്താലുമാണ്.

ഒരു റിപ്പബ്ലിക്ക് ദിനം കൂടി സമാഗതമായിരിയ്ക്കുന്ന ഈ വേളയിൽ ഇത്രയും പറഞ്ഞത് 'അഹിംസാ പരമോ ധർമ്മഃ' എന്ന തത്ത്വരത്നത്തിന്റെ പരമോദാത്ത ദീപ്തിയിൽ തിളങ്ങി നിൽക്കുന്ന ഈ ദേശത്തിന്റെ ചിന്താധാരകളും ജീവിതരീതികളും അന്നും ഇന്നും എന്നും ലോകാരാധ്യവും അനുകരണീയവുമാണ് എന്ന് ഒരിയ്ക്കൽ കൂടി ഓർമ്മിപ്പിയ്ക്കാനാണ്.

എന്നാൽ ഇന്ന് ഭാരതീയമായ എന്തിനെയും പുച്ഛത്തോടെ നോക്കിക്കാണാൻ പ്രേരിപ്പിക്കുന്ന ഒരു പ്രവണത ചില കേന്ദ്രങ്ങളെങ്കിലും ബോധപൂർവ്വം വളർത്തിയെടുക്കാൻ ശ്രമിയ്ക്കുന്നുണ്ട് എന്നത് നമ്മൾ കാണാതിരിയ്ക്കരുത്. നമ്മൾ സ്കൂളുകളിൽ പഠിച്ച ചരിത്ര പുസ്തകങ്ങളിൽ മുഗൾ രാജവംശത്തിലെ വൈദിക വിരുദ്ധരായിരുന്ന രാജാക്കന്മാരുടെ ചരിത്രം മാത്രമേയുള്ളൂ. അവരുടെ ഭരണപരിഷ്ക്കാരങ്ങളായി തണൽ മരങ്ങൾ വച്ചു പിടിപ്പിച്ചു എന്നും കിണറുകൾ കുഴിപ്പിച്ചും എന്നും മറ്റുമുള്ള അല്പത്തങ്ങൾ ചരിത്രമായി എഴുതിപ്പിടിപ്പിച്ച് ആദർശ മാതൃകകളും വീരശൂര പരാക്രമികളും ആയിരുന്ന അനേകം രാജാക്കന്മാരുണ്ടായിരുന്ന ഭാരതീയ രാജവംശങ്ങളുടെ ചരിത്രം തമസ്കരിച്ചവർ മുതൽ ഇന്ന് സാംസ്കാരിക നായകന്മാർ എന്നു സ്വയം വിശേഷിപ്പിച്ച് രാജ്യസ്നേഹം ഒരു സങ്കുചിത ചിന്താഗതിയാണ് എന്നു പറഞ്ഞു പരത്തുന്ന ചില കൂലിയെഴുത്തുകാർ വരെ ആഭ്യന്തര ഛിദ്ര ശക്തികളെ പ്രോത്സാഹിപ്പിയ്ക്കുന്ന രാഷ്ട്ര വിരുദ്ധരുടെ ഗണത്തിൽ വരും.

നമ്മളെയൊക്കെ ബോംബുപൊട്ടിച്ചും, തീവണ്ടി മറിച്ചും, വിമാനം വീഴ്ത്തിയും ഒക്കെ കൊല്ലാൻ എപ്പോഴും ശ്രമിച്ചുകൊണ്ടിരിയ്ക്കുന്ന തീവ്രവാദികളിലൊരാളെ പട്ടാളം വെടിവച്ചു കൊന്നാൽ ഈ തീവ്രവാദിയെ പ്രകീർത്തിച്ച് കവിതയെഴുതുന്നവൻ ആ തീവ്രവാദിക്കൊപ്പം തൂക്കുകയറിനർഹൻ തന്നെ എന്നു വിളിച്ചു പറയാൻ മടി കാണിയ്ക്കേണ്ടതില്ല

'മുത്തലാഖ്' നിരോധനത്തെ എതിർക്കുന്ന പുരോഗമന വാദികൾ !

മനുസ്മൃതി കത്തിച്ചുകൊണ്ട് ഈ മണ്ണിനെ രക്ഷിയ്ക്കാൻ വിപ്ലവത്തിന് വിശ്വഗോപുരങ്ങളിലേയ്ക്ക് ഈ ഇരുപത്തിയൊന്നാം നൂറ്റാണ്ടിലും മുദ്രാവാക്യ ക്ഷണപത്രമയക്കുന്നവർ!!

നവോത്ഥാനത്തിന്റെ നഞ്ചു കലക്കിയ വെള്ളത്തിൽ ബ്രാഹ്മണിക്കൽ ഹെജിമണിയെന്ന ഇര കോർത്ത് വാഗ്ധോരണിയുടെ ചൂണ്ടയിട്ട് നിസ്വരായ ദേശവാസികളുടെ സാംസ്കാരിക സ്വത്വാഭിമാനമെന്ന മീൻ പിടിച്ച് മിഥ്യാധാരണകളുടെ വഞ്ചിയിലിട്ട് ഈ അഭിമാനത്തിന്റെ പിടച്ചിൽ കണ്ട് ആനന്ദിയ്ക്കുന്ന നുണയിടങ്ങൾ!!

കോടിക്കണക്കിനു ജനങ്ങളുടെ ആരാധനാമൂർത്തികളായ ഭാരതീയ ദേവതാ സങ്കൽപ്പങ്ങളെ കിട്ടാവുന്ന സന്ദർഭങ്ങളിലൊക്കെ കളിയാക്കുകയും അപമാനിക്കുകയും ചെയ്യുന്നവർ!!

സെമറ്റിക് മതങ്ങളുടെ നാലയൽപക്കത്തു പോലും ചെന്ന് എതിർക്കാൻ ചങ്കുറപ്പില്ലാത്ത യുക്തിവാദസാഹസങ്ങൾ!!

എല്ലാമെല്ലാം രാജ്യത്തിന്റെ ഏകത തകർക്കാനുള്ള അനേക രീതിയിലുള്ള ശ്രമങ്ങളുടെ ഭാഗമാണ് എന്നു നാം മനസ്സിലാക്കിയാൽ മതി. ലോകത്ത് ഒരിഞ്ചു ഭൂമിയും ആക്രമിച്ച് കീഴടക്കിയ ചരിത്രമില്ലാത്ത ഈ ഭാരതഭൂമി 'വസുധൈവ കുടുംബകം' (ലോകമേ തറവാട്)എന്ന് പറഞ്ഞത് പുൽക്കൊടി മുതൽ ബ്രഹ്മാവ് വരെയുള്ള സകല ജീവ ജാലങ്ങളും ഒരേ തറവാട്ടിലെ അംഗങ്ങൾ ആണെന്ന അർത്ഥത്തിൽ തന്നെ ആണ്. അതാണ് വിശ്വസ്നേഹത്തിന്റ വിരാട് പുരുഷ രൂപം അല്ലാതെ രാഷ്ട്രാഭിമാനം സങ്കുചിതമാണെന്ന അർത്ഥത്തിലല്ല.

രാഷ്ട്ര സ്നേഹത്താൽ പ്രചോദിതരായ അനേകം ധീരദേശാഭിമാനികളും പട്ടാളക്കാരും ജീവൻ ബലികൊടുത്തും ഒട്ടനേകം ത്യാഗങ്ങൾ സഹിച്ചും സംരക്ഷിച്ചു പോന്നതും പോരുന്നതും ആണീ കന്യാകുമാരിയിലെ ത്രിവേണീ സംഗമത്തിലെ കൊച്ചോളങ്ങളിൽ



മണ്ണിനെക്കുറിച്ചല്ലാ പെണ്ണിനെക്കുറിച്ചല്ലാ
വിണ്ണിനെക്കുറിച്ചത്രേ പാടിയതെന്നാചാര്യൻ

# നനഞ്ഞിടം കുഴിക്കുന്നവർ...

ശ്രീവത്സലൻ നമ്പൂതിരി
എം.ബി.എസ്. കേന്ദ്ര ജനറൽ സെക്രട്ടറി

കഴിഞ്ഞ കുറെ ദിവസങ്ങളായി ബ്രാഹ്മണ സമൂഹത്തിനു നേരിട്ടും സാമൂഹിക മാധ്യമങ്ങൾ വഴിയും നടക്കുന്ന വംശീയ അധിക്ഷേപങ്ങൾക്കും ജാതിസ്പർദ്ധ വർധിപ്പിക്കുന്ന രീതിയിലുള്ള പരാമർശങ്ങൾക്കുമെതിരെ മലയാള ബ്രാഹ്മണ സമാജം (MBS) ശക്തമായി പ്രതിഷേധിക്കുന്നു.

കേരളത്തിലെ ന്യൂനപക്ഷങ്ങളിൽ ന്യൂനപക്ഷമായ മലയാള ബ്രാഹ്മണർക്കെതിരെ നടക്കുന്ന ഇത്തരം കുത്സിത പ്രവർത്തനങ്ങൾ അത്യന്തം അപലപനീയവും ജുഗുപ്സാവഹവുമാണ്.

ഗതകാല ചരിത്രത്തിന്റെ നാൾ വഴികളിൽ നിലനിന്നിരുന്ന ബ്രാഹ്മണാധിപത്യത്തിന്റെ പേരിൽ ഇന്നും വിചാരണ ചെയ്യപ്പെടുന്ന ഒരു സമൂഹത്തെ നാനാ ദിക്കിൽ നിന്നും വളഞ്ഞാക്രമിക്കുന്നതിന്റെ നേർകാഴ്ചകളാണ് ദിനം പ്രതി പുറത്ത് വരുന്നത്. സമീപകാലത്തുണ്ടായ ചില പ്രധാന വിഷയങ്ങളിലേക്ക് MBS വിരൽ ചൂണ്ടുന്നു. മന്ത്രി ശ്രീ M B രാജേഷ് നടത്തിയ പരാമർശത്തിൽ കേരളത്തിന്റെ ആചാര്യൻ ശങ്കരാചാര്യരല്ല മറിച്ച് ശ്രീ നാരായണ ഗുരുവാണ് എന്ന പ്രസ്താവനയിൽ MBS ന്റെ കടുത്ത പ്രതിഷേധം ഇവിടെ രേഖപ്പെടുത്തുന്നു.

അടുത്തപേജിൽ തുടർച്ച...

---

കാൽ കഴുകുന്ന ഹിമാലയ താഴ്‌വാര ഭൂമി. അവരുടെ മഹാ ത്യാഗങ്ങൾക്കു മുകളിലാണീ നമ്മുടെ സൗഭാഗ്യ സുന്ദര സുരക്ഷിത സുഖ സൗധം ഉയർന്നു നിൽക്കുന്നത് എന്നത് മറക്കരുത് .

പാക്കിസ്താനിലും ബംഗ്ലാദേശിലും ലെബനോനിലും മതന്യുനപക്ഷങ്ങളെ നിഷ്കരുണം വെട്ടിയരിഞ്ഞ മത തീവ്രവാദികൾക്ക് പ്രത്യക്ഷവും പരോക്ഷവുമായി പിന്തുണയേകുകയും ഭാരതത്തിന്റെ മണ്ണിൽ ന്യൂനപക്ഷാവകാശങ്ങൾ ആവോളം ആസ്വദിക്കുകയും ചെയ്യുന്ന രാഷ്ട്ര വിരുദ്ധശക്തികളെയും വോട്ടുബാങ്ക് രാഷ്ട്രീയത്തിന്റെ പേരിൽ സകല രാജ്യദ്രോഹികൾക്കും സഹായം നൽകാൻ വെമ്പൽ കൊള്ളുന്ന രാഷ്ട്രീയ- ഭരണ വർഗ്ഗങ്ങളെയും അറിയാതെ പോലും സഹായിക്കുന്നത് പരിഹാരമില്ലാത്ത പാപമാകും എന്ന് ഈ വൈകിയ വേളയിലെങ്കിലും നമ്മൾ തിരിച്ചറിയണം.

ഭാരതം മതേതരമായി നിലനിൽക്കുന്നത് ഹൈന്ദവ ദർശനങ്ങളുടെ അതിവിശാലമായ കാഴ്ചപ്പാടിന്റെ ഗരിമയാലും അതിന്റെ ജന മനസ്സുകളിലെ ആഴമേറിയ വേരോട്ടത്താലുമാണ്. എല്ലാ മതങ്ങൾക്കും തുല്യ പരിഗണന നൽകുന്ന ഒരു മതനിരപേക്ഷ രാഷ്ട്രമായി ഭാരതം ഇനിയും നിലനിൽക്കണമെങ്കിൽ ഈ ആർഷ ഭാരത ഹൈന്ദവ സാംസ്ക്കാര ചന്ദന സിന്ദൂരതിലകം നമ്മുടെ നെറ്റിയുടെ ഉള്ളിലും പുറത്തും ഉണ്ടാവണം.

സോഷ്യലിസത്തെയും നവോത്ഥാനത്തെയും പുരോഗമനവാദത്തെയും ഹൃദയത്തിലേക്ക് ആത്മാർത്ഥമായി സ്വീകരിച്ച അനേകം മനകളും ഇല്ലങ്ങളും പൂണൂൽ ധാരികളും തങ്ങൾക്കുള്ള ഭൗതികവും ആത്മീയവുമായ സമ്പത്തുകൾ നഷ്ടപ്പെടുത്തിയതല്ലാതെ ഒന്നും നേടിയില്ല. മറക്കുടയ്ക്കുള്ളിലെ മഹാനരകവും അനേകം ദുരാചാരങ്ങളുടെ കൂത്തരങ്ങും ആയിരുന്നു അന്നത്തെ ഒരു നല്ല ശതമാനം ബ്രാഹ്മണാലയങ്ങളും എന്നതാവാം, 'നമ്മളു കൊയ്യും വയലെല്ലാം നമ്മുടേതാകുന്ന' വാഗ്ദത്ത ഭൂമിയെ സ്വപ്നം കാണാൻ പുരോഹിതവർഗ്ഗത്തെയും പ്രേരിപ്പിച്ചത്. മനയായാലും രാജ്യമായാലും സാംസ്കാരത്തിന്റെ പിടി വിട്ടാൽ അരാജകത്വം കൊടി കുത്തുമെന്നർത്ഥം .

എന്നിട്ടോ വയലുകളൊന്നും ആർക്കും കിട്ടിയില്ല. ഉർവ്വര ഭൂമികൾ ഊഷരമായെന്നു മാത്രമല്ല സമൂഹം സന്തോഷപൂർവം ജന്മിത്വത്തിൽ നിന്ന് മുതലാളിത്തത്തിലേക്കു മാറി നിൽക്കുകയും ചെയ്തു.

വ്യംഗ്യമായിപ്പറഞ്ഞാൽ, ചന്ദനപ്പൊട്ട് മായ്ച്ചാൽ ഇപ്പോൾ കൈയ്യടി കിട്ടിയെന്നിരിക്കും. പക്ഷേ അനതിവിദൂരഭാവിയിൽ ചന്ദനം തൊട്ടാൽ അടി കിട്ടുന്ന അവസ്ഥ സംജാതമാകാനുള്ള സാദ്ധ്യതകളെ ഇല്ലാതാക്കാനുള്ള സാമൂഹിക ബോധം നമുക്കുണ്ടാകേണ്ടതുണ്ട്, ഈ ഭാരതമണ്ണിൽ.

വിഷയം കൂടുതൽ സങ്കീർണമാക്കുന്നില്ല. ഈ മഹാരാഷ്ട്രത്തിന്റെ ഐശ്വര്യ പൂർണമായ നിലനില്പിനായി നമുക്ക് നമ്മുടെ സാംസ്ക്കാരികത്തനിമയുമായി ചേർന്ന് നിൽക്കാം - ആരെല്ലാം എതിർത്താലും, ആരെല്ലാം യാഥാസ്ഥികരെന്നു ആക്ഷേപിച്ചാലും

'ജനനീ ജന്മ ഭൂമിശ്ച സ്വർഗ്ഗാദപി ഗരീയസീ '
(ജനനിയും ജന്മഭൂമിയും സ്വർഗത്തേക്കാൾ മഹത്തരമാണ് ).

*ഹരി* പത്രാധിപർ



കൃപ കൂടാതെ പീഡിപ്പിച്ചീടുന്ന
നൃപൻ ചത്തു കൃമിയായ് പിറക്കുന്നു.

ജീവിച്ച കാലഘട്ടത്തിലെ നവോത്ഥാന നായകനായിരുന്നു ശങ്കരാചാര്യർ, ശ്രീശങ്കരന്റെ മതം തന്നെയാണ് നമ്മുടെയും എന്നും ശ്രീശങ്കരൻ പറഞ്ഞതിനപ്പുറം നമുക്കൊന്നും പറയാനില്ലെന്നും ശ്രീനാരായണഗുരുദേവൻ പറഞ്ഞത് പ്രസിദ്ധമാണ്. ബഹു. മന്ത്രിയുടെ പരാമർശം ഇതറിയാത്തതുകൊണ്ടല്ല, മറിച്ചു അത് രാഷ്ട്രീയമായ നേട്ടത്തിനാണ് എന്ന് സംശയിച്ചാൽ തെറ്റുണ്ടാവില്ല. മഹാത്മാക്കളായ ശ്രീ നാരായണഗുരുവും, ചട്ടമ്പിസ്വാമികളും മറ്റ് യോഗിവര്യന്മാരും നൽകിയ സംഭാവനകളെ MBS ബഹുമാനപൂർവ്വം സ്മരിക്കുന്നതോടൊപ്പം അവരുടെ നവോത്ഥാന സംഭാവന കളെ അർഹിക്കുന്ന ആദരവോടെ അംഗീകരിക്കുകയും ചെയ്യുന്നു. അവർ നടത്തിയ സാമൂഹികൈക്യശ്രമങ്ങളെ തുരങ്കം വെക്കുന്നതും ഒരു വിഭാഗത്തിനെ പുകഴ്ത്താനായി മറു വിഭാഗത്തിന്റെ വികാരങ്ങളെ ഇകഴ്ത്തുന്നതുമായ മന്ത്രിയുടെ പ്രസ്താവനയ്ക്കെതിരെ ശക്തമായി പ്രതിഷേധിക്കുകയും ചെയ്യുന്നു.

**കലോത്സവ പാചകവും പഴയിടവും**

ഭക്ഷണത്തിൽ പോലും ജാതി കലർത്തുകയും പാചകം ചെയ്യുന്ന വ്യക്തിയുടെ ജാതി വേരുകൾ അന്വേഷിച്ചു പോവുകയും അതിൽ ബ്രാഹ്മണ മേധാവിത്വം ആരോപിക്കുകയും ചെയ്യുന്ന സമീപകാല സാമൂഹിക വിപത്തിനെയും MBS വളരെ ഗൗരവപൂർവം കാണുന്നു. മലയാളക്കരയിലെ ജനസംഖ്യയിൽ ഏകദേശം 1% താഴെ മാത്രം വരുന്ന ബ്രാഹ്മണരിൽ ഭൂരിഭാഗവും കുലത്തൊഴിലായ ശാന്തി വൃത്തിയിലൂടെ ഉപജീവനം നടത്തുന്നവരാണ്. ഏതു തൊഴിലും ചെയ്യാൻ ഉറപ്പു തരുന്ന ഒരു ഭരണഘടന നിലവിലുള്ള ഭാരതത്തിൽ എല്ലാ തൊഴിലിനും മഹത്വമുണ്ടെന്ന പ്രത്യേയ ശാസ്ത്രം ഉത്ഘോഷിക്കുന്ന എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളും ഇക്കാര്യത്തിൽ ശക്തമായി പ്രതിരോധിച്ചുവോ എന്ന് MBS സംശയിക്കുന്നു. അതിനാൽ സാമൂഹ്യമായ ഭിന്നത സൃഷ്ടിക്കുന്ന ഇത്തരം പ്രവണതകളെ അതർഹിക്കുന്ന ഗൗരവത്തോടെ MBS സമീപിക്കുന്നു. ഇത്തരം സാമൂഹിക വിപത്തുകൾക്കെതിരെ ജാഗരൂകരാകണമെന്നു അംഗങ്ങളോട് അഭ്യർത്ഥിക്കുന്നു. ബ്രാഹ്മണ ഹിന്ദുത്വ ഫാസിസ്റ്റ് വിരുദ്ധ മുന്നണിയുടേതായി സമൂഹ മാധ്യമങ്ങളിൽ പ്രചരിക്കുന്ന ഒരു നോട്ടീസിൽ ബ്രാഹ്മണ മേധാവിത്വത്തിനെതിരെ ശക്തമായ പ്രതിഷേധം ഉയർന്നു വരണമെന്നും ബ്രാഹ്മണർ ഫാസിസ്റ്റുകളാണെന്നുമുള്ള പരാമർശം

അങ്ങേയറ്റം നിന്ദ്യവും, വസ്തുതാ വിരുദ്ധവുമാണ്. ' ലോകാ സമസ്താ സുഖിനൗ ഭവന്തു' എന്ന വാക്യത്തെ സാധൂകരിക്കുന്ന രീതിയിലുള്ള ജീവിതചര്യയാണ് ഭൂരിഭാഗം ബ്രാഹ്മണരും അനുവർത്തിക്കുന്നത്. സമൂഹ നന്മയെ ലാക്കാക്കി ജീവിക്കുന്ന ഇക്കൂട്ടരെ ഫാസിസ്റ്റുകളാക്കിയും മേധാവികളാക്കിയും ചിത്രീകരിക്കുന്നത് മിതമായ ഭാഷയിൽ പറഞ്ഞാൽ ക്രൂരവും നിന്ദ്യവുമാണ്. ഇത്തരം പ്രവണതകൾ സമൂഹത്തിൽ കൂടുതൽ കൂടുതൽ ജാതീയമായ പുഴുക്കുത്തുകൾ ഉണ്ടാക്കാൻ മാത്രമേ സഹായിക്കുകയുള്ളൂ എന്ന് ഈ മുന്നണിയുടെ പിന്നിലുള്ള വ്യാജസാമൂഹിക പരിഷ്കർത്താക്കളെ വിനയപൂർവം ഓർമിപ്പിക്കുന്നു.

**സാമൂഹിക മാധ്യമത്തിൽ വന്ന ശ്രീ വി.റ്റി. ബൽറാം Ex. MLA യുടെ ബ്രാഹ്മണ നിഷേധമായ കുറിപ്പ്**

ബ്രാഹ്മണരിൽ ദാരിദ്ര്യമനുഭവിക്കുന്നവർ ഇല്ലെന്നും ഭക്ഷണം തൊണ്ടയിൽ നിന്ന് ഇറങ്ങാത്തത് രോഗലക്ഷണമാണെന്നും കാണിച്ചു ഈ പൊതുപ്രവർത്തകൻ ഇട്ട പോസ്റ്റ് അദ്ദേഹത്തിന്റെയോ അദ്ദേഹം പ്രതിനിധീകരിക്കുന്ന പ്രസ്ഥാനത്തിന്റെയോ ജീർണതയാണ് കാണിക്കുന്നത്. അദ്ദേഹത്തിന്റെ സ്വന്തം തട്ടകമായ പാലക്കാട് മാത്രം പരിശോധിച്ചാൽ ഉപജീവനത്തിന് കഷ്ടപ്പെടുന്ന എത്രയോ ബ്രാഹ്മണ കുടുംബങ്ങളെ കാണാൻ സാധിക്കും.

'ഹവിസ്സ്' പോലെയുള്ള MBS ന്റെ സംരംഭങ്ങൾ തന്നെ ഇക്കാര്യത്തിലുള്ള നിജസ്ഥിതി ബോധ്യമാകാൻ സഹായിക്കും. ഇതാണ് വാസ്തവമെന്നിരിക്കെ ആർക്കും കുതിര കയറാൻ പറ്റിയ ഒരു ജനവിഭാഗമായി ബ്രാഹ്മണസമുദായം മാറിക്കൊണ്ടിരിക്കുന്നു എന്നത് നിരാശാജനകമാണ്. ആയതിനാൽ ജനാധിപത്യത്തിന്റെ ദന്തഗോപുരത്തിൽ വസിക്കാതെ താഴെ ഇറങ്ങി വന്നു സമൂഹിക യാഥാർഥ്യങ്ങളെ അദ്ദേഹം തിരിച്ചറിയണമെന്ന് അഭ്യർത്ഥിക്കുന്നു.

മേൽവിവരിച്ച സമകാലീക സാമൂഹ്യ സംഭവങ്ങളുടെ പശ്ചാത്തലത്തിൽ ബ്രാഹ്മണരുടെ ജീവിത സാഹചര്യം ദുർബലപ്പെടുത്തുവാനും ഇല്ലാത്ത ബ്രാഹ്മണിക്കൽ ഹെജിമണി ഉപയോഗിച്ച് ഒറ്റപ്പെടുത്തുവാനുമുള്ള ചില സാമൂഹ്യവിരുദ്ധ/വർഗീയ ശക്തികളുടെ പരിശ്രമങ്ങളെ സമൂഹം ഒന്നാകെ നിരുത്സാഹപ്പെടുത്തണമെന്നും അത്തരം കുത്സിതശ്രമങ്ങളെ ഒന്നായി നിന്ന് ചെറുത്ത് തോത്പിക്കുവാൻ MBS മുൻപന്തിയിൽ തന്നെ ശക്തമായി നിലകൊള്ളുന്നതാണെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

(മാധ്യമങ്ങൾക്ക് പ്രസിദ്ധീകരണങ്ങൾക്ക് നൽകിയത്)



അവരാർദ്രചിത്തന്മാരപഹാസപാത്രങ്ങ-
ളവരുടെ ദുരിതങ്ങളെന്നൊടുങ്ങാൻ

# ബ്രാഹ്മണ്യത്തിന്റെ സമകാലിക പ്രസക്തി

അമ്പിളി പി താമരശ്ശേരി
മാലം – 9847989402

ബ്രാഹ്മണ്യം നിലനിൽക്കേണ്ടതിന്റെ ആവശ്യകത എന്താണ്? സമൂഹത്തിലെ പല വിഭാഗങ്ങളിൽ നിന്നും സ്വന്തം സമുദായത്തിൽ നിന്നു തന്നെയും ഇത്തരം ചോദ്യങ്ങൾ ഉയരുമ്പോൾ, പ്രത്യേകിച്ചും ബ്രാഹ്മണർ വംശീയ അധിക്ഷേപം നേരിടുന്ന സമകാലിക സാഹചര്യത്തിൽ സ്വയം ചിന്തിക്കുകയും അതിന് ഉത്തരം കണ്ടെത്തുകയും ചെയ്യേണ്ട കടമയിൽ നിന്നും പിന്മാറുന്നത് ശരിയല്ല. മാത്രമല്ല ബ്രാഹ്മണൻ എന്ന് അഭിമാനിക്കുന്ന ഓരോരുത്തരും ഈ ചോദ്യങ്ങളുടെ ഉത്തരം കണ്ടെത്താൻ ബാദ്ധ്യസ്ഥരുമാണ്.

ഭാരതീയ സംസ്കാരത്തിൽ ബ്രാഹ്മണരുടെ പങ്ക് എന്തായിരുന്നു അത് നഷ്ടമാവുന്നതു കൊണ്ട് നാടിന് എന്ത് കോട്ടമാണ് ഉണ്ടാവുക ഈ പ്രശ്നങ്ങൾക്ക് മറുപടി ലഭിക്കുമ്പോഴാണ് നമ്മുടെ അസ്തിത്വം നാം തന്നെ തിരിച്ചറിയുന്നത്

'ചാതുർവർണ്യം മയാസൃഷ്ടം ഗുണ കർമ്മ വിഭാഗശ' എന്ന ഗീതാ വചനത്തിൽ നിന്നു തന്നെ ആരംഭിക്കാം. ഗുണവും കർമ്മവും അനുസരിച്ച് നാല് ജാതികളാണ് ഉണ്ടായിരുന്നത് എന്ന് ഭഗവദ്ഗീത പറയുന്നു 'ബ്രഹ്മണാ പൂർവ്വസൃഷ്ടം ഹി കർമ്മഭിർ വർണതാം ഗതം' എന്ന് മഹാഭാരതം. ബ്രഹ്മാവിനാൽ സൃഷ്ടിക്കപ്പെട്ട എല്ലാവരും ബ്രാഹ്മണർ ആയിരുന്നു. പിന്നീട് കർമ്മം കൊണ്ട് ഓരോരുത്തരും പല വർണ്ണങ്ങളെ പ്രാപിച്ചു. അതായത് ഒരാളുടെ കർമ്മമാണ് അയളുടെ ജാതി നിർണ്ണയിക്കുന്നതിലെ പ്രധാന ഘടകം. അപ്പോൾ നമുക്ക് ബ്രാഹ്മണരായിരിക്കാൻ സവിശേഷമായ ചില ഗുണങ്ങളും അതിനനു സരണമായ കർമ്മങ്ങളും ഉണ്ടായിരിക്കണം എന്ന് വ്യക്തം.

സാഹസപ്രിയരും കോപിഷ്ഠരും വിഷയസുഖകാംക്ഷികളുമായവർ ക്ഷത്രിയരായിത്തീർന്നു. പശുപാലനവും ഉഴവും തന്റെ വൃത്തിയായി സ്വീകരിച്ചവർ വൈശ്യരായി. കൊലയും കളവും പ്രവർത്തിച്ചവർ ശൂദ്രനായി അപ്പോൾ ബ്രാഹ്മണരെന്ന് അഭിമാനിക്കണമെങ്കിൽ നമുക്ക് എന്തെല്ലാം ഗുണങ്ങൾ ഉണ്ടാവണം? കോപിഷ്ഠരും വിഷയാനുരക്തരും ധനസമ്പാദനത്വരയുള്ളവരും തമോഗുണം ശീലിച്ചവരും ആകാൻ പാടില്ല ബ്രാഹ്മണർ. ഇവിടെയാണ് നാം ആത്മപരിശോധനയ്ക്ക് തുനിയേണ്ടത് ഈ വക ഗുണങ്ങളെ വെടിഞ്ഞ് സാത്വിക ഗുണം ഉള്ളവരായിരിക്കാൻ നമുക്ക് സാധിക്കുന്നുണ്ടോ?

സത്യം സഹിഷ്ണുത സമഭാവന നിഷ്കാമ ഭക്തി അഹിംസ തുടങ്ങിയ ഗുണങ്ങളോടു കൂടി യമനിയമങ്ങൾ അനുസരിച്ച് പ്രകൃതിയോട് ചേർന്ന് ജീവിക്കുന്നവരാകണം ബ്രാഹ്മണർ. ഇത്തരത്തിൽ ബ്രാഹ്മണ്യത്തിന്റെ അവകാശികളാകാൻ ബ്രാഹ്മണരെന്ന് അഭിമാനിക്കുന്ന നമുക്ക് അർഹതയുണ്ടോ

തീർച്ചയായും നമുക്ക് അതിന് അർഹതയുണ്ട് എന്ന് വേണം കരുതാൻ. നമ്മുടെ സമുദായത്തിലെ ഭൂരിഭാഗം അംഗങ്ങളും പൂജയോ പഠനമോ അദ്ധ്യാപനമോ തൊഴിലാക്കിയവരാണ്.

'അധ്യാപനം അദ്ധ്യയനം
യജനം യാജനം തഥാ
ദാനം പ്രതിഗ്രഹം ചൈവ
ബ്രാഹ്മണാനാമകല്പയത്'

ബ്രാഹ്മണരുടെ പാരമ്പര്യ കുലത്തൊഴിലായി ഇവയാണല്ലോ കൽപ്പിച്ചിട്ടുള്ളത്

നമ്മുടെ സമുദായാംഗങ്ങൾ ഭൂരിഭാഗവും ഇന്നും ശാരീരികവും മാനസികവുമായ പരിശുദ്ധി കാത്തുസൂക്ഷിക്കാൻ ശ്രമിക്കുന്നവരാണ്. അതിനനുസൃതമായ ഭക്ഷണക്രമം ശീലിക്കുന്നവരാണ്. നമ്മുടെ യുവതലമുറ ആധുനിക വിജ്ഞാനങ്ങളെ കൈപ്പിടിയിൽ ഒതുക്കാൻ എന്നും മുൻപന്തിയിൽ തന്നെ ഉണ്ട്. അധ്യയനവും അധ്യാപനവും ആണല്ലോ ബ്രാഹ്മണ കർമ്മങ്ങളിൽ പ്രഥമസ്ഥാനത്ത് നിൽക്കുന്നത്. പൂർണ്ണമായ ബ്രാഹ്മണ ലക്ഷണങ്ങൾ കൃത്യമായി പാലിക്കാൻ കഴിഞ്ഞില്ലെങ്കിലും അതി നായി പരിശ്രമിക്കുന്നവരാണ് ബ്രാഹ്മണ സമുദായാംഗങ്ങൾ. അതുകൊണ്ടു തന്നെ മറ്റ് വിഭാഗങ്ങളെ അപേക്ഷിച്ച് ബ്രാഹ്മണ സമുദായത്തിൽനിന്നും അക്രമിയോ കൊലപാതകിയോ മോഷ്ടാവാ ഉണ്ടാകുന്നില്ല എന്നും നമുക്ക് അഭിമാന പൂർവ്വം പറയാം

ഇവിടെയാണ് ബ്രാഹ്മണ്യം നിലനിർത്തേണ്ട ഗുണമാണോ കാത്തുസൂക്ഷിക്കപ്പെടേണ്ടതാണോ എന്ന ചോദ്യം പ്രസക്തമാകുന്നത്. അക്രമവും സ്വാർത്ഥതയും അധികാര മോഹവും ധനസമ്പാദനവും മാത്രം ജീവിത ലക്ഷ്യമായി കരുതുന്ന മനോഭാവം എന്നും സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും നാശത്തിലേക്ക് മാത്രമേ വഴിതെളിച്ചിട്ടുള്ളൂ യമനിയമശീലങ്ങൾ ഉള്ളവരുടെ ശാന്തസ്വഭാവികളുടെ സാന്നിധ്യമാണ് എന്നും മാനവസമൂഹത്തിനെ മുന്നോട്ട് നയിച്ചിട്ടുള്ളത്. അഹിംസയിലൂടെ സ്വാതന്ത്ര്യം നേടിയ മറ്റൊരു രാജ്യവും ഈ ഭൂമിയിൽ ഇല്ല തന്നെ.




അവരുടെ ഹൃദ്രക്തമൂറ്റിക്കുടിച്ചവ-
രവകാശഗർവ്വം നടിച്ചിടട്ടെ

ഏതുകാലത്തും സമൂഹത്തിൽ ഉണ്ടാകുന്ന ഏതു പ്രശ്നത്തിലും സാത്വിക നിലപാടെടുത്ത് പരിഹാരം കണ്ടെത്താൻ ബ്രാഹ്മണ സമൂഹത്തിനുള്ള കഴിവ് ഇന്നും പൂർണമായി നശിച്ചിട്ടില്ല. ഉദാഹരണമായി വർഗീയ പരാമർശങ്ങളെ ആളിക്കത്തിച്ച് ഒരു സാമൂഹിക വിപത്താക്കി മാറ്റാമായിരുന്നു. കലോത്സവ ഭക്ഷണ വിവാദത്തെ എത്ര സാത്വികതയോടെയാണ് പഴയിടം മോഹനൻ നമ്പൂതിരി പുഞ്ചിരിയോടെ കൈകാര്യം ചെയ്തത്. ഒരു വ്യക്തിയെ ബ്രാഹ്മണ്യത്തിന്റെ പ്രതിനിധിയാക്കാൻ അല്ല ഈ ഉദാഹരണം പറഞ്ഞത്, മറിച്ച് ഇത്തരം നിലപാടുകൾ സ്വീകരിക്കാനുള്ള കഴിവ് നമ്മുടെ സമൂഹത്തിന് ഇന്നുമുണ്ട് എന്ന വസ്തുത ബോധ്യപ്പെടുത്താനാണ്.

സാത്വികസ്വഭാവത്തിനോടൊപ്പം ബ്രാഹ്മണ്യത്തിന്റെ മറ്റൊരു മുഖമുദ്രയായിരുന്നു അറിവിനോടുള്ള ആഭിമുഖ്യം. അറിവ് സമ്പാദിക്കാനും പഠിക്കാനും വളർത്താനും ബ്രാഹ്മണ സമുദായം എന്നും മുൻകൈ എടുത്തിരുന്നു. പണ്ട് പഠിക്കാനുള്ള അവസരങ്ങൾ കൂടുതലായി ലഭിച്ചിരുന്നത് ബ്രാഹ്മണ സമുദായത്തിന് ആയിരുന്നെങ്കിൽ ഇന്ന് അത്തരം അവസരങ്ങൾ എല്ലാ സമുദായത്തിനും ഒരുപോലെ ലഭ്യമാണ് എങ്കിലും അറിവിനോടും പഠനത്തോടും അധ്യാപനത്തോടുമുള്ള നമ്മുടെ ആഭിമുഖ്യത്തിൽ നിന്നും പിന്നോട്ട് പോകാതിരിക്കാൻ നമ്മൾ ശ്രദ്ധിക്കേണ്ടതുണ്ട് കാരണം സമൂഹത്തിന്റെ ഗതി നിർണയിക്കുന്നതിൽ പരമ പ്രധാനമായ ഒന്നാണ് വിജ്ഞാനം. അത് ഇരുതലയുള്ള മൂർച്ചയുള്ള ആയുധം പോലെ സമൂഹത്തിന് മുന്നോട്ട് നയിക്കാനും അതുപോലെ നശിപ്പിക്കാനും കെൽപ്പുള്ള ഒന്നാണ്. വിജ്ഞാനം സമചിത്തതയോടെ ഉപയോഗിച്ച് സമൂഹത്തിന് ഗുണകരമായ മാറ്റങ്ങൾ വരുത്താനുള്ള നമ്മുടെ കഴിവും സമൂഹത്തിന്റെ നിലനിൽപ്പിന് ആവശ്യമാണെന്ന് നാം തിരിച്ചറിയേണ്ടതുണ്ട്

ബ്രാഹ്മണ്യം എന്നത് കേവലം ഒരു ജാതി മാത്രമല്ല. അതൊരു മനോഭാവമാണ് അത് ഒരു ജീവിതചര്യയാണ്.ആ മനോഭാവം നിലനിൽക്കേണ്ടത് ബ്രാഹ്മണന്റെ മാത്രം ആവശ്യമല്ല മറിച്ച് സമൂഹത്തിന്റെ നിലനിൽപ്പിന്റെ കൂടി ആവശ്യമാണ്. പരമ്പരാഗതമായി ബ്രാഹ്മണ്യത്തിന്റെ അവകാശികളാകാൻ ഭാഗ്യം ലഭിച്ച നമ്മൾ സമൂഹത്തെ മുന്നോട്ട് നയിക്കുന്നതിന് ആവശ്യമായ വിജ്ഞാനവും മനോനിയന്ത്രണവും ആർജ്ജിച്ച് അതിന് അനുസരണമായ ജീവിതചര്യ ശീലിച്ച് 'ശമമേ ശീലിച്ചെഴും സിംഹ'ങ്ങളായി മുൻപോട്ട് പോകേണ്ടത് കാലത്തിന്റെ ആവശ്യമാണ് എന്ന വസ്തുത ബോധ്യപ്പെടുമ്പോഴാണ് ബ്രാഹ്മണ്യത്തിന്റെ സമകാലിക പ്രസക്തി തിരിച്ചറിയപ്പെടുന്നത്.ബ്രാഹ്മണരുടെ കൂടിച്ചേരലുകൾ സംഘടിപ്പിച്ചും സദസ്സുകളിൽ ഇത്തരം പ്രശ്നങ്ങൾ ഗൗരവപൂർവ്വം ചർച്ചചെയ്തും യുവതലമുറയ്ക്ക് ഒത്തുചേരാനും അവരുടെതായ സംശയങ്ങളും അഭിപ്രായങ്ങളും പങ്കുവയ്ക്കാനും അവസരങ്ങൾ ഒരുക്കിയും കാലം നമ്മുടെ മുമ്പിൽ എത്തിച്ചിരിക്കുന്ന ഈ വെല്ലുവിളികളെ അതിജീവിച്ചുകൊണ്ട് മുന്നേറാൻ ബ്രാഹ്മണ സമുദായത്തിന് കഴിയട്ടെ. ബ്രാഹ്മണ്യം നിലനിൽക്കേണ്ടതിന്റെ സാമൂഹികമായ ആവശ്യകതയെക്കുറിച്ച് ഉള്ള ഒരു ചെറിയ ചിന്ത മാത്രമാണ് ഈ ലേഖനത്തിൽ പങ്കുവെച്ചിരിക്കുന്നത് ഇതുപോലെ ഇന്ന് ബ്രാഹ്മണ്യം ഏതെല്ലാം തലങ്ങളിൽ പ്രസക്തമാകുന്നു എന്ന ഗൗരവപൂർണ്ണമായ ഒരു ചർച്ചയ്ക്ക് ആരംഭം കുറിക്കാനും അറിവുകൾ പങ്കുവയ്ക്കപ്പെടാനുമുള്ള അവസരം ഒരുങ്ങേണ്ടതും അത്യന്താപേക്ഷിതമാണ്.






നമുക്കു നാമേ പണിവതു നാകം
നരകവുമതുപോലെ

# ഇന്ത്യ – ചൈന: മത്സരം, ഏറ്റുമുട്ടൽ... മുന്നോട്ടെങ്ങനെ പോകാം ?

Brig.(Rtd) സനൽ കുമാർ
മൂലവള്ളിൽ ഇല്ലം, തിരുവനന്തപുരം

അടുത്ത ആഗോള വൻശക്തിയായ ചൈനയെക്കുറിച്ച് നമുക്കെല്ലാവർക്കും അറിയാം. ഇന്ത്യയോട് അതൃപ്തി കാണിക്കുകയും ഇന്ത്യയ്ക്കെതിരെ സൗഹൃദമില്ലാത്ത പാകിസ്ഥാൻ പോലുള്ള രാജ്യങ്ങളുമായി സജീവമായി ഒത്തുചേരുകയും അല്ലെങ്കിൽ ഇന്ത്യയെ അസ്വസ്ഥമാക്കാൻ അയൽപക്കത്തുള്ള ഇന്ത്യാ അനുകൂല സ്ഥാപനങ്ങളെ അസ്ഥിരപ്പെടുത്തുകയും ചെയ്യുന്ന ഒരു രാജ്യമാണ് ചൈന. സമീപകാലത്ത് ചൈനയുടെയും ഇന്ത്യയുടെയും സായുധ സേനകൾ തമ്മിലുള്ള ഏറ്റുമുട്ടലുകൾ കൃത്യമായി എന്തുകൊണ്ടാണ് സംഭവിക്കുന്നതെന്നും എന്തുകൊണ്ടാണ് നമുക്ക് ഈ വേതാളത്തിൽ നിന്ന് രക്ഷപ്പെടാൻ കഴിയാത്തത് എന്നതും നമ്മെ ആശ്ചര്യപ്പെടുത്തുന്നു. മുകളിലെ 'എന്തുകൊണ്ട്' എന്നതിനെ ബാധിക്കുന്ന നിരവധി ഘടകങ്ങളിലേക്ക് വായനക്കാരെ നയിക്കാനുള്ള ഒരു ശ്രമമാണ് ഈ ലേഖനം.

ഏറ്റവും കൂടുതൽ ജനസംഖ്യയുള്ളവയിൽ വെച്ച് എതിരാളികളാണ് ഇന്ത്യയും ചൈനയും. താമസിയാതെ ഇന്ത്യ 'ഏറ്റവും ജനസംഖ്യയുള്ള' പദവി അവകാശപ്പെടാൻ ഒരുങ്ങുകയാണ്. ഭൂവിസ്തൃതിയുടെ കാര്യത്തിൽ ചൈന പലമടങ്ങ് വലുതാണ്: രേഖപ്പെടുത്തപ്പെട്ടതും അല്ലാത്തതുമായ ചരിത്രപരവും നാഗരികങ്ങളുമായ മൂല്യങ്ങളും രണ്ട് രാജ്യങ്ങളിലും ഏതാണ്ട് ഒരു പോലെ കാണപ്പെടുന്നു.

പുരാതന ചരിത്രത്തിൽ ചൈനയും ഇന്ത്യയും പരസ്പരം ഇടപഴകുന്നത് വല്ലപ്പോഴും മാത്രമാണ്. മഹാന്മാരായ ആചാര്യന്മാരോ ജിജ്ഞാസുക്കളോ മാത്രമാണ് ഹിമാലയൻ ഉയരങ്ങൾ താണ്ടിയോ പ്രക്ഷുബ്ധമായ സമുദ്രപാതകൾ കടന്നോ പരസ്പരം ബന്ധപ്പെട്ടിരുന്നത്. ഗുരു പത്മസംഭവ, ബൗദ്ധ ഭിക്ഷു കുമാരജീവ തുടങ്ങിയ ബുദ്ധമത ദാർശനികർ ചൈനീസ് ചിന്തയെയും നാഗരിക മൂല്യങ്ങളെയും സംസ്കാരത്തെയും സ്വാധീനിച്ച പ്രമുഖരായ ഇന്ത്യക്കാരിൽ ഉൾപ്പെടുന്നു; ഫാ ഹിയാൻ (Fa Hien) (ചൈനക്കാർ അദ്ദേഹത്തെ ഫാ സിയാൻ (Fa Xian) എന്ന് വിളിക്കുന്നു), ഹ്യൂൻ സാങ് (Huen Tsang) (സുവാൻ സാങ് Xuan Zang) എന്നിവരുടെ യാത്രകളെക്കുറിച്ച് നമ്മൾ എല്ലാവരും പഠിച്ചിട്ടുണ്ടല്ലോ. യൂറോപ്യൻ കോളനികൾ സ്ഥാപിക്കുന്നതിനിടയിൽ ഇന്ത്യയും ചൈനയും പോലുള്ള രാജ്യങ്ങളിൽ യൂറോപ്യൻ ശക്തികൾക്കിടയിൽ ഏറ്റുമുട്ടലുകൾ ഉണ്ടായി. യൂറോപ്യൻ ശക്തികൾ പ്രാദേശികമായി സൃഷ്ടിച്ചെടുത്ത സൈന്യങ്ങൾ കോളനിവൽക്കരണ സംഘട്ടനത്തിന്റെ വിവിധ തീയറ്ററുകളിൽ തമ്മിൽ ഏറ്റുമുട്ടി. ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ സൈന്യത്തിലെ ഇന്ത്യൻ പട്ടാളക്കാരെ ചൈനീസ് വൻകരയിലെ കറുപ്പ് യുദ്ധങ്ങളിൽ ഉപയോഗിച്ചു, 'വിദേശ പിശാചുക്കളുടെ' സേവനത്തിൽ മൃഗീയ ശക്തിയുടെ സ്ഥിരമായ ചിത്രങ്ങൾ സൃഷ്ടിച്ചു.

ഇന്ത്യയുടെ സ്വാതന്ത്ര്യത്തിന്റെ ആദ്യ നാളുകളിൽ, ഇന്ന് നാടൊട്ടുക്ക് വ്യാപിച്ചു കിടക്കുന്ന ബ്യൂറോക്രസി രാജ്യത്തിനുണ്ടായിരുന്നില്ല; ഇന്ത്യയിലെ ബ്രിട്ടീഷ് സാമ്രാജ്യത്തിൽ നിന്ന് ഇന്ത്യൻ സിവിൽ സർവീസും (ഐസിഎസ്) സായുധ സേനയും ഇന്ത്യയ്ക്ക് പാരമ്പര്യതുടർച്ചയായി ലഭിച്ചു. അന്താരാഷ്ട്ര സാഹചര്യങ്ങൾ കൈകാര്യം ചെയ്യുന്നതിൽ രൂക്ഷമായ പരിചയമില്ലായ്മ കണക്കിലെടുക്കുമ്പോൾ, അന്ന് സഹായത്തിനും മാർഗനിർദേശത്തിനുമായി ബ്രിട്ടീഷുകാരെ സമീപിക്കുന്നത് സ്വാഭാവികമായിരുന്നു; ബ്രിട്ടീഷുകാർ അന്ന് നൽകിയ ഉപദേശങ്ങളും സഹായങ്ങളും ഇന്ത്യയുടെ താൽപ്പര്യങ്ങളെയല്ല, അവരുടെ സ്വന്തം താൽപ്പര്യങ്ങളെ പിന്തുണയ്ക്കുന്നതായിരുന്നുവെന്ന് തിരിഞ്ഞു നോക്കുമ്പോൾ നമുക്ക് തെളിഞ്ഞു കാണാൻ കഴിയും. ചൈനയാകട്ടെ, വളരെക്കാലം ഒരു ഏകീകൃത രാഷ്ട്രമായി ചൈനീസ് ചക്രവർത്തിമാർ ഭരിച്ചു വന്ന രാജ്യമായിരുന്നു.; ചക്രവർത്തിമാരുടെ ഭരണം അവസാനിക്കുകയും ഡോ സൺ യാട് സെന്നിന്റെയും പിന്നീട് ചിയാങ് കൈ-ഷെക്കിന്റെയും കീഴിൽ ഒരു 'ജനാധിപത്യ' സജ്ജീകരണം നിലവിൽ വന്നപ്പോഴും, ദുർബലം എങ്കിലും ചൈന ഒട്ടാകെയുള്ള ഗവൺമെന്റ് ആയി തുടർന്നു.

ആട്ടിൻ തോലിട്ട ചെന്നായ്ക്കളൊക്കെയും
ആർത്തുവിളിക്കുന്നു 'വിപ്ലവം വിപ്ലവം' !!

20-ാം നൂറ്റാണ്ടിന്റെ ആദ്യ നാളുകളിൽ, മധ്യേഷ്യയിലെയും (ഇന്നത്തെ) പടിഞ്ഞാറൻ ചൈനയിലെയും വിശാലമായ പ്രദേശങ്ങളിൽ റഷ്യൻ സാമ്രാജ്യം സ്വാധീനം ചെലുത്തിയത് ബ്രിട്ടീഷ് സാമ്രാജ്യത്തിന് വെല്ലുവിളിയായി. റഷ്യൻ ശക്തി ഈ പ്രദേശത്ത് വേരുറപ്പിക്കുന്നത് തടയാനുള്ള ശ്രമത്തിൽ, വിവരങ്ങൾ ശേഖരിക്കുന്നതിനായി ബ്രിട്ടീഷുകാർ ഈ മേഖലയിലേക്ക് നിരവധി നിരീക്ഷണ യാത്രകൾ നടത്തി, ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ കേണൽ ഫ്രാൻസിസ് യംഗ്ഹസ്ബന്റിന്റെ കീഴിൽ ടിബറ്റിലേക്കുള്ള സൈനിക പര്യവേഷണങ്ങൾ വഴി ടിബറ്റിൽ ഒരു 'ബഫർ സോൺ'(buffer zone) സൃഷ്ടിക്കാൻ ശ്രമിച്ചു.

ഈ സൈനിക പര്യവേഷണങ്ങളെ തുടർന്നുള്ള ചർച്ചകളുടെ ഫലമായി ടിബറ്റും (ബ്രിട്ടീഷ്) ഇന്ത്യയും തമ്മിലുള്ള അതിർത്തി തീരുമാനിക്കുകയും അടയാളപ്പെടുത്തുകയും ചെയ്തു, രേഖ വരച്ച ബ്രിട്ടീഷ് സിവിൽ സർവീസ് ഹെൻറി മാക്മഹന്റെ പേരിലാണ് മാക്മോഹൻ ലൈൻ എന്ന് വിളിക്കുന്നത്. ടിബറ്റിന്റെയും ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെയും പ്രതിനിധികൾ ഈ രേഖ അംഗീകരിച്ചു; എന്നിരുന്നാലും, ടിബറ്റ് നാമമാത്രമായി ചൈനീസ് സാമ്രാജ്യവുമായി 'ആലോചിക്കാൻ' ബാധ്യസ്ഥരായിരുന്നതിനാൽ, കോൺഫറൻസിലെ ചൈനക്കാരുടെ പ്രതിനിധി പെക്കിങ്ങിൽ നിന്ന് അംഗീകാരം ആഗ്രഹിച്ചതിനാൽ ഉടൻ സമ്മതിച്ചില്ല. അതിനാൽ അത് അതിർത്തിയിലുള്ളവർ അംഗീകരിച്ചു, പക്ഷേ പെക്കിങ്ങിലെ അധികാരികൾ അംഗീകരിച്ചില്ല. 1947-ൽ ഇന്ത്യൻ സ്വാതന്ത്ര്യവും ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടി 1949-ൽ പീപ്പിൾസ് റിപ്പബ്ലിക് സ്ഥാപിച്ചതും കഴിഞ്ഞു 1962-ലെ യുദ്ധത്തിലും സമീപകാല ഏറ്റുമുട്ടലുകളിലും ഈ അതിർത്തി രേഖ തർക്കങ്ങൾക്കും വിവാദങ്ങൾക്കും കാരണം ആയി.

ഓരോ രാജ്യവും അതിന്റെ അന്താരാഷ്ട്ര ഇടപാടുകളിൽ സ്വന്തം വഴി തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം തേടുന്നു; അത് വഴി സ്വന്തം ആളുകൾക്ക് പ്രയോജനപ്പെടുന്നതുപോലെ ബാഹ്യ സാഹചര്യങ്ങൾ രൂപകല്പന ചെയ്യാൻ കഴിയും. ചൈനയും ഇന്ത്യയും അങ്ങനെ തന്നെ ആണ് ചെയ്തത് .

സ്വതന്ത്ര ഇന്ത്യയുടെയും കമ്മ്യൂണിസ്റ്റ് ചൈനയുടെയും ആദ്യ വർഷങ്ങൾ ശീതയുദ്ധം രൂക്ഷമായ വർഷങ്ങളായിരുന്നു; ചേരിചേരാ പാത തിരഞ്ഞെടുത്ത് ഇന്ത്യ സ്വന്തം ജനങ്ങൾക്ക് പരമാവധി പ്രയോജനപ്പെടുത്താൻ തീരുമാനിച്ചപ്പോഴും, ചൈന സോവിയറ്റ് യൂണിയന്റെ ചേരിയിൽ ഭാഗമായിരുന്നു.

## സമാധാനം നിലനിർത്തുന്നതിനുള്ള ആത്മവിശ്വാസം വളർത്തുന്നതിനുള്ള കരാറുകളും ഉടമ്പടികളും (Confidence Building Measures and Agreements)

ഇന്ത്യയും ചൈനയും 1962 ന് ശേഷം ഔപചാരിക നയതന്ത്ര ബന്ധം പുനരാരംഭിച്ചു. അവയിൽ പ്രധാനം ഇരുഭാഗങ്ങളും തോക്കുകൾ ഉൾപ്പെടെയുള്ള സൈനിക ശക്തി ഉപയോഗിക്കില്ല എന്ന കരാറും നിയന്ത്രണ രേഖയിൽ നിന്ന് നിശ്ചിത ദൂരത്തിനുള്ളിൽ അഭ്യാസങ്ങളും പരിശീലനവും ഉൾപ്പെടെയുള്ള സൈനിക പ്രവർത്തനങ്ങൾക്ക് നിയന്ത്രണങ്ങളുമാണ്. ഇത്തരം അഭ്യാസങ്ങൾ മറുവശത്തെ അറിയിക്കാതെയുമാണ്. ഇവ വലിയതോതിൽ ക്രിയയോടൊപ്പം മുറുകെപ്പിടിച്ചിട്ടുണ്ട്

## ചൈനയ്ക്ക് എന്താണ് വേണ്ടത്?

ഇന്ത്യ രാജ്യത്ത് ഉള്ള ഗുണങ്ങൾ കണക്കിലെടുക്കുമ്പോൾ, പ്രാദേശികവും ആത്യന്തികവുമായ ആഗോള മേധാവിത്വം കൈവരിക്കാനുള്ള തങ്ങളുടെ ശ്രമങ്ങളെ മുടക്കാൻ കഴിയുന്ന ഒരു രാജ്യം ഇന്ത്യയായിരിക്കുമെന്ന് ചൈന ഈ നൂറ്റാണ്ടിന്റെ തുടക്കത്തിൽ തന്നെ നിർണ്ണയിച്ചു. ഇന്ത്യ-ചൈന ബന്ധം മിക്കവാറും എപ്പോഴും തർക്കത്തിലുള്ള അതിർത്തിയുടെ പ്രിസത്തിലൂടെയാണ് കാണുന്നത്. ചൈനക്കാർ LAC പരി ഹരിക്കുകയില്ല എന്ന് മാത്രമല്ല, ഈ മേഖലയിലും അതിന്റെ വിവിധ പ്രശ്നങ്ങളിലും ഇന്ത്യ കുടുങ്ങിക്കിടക്കുന്നുവെന്ന് ഉറപ്പാക്കുന്നതിലും സജീവമായി ഏർപ്പെട്ടിരിക്കുന്നതായി തോന്നുന്നു. നിയന്ത്രണ രേഖയിലുട നീളമുള്ള കടന്നുകയറ്റങ്ങളും അവക്ക് മുമ്പും പിമ്പും ഉണ്ടാവുന്ന ആഖ്യാനങ്ങളും അത്തരം ശ്രമങ്ങൾക്ക് മുമ്പും പിന്തുടരുന്നതുമായ മീഡിയ ഹൈപ്പും ചൈനയുടെ പതിവ് ഈ വെളിച്ചത്തിൽ തന്നെ കാണേണ്ടതുണ്ട്.

സാധ്യതയുള്ള എതിരാളികളായി ചൈന ദർശിക്കുന്ന മറ്റ് രാജ്യങ്ങളുമായി അത് ചെയ്യുന്നതുപോലെ, ഇന്ത്യയിലെ സംവിധാനങ്ങളിലെ ബലഹീനതകൾ തിരിച്ചറിയാൻ ചൈന ശ്രമിച്ചു കൊണ്ടിരിക്കുന്നു. അത്തരം ദുർബ്ബല സ്ഥലങ്ങളെ ലക്ഷ്യമിടാൻ ചൈന അതിന്റെ പക്കലുള്ള എല്ലാ കഴിവുകളും ഉപയോഗപ്പെടുത്താൻ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു. ഉദാഹരണത്തിന്, ഇന്ത്യൻ സമൂഹത്തിലെയും രാഷ്ട്രീയത്തിലെയും വൈവിധ്യവും വ്യത്യസ്തതകളും ചൂഷണം ചെയ്യേണ്ട ന്യൂനതകളായി ചൈന തിരിച്ചറിഞ്ഞിട്ടുണ്ട്.

### 'കൗട്ടോ' (kow tow) പാരമ്പര്യം

ഒരു എതിരാളിയുമായി ഇടപഴകുമ്പോൾ ഉപയോഗിക്കാവുന്ന സാമ, ദാന, ഭേദ, ദണ്ഡ പ്രക്രിയകളെക്കുറിച്ച് നമുക്ക് അറിയാം, സാമം മുതൽ ദണ്ഡം വരെ, അല്ലെങ്കിൽ ബലപ്രയോഗം വരെ അത്തരം സമ്പൂർണ്ണ മാനേജ്മെന്റ് പ്രയോഗങ്ങളിലൂടെ ചൈനീസ് ചക്രവർത്തിമാർ കലാപകാരികളായ ഗോത്രവർഗങ്ങളെ 'നിയന്ത്രിച്ചു' വന്നിരുന്നു. ചൈനയിലെ വൻമതിൽ വടക്കൻ ഗോത്രവർഗ സംഘങ്ങളെ നിയന്ത്രിക്കുന്നതിനാണ് നിർമ്മിച്ചത് എന്നത് ശ്രദ്ധിക്കേണ്ടതാണ്; മതിലിനു ഒരിക്കലും കലാപകാരികളെ അകറ്റി നിർത്താൻ കഴിഞ്ഞിട്ടില്ലെങ്കിലും മുഖ്യധാരാ ചൈനീസ് ജനതയ്ക്ക് കാണാൻ കഴിയുന്ന ക്രമസമാധാനത്തിന്റെ സാദൃശ്യം നിലനിർത്താൻ കഴിഞ്ഞു എന്ന് വേണം കരുതാൻ. നിരന്തരം കലാപത്തിൽ ഏർപ്പെട്ടിരുന്ന വിമതരെ പലപ്പോഴും ചക്രവർത്തിയുടെ സഭയിൽ ബലമായിട്ടു ഹാജരാക്കിയിരുന്നു. അവർ തുച്ഛമായ സമ്മാനങ്ങൾ കാഴ്ച വെക്കുമായിരുന്നു - മഹാനായ ചക്രവർത്തി അദ്ദേഹത്തിന്റെ മഹത്വത്തിന് അനുസൃതമായി അവർക്ക് സമൃദ്ധമായ സമ്മാനങ്ങൾ നൽകി അയക്കുകയും ചെയ്യുമായിരുന്നു. പ്രജകൾ കാണുന്നത് ചക്രവർത്തിയുടെ മുന്നിൽ കലാപകാരികളുടെ നേതാവ് ('കൗട്ടോ'വിംഗ് - 'കെ തൗ', ചൈനീസ് ഭാഷയിൽ തല കുമ്പിടുക) കുമ്പിടുന്നത് ആണെങ്കിലും അയാൾ ശരിക്കു പറയുകയാണെങ്കിൽ ലാഭമുണ്ടാക്കുക ആയിരിക്കും.

'കൗട്ടോ' - വിന്റെ ആധുനിക കാലത്തെ ആവിഷ്കാരം ചൈനയെ അനുനയിപ്പിക്കാനുള്ള ഒരു മാർഗമായിരിക്കാം; പക്ഷേ, ജനകീയ അഭിപ്രായത്തെ - വോട്ടിനെ - ആശ്രയിച്ചു അധികാരത്തിൽ വരുന്ന ഒരു രാജ്യത്തും അങ്ങനെ പരസ്യമായി ചൈനീസ് താളത്തിനൊത്തു കളിക്കുന്നത് രാഷ്ട്രീയമായി ആത്മഹത്യാപരം ആയിരിക്കാം!.

കവിത

# കണ്ണൻ

ശ്രീലത ജയകുമാർ, പറപ്പൂക്കര ശാഖ

കണ്ണനെ കണ്ടോ രാധേ കണ്ണനെ കണ്ടോ രാധേ
കണ്ണനെ കാണാഞ്ഞെന്റെ മനം തകർന്നു
പൈക്കിടാവിന്റെ ചാരേ ചെന്നിട്ടും കണ്ടതില്ല
വൃന്ദാവനത്തിലെങ്ങാൻ പോയതാണോ....
വെണ്ണവച്ചിരുന്നതും ഇന്നവൻ എടുത്തില്ല
കണ്ണന്റെ താന്തോന്നിത്തം കണ്ടോ തോഴീ...
ഗോപാലബാലന്മാരെ നിങ്ങളും കണ്ടതില്ലേ
പൂക്കളേ വല്ലികളെ പറഞ്ഞുതരൂ....
ഓടക്കുഴലിൻ നാദം കേട്ടൊരു ദിക്കുനോക്കി
അമ്മ യശോദ താനും ഗോപാലന്മാരും...
ഓടിച്ചെന്നെത്തിയപ്പോൾ കണ്ടൊരു കാഴ്ചയെല്ലാം
കണ്ടവരെല്ലാം തന്നെ മോഹിച്ചുപോയി...
.വൻപനാം പാമ്പിന്റെ പുറത്തുകയറിയിട്ട്
അൻപോടെ കുഴലൂതി നിൽപ്പൂ കണ്ണൻ....
കണ്ണാ നീയെന്തിനെന്നെ കണ്ണീർ കുടിപ്പിക്കുന്നു
കാച്ചിയ പാലും വെണ്ണ തന്നിടാം ഞാൻ...
പാഹിമാം കൃഷ്ണ കൃഷ്ണ
പാഹിമാം കൃഷ്ണ കൃഷ്ണ
നന്ദ നന്ദന കൃഷ്ണ പാഹി പാഹി...

## വേളിയാലോചന

HOROSCOPE

| | | | |
|---|---|---|---|
| ല മ ശി | | | |
| | സ്ത്രീജാതകം | | കു |
| | | | ച ശു |
| ഗു | മാ | | ര ബു സ |

**സ്ത്രീജാതകം**
ജനനം : 10- 10-1996. (06.05 pm.)
നക്ഷത്രം : ഉത്രം
ശിഷ്ട ദശ : രവി 04-07-03
Height : 160 cm
Qualification : B tech.
Job : Cybersecurity Engineer at Atos, Bangalore
Ph. : 88488 78489



വ്യാപാരമേ ഹനനമാം വനവേടനുണ്ടോ
വ്യാപന്നമായ് കഴുകനെന്നു കപോതമെന്നും

രമാദേവി എൻ.ജി.

# ഞങ്ങൾ രാമക്കൽമേട്ടിലേക്ക്...

2022 ഒക്ടോബർ 30 എന്നെ സംബന്ധിച്ചിടത്തോളം ഒരു സ്വപ്നം യാഥാർത്ഥ്യമായ ദിനമായിരിന്നു. എത്രയോ ദിവസങ്ങൾ കാത്തിരുന്നു കിട്ടിയ സുദിനം!! രാത്രിയുടെ ദൈർഘ്യത്തെ പഴിച്ചു കിടന്ന നേരം മുഴുവൻ പുലരുന്ന ദിവസത്തെക്കുറിച്ചുള്ള സ്വപ്നങ്ങൾ നെയ്യുകയായിരുന്നു. ആരൊക്കെയായിരിക്കും കൂട്ടുണ്ടാവുക? അല്ലെങ്കിൽ ആരാണ് തനിക്കറിയാൻ പാടില്ലാത്തവർ? എല്ലാവരും അറിയുന്നവർ എന്നാലും ഓർക്കുന്തോറും എല്ലാവരുടേയും മുഖത്തിന് എന്തിന്നില്ലാത്ത സന്തോഷവും ആഹ്ലാദവും കാണായി. അമ്മ അച്ഛൻ, അനിയത്തി, ചിറ്റ, അമ്മായി, മുത്തശ്ശി എല്ലാവരും ചേർന്ന് ഒരു യാത്ര. ഹായ് ഓർത്തിട്ടു വയ്യ!!

മോളേ വേഗം ഉറങ്ങിക്കോ. നാളെ നേരത്തെ എഴുന്നേൽക്കാനുള്ളതാ. അമ്മ പറഞ്ഞപ്പോൾ കണ്ണ് ഇറുക്കി അടച്ചു അനിയത്തിയെ ചേർത്തു പിടിച്ച് പുതപ്പു തലവഴി ഇട്ടു കിടന്നു.

4 മണി അലാം അടിക്കാത്തതെന്തേ?

മൊബൈൽ നോക്കി സമയം 3.45. എഴുന്നേറ്റേക്കാം.

ഇനി ഉറങ്ങിപ്പോയാൽ പണി പാളും.

മെല്ലെ എഴുന്നേറ്റ് ദിനകൃത്യങ്ങൾ ചെയ്തു തുടങ്ങിയപ്പോഴേക്കും അമ്മയും അനിയത്തിയും എഴുന്നേറ്റു വന്നു. എല്ലാവരും ഒരു കട്ടൻ കാപ്പിയും അടിച്ച്, നേരത്തെ തയ്യാറാക്കി വച്ചിരുന്ന ഡ്രസ്സുമിട്ട് റെഡിയായി. തലേന്ന് വാങ്ങി വച്ചിരുന്ന കായവറുത്തതും പക്കാവടയും എടുത്തു എന്നുറപ്പു വരുത്തി.

വണ്ടി വരാൻ കാത്തിരിപ്പായി.

കോതമംഗലത്തു നിന്നു വരുന്ന പുലരി ബസ് ആണെന്നാണ് ടൂറിന്റെ ഗ്രൂപ്പിൽ കണ്ടിരുന്നത്.

അതാ... ബസ് വന്നുവല്ലോ.

സർക്കാർ ഉത്തരവിനെ മാനിച്ച് വെള്ള പെയിന്റ് അടിച്ചിട്ടുണ്ട്. ഭാഗ്യം!!

ഞങ്ങൾക്കരികിൽ നിന്ന ബസ്സിലേക്ക് ആവേശപൂർവ്വം കയറി. സൗകര്യമുള്ള സീറ്റ് തരപ്പെടുത്തി.

ഓ സമാധാനം!!

അമ്മക്കും മുത്തശ്ശിക്കും ഇരിപ്പിടങ്ങൾ കിട്ടിയിട്ടുണ്ടെന്ന് ഉറപ്പാക്കി എല്ലാവരും കയറി വണ്ടി മെല്ലെ അടുത്ത സ്റ്റോപ്പിലേക്ക് നീങ്ങി.

ഷാർപ്പ് ടൈമിംഗ്.

പ്രസിഡന്റു പറഞ്ഞു. അടുത്ത സ്ഥലത്തുനിന്നാണത്രേ ഭക്ഷണം കയറ്റുന്നത്.

എന്തൊക്കെ ആയിരിക്കുമോ ആവോ? ഏതായാലും നന്നായി ഹോട്ടൽ ഭക്ഷണം അല്ലല്ലോ. വട്ടപ്പറമ്പിന്റെ ദേഹണ്ഡമാണെന്നാണ് പറഞ്ഞു കേട്ടത്.

നന്നാകും ഉറപ്പ്...

ഓർത്തിരുന്നപ്പോൾ തന്നെ അതാ വണ്ടി അടുത്ത സ്റ്റോപ്പ് എത്തിയല്ലോ. ഹായ്...എന്റെ കൂട്ടുകാരൊക്കെ വരുന്നുണ്ട്.

എല്ലാവരും പരസ്പരം കണ്ടു.

ഭക്ഷണസാധനങ്ങളൊക്കെ കയറ്റുന്നുണ്ട്.

ഹോ ഇത്രയൊക്കെ പാത്രങ്ങളോ???

പാവം രാത്രി ഇവർ എത്രയേറെ കഷ്ടപ്പെട്ടു കാണും.

ആ ഇങ്ങനെയുള്ള സംഘാടകരുണ്ടെങ്കിലേ ഏതു കാര്യവും വിജയിക്കൂ.

ടൂർ സംഘാടകർ എല്ലാവരും വണ്ടിയിലുണ്ട്. യാത്ര പുറപ്പെടും മുമ്പ് പോകുന്ന സ്ഥലത്തെപ്പറ്റിയും നമ്മൾ പാലിക്കേണ്ട അച്ചടക്കത്തെപ്പറ്റിയും ഒക്കെ നിർദ്ദേശം തന്നു.

ശരിയാണ് ശ്രദ്ധിക്കണം.

കിഴക്കൻ പ്രദേശമാണ്. മാനം മുട്ടുന്ന മലകളും അഗാധമായ കൊക്കകളും ഉള്ള പാതയിലൂടെയാണ് യാത്ര. ബസ്സിൽ നിന്ന് ഇറങ്ങുമ്പോഴും സ്ഥലങ്ങൾ കാണാൻ പോകുമ്പോഴും കൂട്ടം തെറ്റാതെ നോക്കണം. മുത്തശ്ശിമാരേയും വികൃതികളായ കുട്ടികളെയും ശ്രദ്ധിക്കണം.

യാത്ര ആരംഭിക്കും മുമ്പ് ശ്രീജച്ചേച്ചി പ്രാർത്ഥനാ ശ്ലോകം ചൊല്ലി.

ദൈവമേ കാത്തോളണേ.

വണ്ടി നീങ്ങി തുടങ്ങി. എല്ലാവരും ഇരിപ്പിടങ്ങളിൽ സുരക്ഷിതരാണെന്ന് സംഘാടകർ ഉറപ്പാക്കി.

എത്ര നല്ല നേതൃത്വം അല്ലേ?

ആരോ പറയുന്നതു കേട്ടു. ബസ്സിൽ ഭക്തിഗാനങ്ങൾ ഇട്ടത് കുറച്ചു സമയം അന്തരീക്ഷത്തെ ഭക്തി സാന്ദ്രമാക്കി.



പുസ്തകം ദൂരത്തെറിഞ്ഞെന്റെ കൂട്ടരി-
പ്പുത്തിലഞ്ഞിച്ചോട്ടിലൊന്നിച്ചിരിക്കുവിൻ

കുറച്ചു കഴിഞ്ഞപ്പോൾ പിൻ സീറ്റിലിരുന്ന ഞങ്ങൾക്ക് ചെറിയ മടുപ്പു തോന്നി.
ഒരു തട്ടുപൊളിപ്പൻ പാട്ട് ഇട്ടായിരുന്നെങ്കിൽ... ഒരാൾ മെല്ലെ പറഞ്ഞു. അതാരോ വിളിച്ചു ഉച്ചത്തിൽ പറഞ്ഞു.
ഞങ്ങളുടെ മടുപ്പ് തീർന്നു. പാട്ട് അടിപൊളിയായി.
ചിലരെല്ലാം തുള്ളിക്കളിക്കാനും തുടങ്ങി. സംഗതി ഉഷാറായി.
ഞങ്ങൾ അങ്ങനെ ആടിപ്പാടിപ്പോയി.
വിശപ്പിന്റെ വിളി വന്നു തുടങ്ങിയോ?
ഓ.. വണ്ടി ഡീസൽ നിറക്കാൻ പമ്പിലേക്കാണല്ലോ. അത്യാവശ്യം പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യമുണ്ട്. നേതാക്കന്മാരിൽ ഒരാൾ പറഞ്ഞു. മുത്തശ്ശി എന്നെ വിളിച്ചു ചെവിയിൽ കാര്യം പറഞ്ഞു. ശരി, ഞാനും വരാം. മുത്തശ്ശിയേയും കൂട്ടി ടോയ്‌ലെറ്റിൽ പോയി. എല്ലാവരും ഇറങ്ങി. നല്ല സൗകര്യമുള്ള സ്ഥലം. വെള്ളവുമുണ്ട്.
എന്നാൽ രാവിലത്തെ ഭക്ഷണം ഇവിടെ വച്ചാകാം. ട്രഷറർ ചേട്ടൻ പറഞ്ഞു.
എല്ലാവരും കഴിക്കാൻ റെഡിയായി.
ഇഡ്ഡലി..സാമ്പാർ..ചട്ണി..എന്റെ ഇഷ്ടവിഭവം.
ഹായ്. എല്ലാവർക്കും വേണ്ടത്ര കരുതിയിട്ടുണ്ട്.
കുട്ടികളും മുതിർന്നവരും ആവശ്യത്തിന് കഴിച്ചു കാപ്പിയും അടിച്ചു. യാത്രയിൽ കാപ്പി കൊണ്ടുപോകുന്നതാണു നല്ലത്. കേടു വരില്ല. ആരോ ഒരാൾ അഭിപ്രായപ്പെട്ടു. ശരിയാണെന്നെനിക്കും തോന്നി. ഇഡ്ഡലിയുടെ സ്വാദുകൊണ്ടോ അതു തന്ന ഊർജ്ജം കൊണ്ടോ എന്തോ. പിന്നെ വണ്ടിക്കുള്ളിൽ കലാമേളയായി.
കെ.എസ്.ഡി. അപ്ഫന്റെ ശ്ലോകം ചൊല്ലിയാണ് തുടങ്ങിയത്. എല്ലാവരും പാടി തകർത്തു. പ്രസിഡന്റു ചേട്ടന്റെ രേണുകയായിരുന്നു രസം പിടിപ്പിച്ചത്. മുരുകൻ കാട്ടാക്കടയുടെ രേണുകയെ അദ്ദേഹം സ്വന്തമാക്കി. എല്ലാവരും അഭിനന്ദിച്ചു...
ചില നിരുപദ്രവകരമായ തമാശകളും ഉണ്ടായി. പിന്നെയാണ് ഞങ്ങൾ പിൻ സീറ്റുകാർ അന്താക്ഷരിയിലേക്കു കടന്നത്. അതൊരു വാശിയേറിയ മത്സരം തന്നെയായിരുന്നുട്ടോ.

പക്ഷേ, ഞങ്ങളുടെ ഭാഗം തോറ്റുവെന്നൊരു സംശയം അപ്പോഴാണ് ഒരു നിർദ്ദേശം കേട്ടത്.
എല്ലാവരും രണ്ടു വശവും കണ്ടോളൂ. സംഘത്തിലെ മുതിർന്ന ഒരാൾ വിളിച്ചു പറഞ്ഞു. വലതു ഭാഗത്ത് മാനം മുട്ടുന്ന മല നിരകൾ. ഇടതുവശം താഴ്ചയേറിയ കൊക്കകളും.
തേയില തോട്ടവും ഏലത്തോട്ടവും... കിഴക്കൻ കേരളത്തിന്റെ മനോഹാരിത അവർണ്ണനീയം തന്നെ.
ഇടത്തു ഭാഗത്തെ വെള്ളച്ചാട്ടം കണ്ടോളൂ. ബസ് ഡ്രൈവർ പറഞ്ഞു. ഇറങ്ങണമെന്നൊക്കെ തോന്നി. എല്ലാവരും ഇറങ്ങി കയറാൻ നേരമെടുക്കും. ബസ് ഇത്തിരി സമയം അവിടെ നിർത്തി. എല്ലാവരും ദൃശ്യം ആസ്വദിച്ചു.
പാഞ്ചാലിമേടാണ് ഇത്. ഡ്രൈവർ പറഞ്ഞു.
കൊള്ളാം... എവിടെയാണാവോ ഈ പാഞ്ചാലി?
ഇനിയാണ് നമ്മുടെ ആദ്യത്തെ ലക്ഷ്യസ്ഥാനം പരുന്തുംപാറ.
ദാ എത്തിക്കഴിഞ്ഞു. ഉയരത്തിൽ നിരന്നു കിടക്കുന്ന ഭൂപ്രദേശം. സമയം 9.15
എല്ലാവരും 11 മണിക്ക് തിരിച്ചെത്തണേ. ഇറങ്ങുംമുമ്പ് പ്രസിഡന്റു ചേട്ടൻ പറഞ്ഞു. വൈകിയാൽ നമ്മുടെ കണക്കു കൂട്ടലുകൾ തെറ്റും.
ഓക്കെ...
ഞങ്ങൾ സമ്മതിച്ചു.
സൂക്ഷിക്കണേ... പിന്നിൽ നിന്നാരോ പറഞ്ഞു.
ശരിയാണ്. എവിടെ മുത്തശ്ശി?? എന്റെ കൂടെ കൂട്ടാം. അതാ മുത്തശ്ശിക്കും ഇഷ്ടം. ഞങ്ങൾ പല ഗ്രൂപ്പായി ആ പ്രദേശം മുഴുവൻ ചുറ്റിക്കണ്ടു. പീരുമേട് പഞ്ചായത്ത് ഈ ടൂറിസ്റ്റു കേന്ദ്രത്തെ നന്നായി പരിഗണിച്ചിട്ടുണ്ട്.
ആരും താഴേക്ക് വീഴാതിരിക്കാൻ വേലികൾ നിർമ്മിച്ചിട്ടുണ്ട്.
ദൂരെ ദൂരെ നടക്കാൻ ആവേശം തോന്നി. താഴേക്ക്...താഴേക്ക്...താഴേക്ക്...
ദാ ഫോൺ ബെല്ലടിക്കുന്നു. പ്രസിഡന്റു ചേട്ടനാണ്. എല്ലാവരും ഫോട്ടോയ്ക്ക് റെഡിയായി നിൽക്കയാണത്രെ. ഓ സമയം 11 ആയി. ശരിയാണ്, സമയ നിഷ്ഠ പാലിക്കണം. ആവുന്നത്ര വേഗത്തിൽ എത്തി. ഇടക്ക് ഉപ്പും മുളകും ചേർത്ത മാങ്ങയും നെല്ലിക്കയും വാങ്ങി.


പുല്ലാണു പുസ്തകജ്ഞാനം പുലരിതൻ
പുല്ലാങ്കുഴൽ വിളി വന്നു വിളിക്കവേ

അടുത്തു നിന്നവർക്കൊക്കെ കൊടുത്തു. രുചികരം. ആസ്വാദ്യകരം.
കൊള്ളാം കൊള്ളാം... വയറു കേടാക്കരുത്... ഇതാ ഈ മുത്തശ്ശിയുടെ കാര്യം. ഒന്നും വാങ്ങിക്കഴിക്കാൻ സമ്മതിക്കില്ല.
പരുന്തുംപാറയിൽ നിന്ന് ഞങ്ങൾ എല്ലാവരും ചേർന്ന് ഫോട്ടോ എടുത്തതിനുശേഷം ഞങ്ങൾ കമ്പത്തേക്ക് പുറപ്പെട്ടു. കമ്പത്തെത്തുന്നതിനു മുമ്പ് സൗകര്യമായ സ്ഥലത്തിറങ്ങി ഉച്ചഭക്ഷണം കഴിച്ചു.
സാമ്പാർ...കാളൻ...മെഴുക്കുപുരട്ടി...മാങ്ങാക്കറി...പപ്പടം...മുളകുവറുത്തത്...മോര്...ചെറുവട്ടൂർക്കാവിലെ കടുംപായസവും.
ഊണ് കുശാൽ. ഊണിനുശേഷം കമ്പത്തേക്കുള്ള യാത്ര തുടർന്നു. 2.30 ആയപ്പോഴേക്കും ഞങ്ങൾ കമ്പത്ത് മുന്തിരിത്തോപ്പിൽ എത്തി. എന്തു രസമായിരുന്നു. മുന്തിരിക്കുലകൾ തലയിൽ മുട്ടി നിൽക്കുന്നത് സിനിമയിൽ മാത്രം കണ്ടിട്ടുള്ള ചിത്രം അനുഭവമായി മാറി. മുന്തിരി പറിക്കരുതെന്ന് എഴുതിയ ബോർഡുകൾ ഉണ്ട്. മുത്തശ്ശി പറഞ്ഞു, പറിക്കല്ലെ മോളേ. നമുക്കു വാങ്ങാം. ഒരു പെട്ടി നിറയെ മുന്തിരിയുമായി മടങ്ങുമ്പോൾ ഞാൻ നോക്കി. എല്ലാവരും മുന്തിരിയും വൈനും ഒക്കെ വാങ്ങിയിട്ടുണ്ട്. ഇല്ലത്തുചെന്നിട്ട് നന്നായി കഴുകിയേ കഴിക്കാവൂ. അമ്മ പറഞ്ഞു. അതെ അങ്ങനെ ചെയ്യാം.
കമ്പത്തുനിന്ന് ബസ്സ് പുറപ്പെടുകയായി. ഇനി രാമക്കൽ മേട്ടിലേക്കാണ് യാത്ര. ഊണിന്റെയും നടത്തത്തിന്റെയും ക്ഷീണം കൊണ്ട് ഉറങ്ങിപ്പോയി. രാമക്കൽമേട്ടിലെത്തി എന്നു പറഞ്ഞ് അമ്മ വിളിച്ചപ്പോഴാണ് മയക്കത്തിൽ നിന്നുണർന്നത്.
പിന്നീടുണ്ടായ മലകയറ്റം...അയ്യോ... അതൊരനുഭവം തന്നെയായിരുന്നു...
കാട്ടു പാതയിലൂടെ... ഒരുകാൽ പോലും വക്കാൻ പറ്റാത്തത്ര ഇടുങ്ങിയ സ്ഥലത്തുകൂടി. വള്ളിപ്പടർപ്പുകൾക്കിടയിലൂടെ... ചാഞ്ഞും... ചരിഞ്ഞും...ഇരുന്നും...മുട്ടുകുത്തിയും...കൈകുത്തിയും...വിശദീകരിക്കാൻ അറിയില്ലപ്പാ!!!...
അത്ര വിഷമമേറിയ വഴികളിലൂടെ മലമുകളിൽ എത്തി താഴെ അതാ പരന്നു കിടക്കുന്ന തമിഴ്നാട്.
ഹായ്... എല്ലാവരും നന്നായി ആസ്വദിച്ചു പ്രായഭേദമില്ലാതെ...
ഒരു വയസ്സു തികയാത്ത കുട്ടിയേയും എടുത്ത് ചേച്ചി മുതൽ ചെറിയ കുട്ടികളും...പ്രായമായവരും...മുത്തശ്ശി വരെ മലകയറി.
ഹോ. മറക്കാനാവാത്ത അനുഭവം തന്നെ!!! കുറവൻ കുറത്തി മലയിൽ ഞങ്ങൾ കുറച്ചാളുകൾ മാത്രമാണ് പോയത്. പലരും ആദ്യ മലകയറ്റത്തിൽ തന്നെ മടുത്തു പോയിരുന്നു. നടത്തമെല്ലാം കഴിഞ്ഞ് ഒരു വിധം വാഹനത്തിനടുത്തെത്തിയപ്പോൾ കാപ്പിയും പപ്പടവടയും റെഡി. അതും കഴിച്ച് ബസ്സിൽ സീറ്റിൽ ചാഞ്ഞു കിടന്നപ്പോഴാണ് ടൂറിനെക്കുറിച്ച് വിലയിരുത്തി സംസാരിക്കണമെന്ന അഭിപ്രായം കേട്ടത്.
അടിപൊളി...അല്ലാതെന്തു പറയാൻ. എല്ലാവരും വളരെ നല്ല അഭിപ്രായമാണ് പറഞ്ഞത്. ഒരു ബാനർ സംഘടിപ്പിക്കാൻ മറന്നു എന്നതൊഴിച്ചാൽ ബാക്കിയെല്ലാം സൂപ്പർ. എല്ലാവരും പറഞ്ഞു തീർന്നപ്പോഴേക്ക് വണ്ടി കട്ടപ്പനയിലെ വെജിറ്റേറിയൻ ഹോട്ടലിന്റെ മുന്നിൽ നിർത്തി. എല്ലാവർക്കും ഇഷ്ടമുള്ളത് കഴിക്കാം.
ഓകെ. ഞങ്ങൾ ഇറങ്ങി.
മസാലദോശ...ചപ്പാത്തി...നെയ്റോസ്റ്റ്...വട എല്ലാം സുഭിക്ഷം.
പിന്നെ ബസ്സിൽ നികബ്ദമായി ഞങ്ങളെല്ലാം ഉറങ്ങി. അങ്ങനെ 44 മുതിർന്നവരും ഒരു വയസ്സു മുതൽ 10 വയസ്സു വരെയുള്ള ഒൻപതു കുട്ടികളും അടങ്ങുന്ന ഞങ്ങളുടെ സംഘം 11 മണിയോടുകൂടി മധുരിക്കുന്ന ഓർമകളും ദിവസം തീർന്നുപോയതിന്റെ നഷ്ടബോധവുമായി വീണ്ടും കാണാമെന്നും കൂടാമെന്നുമുള്ള പ്രതീക്ഷയോടെ ഇല്ലങ്ങളിൽ എത്തി.
നന്ദി! നന്ദി!! നന്ദി!!!



**പവിത്ര**

2022ലെ പത്താംക്ലാസ്സ് ഐ സി എസ് ഇ പരീക്ഷയിൽ (ബാംഗ്ലൂർ) ഉന്നത വിജയം വരിച്ച കുമാരി പവിത്ര. വൈക്കം ശാഖ ചാഴിയിൽ ഇല്ലത്തു ശ്രീദിലീപ് കുമാറിന്റെയും നിഷയുടെയും പുത്രി ആണ്.

# കാത്തിരിപ്പിന്റെ കാലൊച്ചകൾ...

കഥ

**ശില്പ ജ്യോതിസ്**
തുരുത്തിയിൽ ഇല്ലം
9495702612

നീണ്ടുപോകുന്ന വാഹനങ്ങൾക്കും തിങ്ങി നിറയുന്ന ആളുകൾക്കും വിരാമമാകുന്നുവോ? അതെ.. ഒരു രാത്രി കൂടി.. ഇനി ഈ നഗരത്തിൽ. കൂടുവിട്ടു കൂടു മാറി ഇനി എത്രനാൾ.. അറിയില്ലയെങ്കിലും ഒരന്വേഷിയായ് തുടരുന്നു. ഇനിയൊന്നുറങ്ങണം.. ആഗ്രഹമുണ്ട്.. സാധിക്കുന്നില്ല. കണ്ണുകളിൽ നിദ്രാദേവി തഴുകിയിട്ടു നാളേറെയായി. എങ്കിലും ദേഹമാസകലമൊരു വേദന. ഇന്നൊരു കടത്തിണ്ണയാണഭയം... ചിലപ്പോൾ സ്കൂൾ മുറ്റം, റയിൽവേ സ്റ്റേഷൻ.. റോഡരികിൽ പാർക്ക് ചെയ്തിരുന്ന ആ നീലവണ്ടിയും ഒരു തീവ്രവെളിച്ചം എനിക്ക് സമ്മാനിച്ചു കടന്നുപോയി. ഇനി ഈ രാത്രിയും ഞാനും എന്റെ ഓർമകളും...

നാളെയെങ്കിലും എന്റെ മോളെ ഒന്നുകണ്ടെത്താനായിരുന്നെങ്കിൽ... കഴിഞ്ഞ ഒരു വർഷമായുള്ള പ്രാർത്ഥന. ഈശ്വരൻ എന്തിനാവാം എനിക്കിങ്ങനെയൊരു വിധിനൽകിയത്. ഇതുവരെയുണ്ടായിരുന്ന സന്തോഷങ്ങൾക്ക് പകരമായി ഉമിതീയിൽ ഉരുകിയിനിയെത്രനാൾ..

പത്തുവർഷങ്ങൾ പിന്നിലൂടെ... എനിക്കവളെ കിട്ടിയ നിമിഷം. ആശുപത്രിയിലെ ഓപ്പറേഷൻ മുറിയിൽ നിന്നും കടന്നു വന്ന മാലാഖ ഉറക്കെ വിളിച്ചു 'സുകന്യ ബാലചന്ദ്രൻ' കാതുകളിൽ ഇപ്പോഴും ആ ശബ്ദം മുഴങ്ങുന്നു. ഞാനൊരച്ഛനായ നിമിഷം.

വെള്ളപഞ്ഞികെട്ടിൽ എന്റെ കൈകളിലേക്കു വന്നവൾ. ആ കുഞ്ഞുകണ്ണുകളിൽ ഞാൻ എന്നെതന്നെ കണ്ട നിമിഷം. ആ നിമിഷം ഞാൻ വീണ്ടും ജനിക്കുകയായിരുന്നോ? അവളുടെ ബാല്യത്തോടൊപ്പം എന്റെ നഷ്ടപ്പെട്ട ബാല്യവും തിരിച്ചു തന്നു. ഒപ്പം ഒരുപാടുസ്വപ്നങ്ങളും.

അന്നും ഇതുപോലൊരു രാത്രിയിൽ പുറത്ത് മഴയുടെ ശബ്ദം.തുമ്പി എന്റെയടുത്തു വന്നു കിടന്നു. പാത്രമെല്ലാം കഴുകി കനിയും വന്നു. അവൾക്കുറങ്ങാൻ എന്നും അച്ഛന്റെ മാറുവേണം. 'ഓ.. ഒരച്ഛനും മോളും' അതൊരു പരിഭവത്തിന്റെ സ്വരമായിരുന്നോ? അല്ല അതിലൊരഭിമാനമുണ്ടായയിരുന്നു. വിശ്വാസമുണ്ട്. മോൾക്കെന്നും ഈ തണലുണ്ടെന്ന വിശ്വാസം. ആ തണലിൽ അവൾ ലോകം കാണും. എന്റെ മാറിലെ ഓരോ രോമത്തിലും പിടിച്ചുകൊണ്ടവൾ പതിവുപോലെ സംസാരിച്ചു.

'എന്നാ അച്ഛൻ അമ്മെ ഇഷ്ടപ്പെട്ടെ?'

'ഈ അമ്മ എന്റേതാണെന്നറിഞ്ഞപ്പോൾ '

'കല്യാണത്തിനു മുന്നേ ആണോ? അതു കഴിഞ്ഞോ?'

'കല്യാണത്തിനു മുന്നേ ഇഷ്ടാരുന്നു. ഇപ്പൊ ഒരുപാടൊരുപാട്...'

'അച്ഛാ എന്റെ പ്രായത്തിൽ അമ്മെ ഇഷ്ടാരുന്നോ?'

'ഇല്ലെടാ.. അന്നമ്മേ അറിയുകപോലും ഇല്ല

അവളുടെ ചോദ്യശരങ്ങൾ അവസാനിക്കുന്നില്ല.

'അപ്പൊ അഞ്ചാം ക്ലാസ്സിൽ കൂട്ടുകാരായാൽ കല്യാണം കഴിക്കില്ല അല്ലെ?' ഒരു പ്രപഞ്ചസത്യം മനസിലാക്കിയ പോലെ അവൾ നെടുവീർപ്പെട്ടു.

'ഈ പെണ്ണിനുറക്കോം ഇല്ലേ? രാവിലെ സ്കൂളി പോണ്ടതാ' അമ്മ ദേഷ്യപ്പെട്ടു. 'അവള് ചോദിക്കട്ടെ പെണ്ണെ' പിന്നെയും എന്തൊക്കെയോ പറഞ്ഞവൾ ഉറക്കമായി.

മഴ കനത്തിരിക്കുന്നു. ഉച്ചകഴിഞ്ഞപ്പോ കറണ്ടും പോയി. എപ്പോഴാ ഞാനുറങ്ങിയതെന്നോർമയില്ല. കണ്ണുതുറന്നപ്പോൾ വെള്ളത്തിന്റെ നനവ്. മുറിയാകെ വെള്ളം. ചുറ്റും കുത്തൊലിപ്പിന്റെ ശബ്ദം. ആളുകളുടെ കരച്ചിൽ. ഉറങ്ങിക്കിടന്ന തുമ്പിയെയും എടുത്ത് കനിയോടൊപ്പം വാതിൽ തുറന്നതും മീനച്ചിലാറിന്റ ഭീകരത. അവൾ ഉഗ്രതാണ്ഡവമാടി ചോരയൊലിപ്പിച്ച്.. എന്തു ചെയ്യണമെന്നറിയാതെ ഞാനവരെ ചേർത്തു പിടിച്ചു. ആ രാത്രിമഴയിൽ എന്റെ നിലവിളികളും അലിഞ്ഞുപോയി. തുമ്പി എന്റെ കഴുത്തിൽ വട്ടം പിടിച്ചിരിക്കുന്നു.

ചോരത്തുപ്പുന്ന മീനച്ചിലാറിന്റെ മടിയിൽ ഞാൻ നീന്തി. എന്റെ കൈകളോട് ചേർന്നു കനിയും. കൈകൾക്കു ഭാരം കൂടി. തുമ്പി കരഞ്ഞു തളർന്നെന്റെ തോളത്തുറങ്ങി. കനി കൂടി തളർന്നപ്പോൾ ഞാൻ നിസ്സഹായനായി. എങ്കിലും സർവ്വശക്തിയുമെടുത്തു നീന്തി. എങ്ങും വെള്ളം. ആ മഴയിൽ കരകാണാനാവുന്നില്ല.

കനി.. എന്റെ കനി. അവൾ ഏറെ ഭയപ്പെട്ടിരിക്കുന്നു. ശക്തിമായ മലവെള്ളത്തിൽ അവളുടെ കൈകൾ എന്നിൽ നിന്നും അകലുന്നു.



അടരുവാൻ വയ്യനിൻ ഹൃദയത്തിൽ നിന്നെനി-
ക്കേതുസ്വർഗ്ഗം വിളിച്ചാലും

അവൾക്കിനിയും പൊരുതാനാവുന്നില്ല. ഒരിക്കൽ അവളുടെ അച്ഛൻ ചേർത്തുവെച്ച കരങ്ങൾ എന്നിൽ നിന്നും വേർപെടുന്നോ? അവളോഴുകുന്നു. എന്നെയും വിട്ട് ഇനിയെങ്ങോട്ടേന്നില്ലാതെ. തുമ്പിയപ്പോഴുമെന്റെ കഴുത്തിൽ ചേർത്തുപിടിച്ചു കരയുന്നു. മീനച്ചിലാറിന്റെയോളങ്ങളിൽ അവളോഴുകി. ആ കൈകൾ അയയുന്നു. ഇനിയുമവൾക്ക് പൊരുതാനാവുന്നില്ല. സർവേശ്വരന്മാരോടുമുള്ള പ്രാർത്ഥനകൾ മാത്രം. അവളുടെ കണ്ണുകളിൽ നിസ്സഹായത. ഇനിയും വയ്യ. എന്റെ ശരീരത്തിനു ഭാരമേറി. തുമ്പിമോളെ എന്റെ കൈകളിലേൽപ്പിച്ചു. മോളു സുരക്ഷിതയാണെന്ന വിശ്വാസം ആ ഇരുണ്ട വെളിച്ചത്തിലും അവളുടെ കണ്ണുകളിൽ കാണാമായിരുന്നു. അമ്മമനസ്.

അവളോടൊപ്പം എന്റെ ശക്തിയും ആ മഴവെള്ളപാച്ചിലിലെപ്പോഴോ നഷ്ടപ്പെട്ടിരിക്കുന്നു. കണ്ണുകളിൽ ഇരുട്ടുകയറുന്നു. എങ്ങും കൂരിരുട്ട്.

ബോധം വന്നപ്പോൾ ആശുപത്രിയിലാണ്. ആദ്യം അന്വേഷിച്ചതും മോളെയാണ്. ആരൊക്കെയോ പറഞ്ഞു അവൾ വീട്ടിൽ സുഖമായിരിക്കുന്നു. പിന്നെയും കുറേ ദിനരാത്രങ്ങൾ. ഐ.സി.യു വിൽ നിന്നും വാർഡിലേക്ക്.. ഒടുവിൽ പുറത്തേക്കും. നാട്ടിൽ നിന്നാരൊക്കെയോ ആശുപത്രിയിൽ വന്നിരുന്നു. ആരും ഞങ്ങളുടെ തുമ്പിമോളെ കുറിച്ചു പറഞ്ഞില്ല. ഒടുവിൽ എന്റെ വീട്ടു വരാന്തയിൽ വെച്ച് ഞാനറിഞ്ഞു. ആ രാത്രി അവൾ എന്നിൽ നിന്നുമെവിടെയോ പോയിരിക്കുന്നു. ജീവനോടെയോ മരണപ്പെട്ടോ... അറിയില്ല. ഇന്നും ഞാൻ തേടുന്നു.. ആ കൊലുസിട്ട കാലോച്ചകൾക്കായി... അച്ഛാ എന്നുള്ള ഒരു വിളിക്കായി... ഈ നഗരങ്ങളിലെവിടെയെങ്കിലും അവളെ കാണുമെന്ന പ്രതീക്ഷയിൽ.... അവൾക്കായ് ഓരോ നിമിഷവും....



**അമ്മ, സാവിത്രി അന്തർജനത്തിന്റെ ആണ്ടുശ്രാദ്ധം,19/12/2022.**
**മക്കൾ, മണിലാൽ നമ്പൂതിരി, വേണുഗോപാൽ, ഹരിന്ദ്ര നാഥ്,**
**ലതാ അന്തർജനം, ശ്രീനിവാസരു, സഹധർമ്മിണികൾ**
**സുമംഗല അന്തർജനം, സരസ്വതി അന്തർജനം, സുഭദ്ര അന്തർജനം,.**


ഓരോ ശിശുരോദനത്തിലും കേൾപ്പു ഞാ-
നൊരുകോടിയീശ്വരവിലാപം..



# വേളി

തൃശൂർ ജില്ലയിൽ പാലുവായ് ചേടപ്പുറത്ത് ഇല്ലത്ത് ശ്രീ മോഹൻദാസിന്റെയും ശ്രീദേവി യുടേയും മകൾ **ദേവികയും** പനമുക്ക് കിഴക്കേകുന്നത്ത് മന നാരായണൻ നമ്പൂതിരി യുടേയും ദേവി അന്തർജ്ജനത്തിന്റെയും മകൻ **സുജിത്തും** തമ്മിലുള്ള വേളി 2022 ഡിസംബർ മാസം 11-ാം തിയ്യതി (1198 വൃശ്ചികം 25 ) ചേർപ്പ് തിരുവുള്ളക്കാവ് വിവാഹ മണ്ഡപത്തിൽ വച്ചു സമംഗളം നടന്നു.






## ഷഷ്ടിപൂർത്തി

ഷഷ്ടിപൂർത്തിയാഘോഷിച്ച
ചങ്ങനാശ്ശേരി കുറിച്ചി
പെരുമ്പോഴിപ്പുറത്ത് ഇല്ലത്ത്
കൃഷ്ണശർമ്മയുടെ സഹധർമ്മിണി
**സുകുമാരി**ച്ചേച്ചിക്ക്
സ്നേഹപൂർവ്വം...
മഹേഷ്, സഹോദരങ്ങൾ,
അശ്വതി, അമ്മു, അച്ചു

ശ്രീമദ്ഭാഗവതാനുസന്ധവരനാം ശ്രീകൃഷ്ണശർമ്മാഖ്യനൊ-
ത്താമോദത്തൊടെ വാണിടുന്ന സുകൃതീ, മത് സോദരീ സ്വസ്തിതേ
ജന്മം കേരളകാശിയൊത്ത സവിധേ, കർമ്മത്തിനായെത്തിയീ
പുണ്യ ശ്രീപുര ഭൂമിയിൽ മഹിതമിണ്ടല്ലേപ്പന്റെ സ്ഥാനമേ

ആതിഥ്യത്തിനു രൂപമെങ്കിലതു താൻ ശുശ്രൂഷതന്നിങ്കലും
പാകം പക്വമതിങ്കലോ നളനഹോ പിന്നാക്കമായ് നിന്നിടും
ധർമ്മശ്രദ്ധയൊടൊപ്പമാർദ്രത നിറഞ്ഞിടുന്ന ഭക്തോത്തമ-
യ്ക്കെന്നും നൻമ വരട്ടെ ഭൂവിലതിനായ് പ്രാർത്ഥിപ്പതീ വേളയിൽ

**-മഹേഷ്**



## അന്നപ്രാശം

### ചിന്മയി

കോത്തല ശാഖാ കൈനിക്കര ഇല്ലത്ത്
ഹരികൃഷ്ണശർമ്മയുടെയും,
രമ്യയുടേയും പുത്രി **ചിന്മയി**യുടെ
അന്നപ്രാശം 1198 വൃശ്ചികം 5 നു
ഇല്ലത്ത് വച്ച് നടന്നു.



## അന്നപ്രാശം

### രുദ്രവേദ്

പെരുമ്പാവൂർ തൈക്കാട്ട് ഇല്ലത്ത്
നാരായണൻ ഇളയതിന്റെയും ഇന്ദിരാ
ദേവിയുടെയും പൗത്രൻ (പ്രമോദി
ന്റെയും ഗീതുവിന്റെയും പുത്രൻ)
**രുദ്രവേദിന്റെ** അന്നപ്രാശം 2022
ഒക്ടോബർ 7 നു ഇല്ലത്തു വച്ചു നടന്നു.




## ശതാഭിഷേകം

ആലുവ ദേശം നെടുമ്പിള്ളി ഇല്ലത്ത് ബ്രഹ്മശ്രീ **എൻ. മാധവ ശർമ്മയുടെ** ശതാഭിഷേകം 1197-ാം ആണ്ട് കർക്കിടക മാസം 25ന് (2022 ആഗസ്റ്റ് 10) സദുചിതം സ്വവസതിയിൽവച്ച് നടത്തി.



## ഒന്നാം പിറന്നാൾ


2022 ഒക്ടോബർ 6ന് ഒന്നാം പിറന്നാൾ ആഘോഷിച്ച എരമല്ലൂർ വഴുതനപ്പിള്ളി ഇല്ലം മുരളി ശർമ്മ യുടെയും രാജേശ്വരി മുരളിയുടെയും പുത്രൻ **വി.എം. വാസുദേവൻ നമ്പൂതിരിയ്ക്ക്** ആശംസകൾ



## അന്നപ്രാശം

### ത്രയമ്പകാ നാരായണൻ

അമ്പലപ്പുഴ വേമ്പനാട്ട് ഇല്ലത്ത് ശ്രീകൃഷ്ണ മന്ദിരത്തിൽ അഖിലിന്റെയും സൂര്യയുടെയും പുത്രിയായ **ത്രയമ്പകാ നാരായണന്റെ** അന്നപ്രാശം 2022 നവംബർ 6 ന് അമ്പലപ്പുഴ ശ്രീകൃഷ്ണ സ്വാമി ക്ഷേത്രത്തിൽ വച്ച് നടന്നു..











# സപ്തതി

## ബ്രഹ്മശ്രീ പി.എൻ. നീലകണ്ഠശർമ്മ

ചങ്ങനാശ്ശേരി കുറിച്ചി
പുതുമന ഇല്ലത്ത്
**പി.എൻ. നീലകണ്ഠശർമ്മയുടെ**
സപ്തതി ആഘോഷം 2022
ഡിസംബർ 5 നു
സമംഗളം നടന്നു

## പദപ്രശ്നം 22 ശരിയുത്തരം

| | | | | | | |
|---|---|---|---|---|---|---|
| 1 പു | 2 രാ | വ | സ് | 3 തു | ട്ട് | 4 ച |
| ട | 5 ജ | 6 ഹാ | രീ | 7 സേ | 8 യാ | ക്ക് |
| 9 വ | വെ | ലാ | 10 പാ | ലി | 11 തീ | ർത്ഥം |
| ട്ട | മ്പാ | ഹ | 12 കൃ | ഭം | ഹ | 13 സ്വാ |
| 14 പ | 15 ല | ലം | ഷ്ണ | ദ്ദ | 16 മ | 17 ആ |
| 18 കാ | ളി | 19 യ | 20 മ | ർ | ദ്ദ | നം |
| ള | 21 ത | തം | ണി | 22 ഗ | ളം | 23 മാ |

പദപ്രശ്നം – 22
ശരിയുത്തരം അയച്ചവർ

1. ഗിരിജ എൻ. നമ്പൂതിരി, വടുതലായിൽ ഇല്ലം, കുടക്കച്ചിറ
2. വി. എൻ. ദിവാകരൻ, വെള്ളിയെപ്പള്ളിൽ ഇല്ലം, ആണ്ടൂർ
3. Dr . ഹരി ശർമ്മ , പറഞ്ഞിക്കാട്ട് ഇല്ലം, ആണ്ടൂർ
4. ശ്രീകുമാർ ടി. എസ്. തുരുത്തിയിൽ ഇല്ലം, കുറവിലങ്ങാട്
5. ഉഷാദേവി നീലകണ്ഠൻ, ശ്രീശൈലം, കുറവിലങ്ങാട്
6. മായാ നാരായണൻ, മാങ്ങോട്ടശ്ശേരി മന, തിരുവനന്തപുരം
7. ദേവർഷ , (ശ്യാംഗീത്) തുരുത്തിയിൽ ഇല്ലം, കുറവിലങ്ങാട്
8. ഗിരിജ കേശവൻ (രാജ് ഭവൻ ) മേച്ചേരിൽ ഇല്ലം, തൃപ്പൂണിത്തുറ
9. ഗീത സി. കെ. , അപർണ, മൈമ്പള്ളി ഇല്ലം, അയ്യന്തോൾ , തൃശൂർ
10. സുശീല രാജൻ, മപ്പോമ്പിള്ളി ഇല്ലം, ഇപ്പെള്ളി
11. തങ്കമണി രാജീവൻ നമ്പൂതിരി, കരിക്കാട്ടിൽ ഇല്ലം, മുട്ടത്തിപ്പറമ്പ്, ചേർത്തല
12. അപ്പു കരിയ്ക്കാട്ടിൽ , കരിക്കാട്ടിൽ ഇല്ലം, ചേർത്തല
13. ഇന്ദിരാദേവി , തിരുമംഗലത്ത് ഇല്ലം, പെരുമ്പാവൂർ
14. പ്രസീത പരമേശ്വരൻ, കൈലാസം, കുടക്കച്ചിറ
15. രാജേശ്വരി കെ. പി. , ചാത്തേടത്ത് ഇല്ലം, തിരുവഞ്ചിക്കുളം, കൊടുങ്ങല്ലൂർ
16. രമാദേവി അന്തർജ്ജനം, തോട്ടത്തിൽ ഇല്ലം, ഏഴാച്ചേരി
17. സാവിത്രി നാരായണൻ മൂസ്സത്, വളവനാട്ടില്ലം, തിരുവനന്തപുരം
18. വാണീകൃഷ്ണ കെ . എൻ . , വെണ്ണുമന , കൊല്ലപ്പള്ളി

## മാറ്റൊലി

ബ്രഹ്മശ്രീ സെപറ്റംബർ–ഒക്ടോബർ ലക്കത്തിലെ മുഖപ്രസംഗം വളരെ ഗൗരവമുള്ളതും കാലിക പ്രസക്തിയുള്ളതാണെന്നുള്ളതും എടുത്തു പറയാതെ വയ്യ. ആരോഗ്യ പരിരക്ഷയ്ക്കാവശ്യമായ തുക നമുക്ക് മുൻകൂട്ടി നിശ്ചയിക്കുവാൻ പറ്റാത്തതാണ്. അതുകൊണ്ടുതന്നെ പരമാവധി ചെലവുകൾ മുൻകൂട്ടി കണ്ട് വരുമാനം വർദ്ധിപ്പിക്കുന്നതിനും മിച്ചം പിടിക്കുന്നതിനും നാം ശീലിച്ചേ മതിയാകൂ.

പരമ്പരാഗതമായ ചിട്ടി, സ്ഥിരനിക്ഷേപ പദ്ധതികൾക്കുപരിയായി വളരെ ലാഭകരമായ നിരവധി നിക്ഷേപ മാർഗ്ഗങ്ങൾ നിലവിലുണ്ട്. ഓഹരി, മ്യൂച്ചൽ ഫണ്ട് ഇൻഷുറൻസ്, ആരോഗ്യ ഇൻഷുറൻസ് തുടങ്ങിയവയെയൊക്കെ സംബന്ധിച്ച് സമുദായാംഗങ്ങളെ പരിചയപ്പെടുത്തുവാൻ താലൂക്കുതലങ്ങളിൽ പഠനശിബിരങ്ങൾ നടത്തുവാൻ എം. ബി. എസ്. മുൻകൈയെടുക്കണം.

കെ. എൻ. രാജീവൻ നമ്പൂതിരി
കരിയ്ക്കാട്ടിൽ ഇല്ലം
ചേർത്തല

## ഗംഭീരം – ഭയങ്കരം

ഗംഭീരത്തിന് ആഴം, അഗാധത, മഹത്വം, വലിപ്പം എന്നൊക്കെയാണ് അർത്ഥം. കേമം, കെങ്കേമം എന്നർത്ഥത്തിലും പ്രയോഗിക്കാം. ഭയം ജനിപ്പിക്കുതാണ് ഭയങ്കരം. എന്നാൽ ഗംഭീരം എന്ന അർത്ഥത്തിൽ ഭയങ്കരമെന്ന പദം ഭാഷയിൽ പ്രചരിക്കുന്നു. ഉദാ. ഭയങ്കര സദ്യ, ഭയങ്കര കെട്ടിടം ഇത്യാദി. സദ്യയും കെട്ടിടവും ഭയജനകമാകുകയില്ല. അതിനാൽ ഇത്തരം പ്രയോഗങ്ങൾ ഒഴിവാക്കുകയാണ് നല്ലത്.

ശബ്ദവിവേക മഞ്ജരി –
പ്രൊഫ. എൻ. പി. രാമചന്ദ്രൻ നായർ



നന്മയെച്ചൊല്ലി വിനിശ്വസിക്കാം ചിലർ
തിന്മയെപ്പറ്റിയേ പാടൂ ലോകം

# വ്യതിയാനങ്ങൾ അന്നും ഇന്നും...

വാസുദേവൻ നമ്പൂതിരി വി.എൻ., മേവട വരകപ്പള്ളിൽ ഇല്ലം

(എന്റെ ബാല്യകാലത്തെയും ഇപ്പോഴത്തേയും സാഹചര്യങ്ങൾ തമ്മിൽ വലിയ അന്തരമുണ്ട്. ഇതിനെ പുരോഗതി എന്നു വിളിക്കാമോ എന്നറിയില്ല. ഓർമ്മയിലെത്തിയ ചില കാര്യങ്ങൾ മാത്രം അവതരിപ്പിക്കുന്നു.)

**ഞാനീ ഭൂമിയിലെത്തിയിട്ടു ദശകം ഏഴായിടുന്നെങ്കിലും,**
**വാനിൽക്കാണുവതില്ല, മാറ്റമുളവായ്ത്തോന്നുന്നതില്ലൊന്നിനും,**
**ആനക്കുള്ള വലുപ്പമന്നുമിതുപോലുണ്ടായിരുന്നെന്നതും**
**പേനക്കന്നു ലഭിച്ചിരുന്ന തരമാം മൂല്യം തുടർന്നില്ലതും.**

**കാൽകൊണ്ടത്ര നടന്നുവന്നകലെയായുള്ളോരു വിദ്യാലയം**
**പൂകാനായവിടേക്കു നിത്യവുമൊരേ സഞ്ചാരവും ചെയ്തു ഞാൻ.**
**പാകം ചെയ്തൊരു ഭോജനം കരുതി ഞാനുച്ചക്കു ഭക്ഷിച്ചിടാ–**
**നേകാന്തത്തിലെ നോവുമില്ല, സഹജർ ഉണ്ടായിരുന്നെപ്പൊഴും.**

**സ്കൂളിൽ പോകുവതിന്നു നല്ലകുടയില്ലെന്നാകിലും കൂട്ടുകാർ,**
**വേഗം തന്നെയെനിക്കുവേണ്ട തണലും കാട്ടും കുടക്കീഴിലായ്.**
**മേഘം മാരിപൊഴിച്ചിടും സമയമന്നെല്ലാവരും ചേർന്നുകൊ–**
**ണ്ടേകത്ത്വത്തൊടു രക്ഷതേടുമവിടെക്കാണുന്ന കോലായയിൽ.**

**എന്നും മാറിയുടുക്കുവാൻ വസനമില്ലെ, ന്നാലുമന്നുള്ളതാ–**
**മൊന്നേ നിക്കറു, ഷർട്ടുമുള്ളതവകൊണ്ടൊപ്പിക്കുമെല്ലാദിനം,**
**ഇന്നുണ്ടായൊരു കുട്ടിയെങ്കി, ലവനോ വസ്ത്രങ്ങളെത്രക്കഹോ**
**ചൊന്നാലിന്നവയെത്രയെന്നു പറയാനാവില്ലയെൻ നാവിനാൽ.**

**പുത്തൻ പുസ്തകമൊന്നുമില്ല പറയാം, മുമ്പേ പഠിക്കുന്നവർ**
**എത്തിക്കുന്നവ, ഭംഗിയായ്പ്പൊതിയുവാനുൽസാഹമാകുന്നതും,**
**പത്താം ക്ലാസ്സുവരേക്കുമിങ്ങനെ ലഭിച്ചീടിൽ അതത്യത്ഭുതം,**
**മൊത്തം പുസ്തകമുള്ളവർ വിരളമാം ക്ലാസ്സിൽ ധരിച്ചീടണം.**

**നേരം എട്ടു മണിക്കു ഞാനരികെയുണ്ടാകുന്നതാം തോട്ടിലെ,**
**ധാരാളം ജലമുള്ള ഭാഗമവിടേക്കായിക്കുതിച്ചെത്തിടും.**
**ആരും നോക്കുവതില്ല, തെല്ലുമതിനാൽ ''കാകന്റെ സ്നാനം'' കഴി–**
**ച്ചോരംചേർന്നു തിരിച്ചുവന്നു ചെറുതായ് ഭക്ഷിച്ചിടും കപ്പയും.**

**നാലാംക്ലാസ്സുവരേക്കുമെന്റെപഠനം ''ജി.എൽ.പി.യിൽ മേവട''–**
**ക്കാലസ്യങ്ങളതൊന്നുമില്ല, യവിടേക്കെത്തുന്നു ഞാൻ നിത്യവും.**
**ജോലിക്കാരുടെ മക്കളെപ്പലരെയും ദൂരേക്കയച്ചീടിലും**
**പാലാ പോലൊരു പട്ടണത്തിലകലെപ്പോകുന്നവർ തുച്ഛമാം.**

**അഞ്ചാം ക്ലാസ്സുമുതൽക്കു ഞാനകലെയാം മുത്തോലിയിൽപ്പോയതും,**
**പഞ്ചായത്തിലെയേറ്റവും മികവെഴും വിദ്യാർത്ഥിയായെന്നു ഞാൻ.**
**''അഞ്ചിന്നൊപ്പമിരുദ്ദശം'' തുകവരും സമ്മാനമന്നാദ്യമായി,**
**നെഞ്ചം നല്ലതുപോൽ മടിച്ചനിലയിൽ കൈനീട്ടി വാങ്ങീടിനാൻ.**

**മഹാഭാരതത്തിൽ നിന്ന്...**

**സർപ്പരൂപത്തിലുള്ള**
**നഹുഷന്റെ ചോദ്യത്തിന്**
**ധർമ്മപുത്രരുടെ മറുപടി**

**സത്യം ദാനം ക്ഷമാ ശീല–**
**മാനൃശംസ്യം തപോ, ഘൃണാ–**
**ദൃശ്യന്തേ യത്ര നാഗേന്ദ്ര**
**സബ്രാഹ്മണ ഇതിസ്മൃതഃ**
**(മ.3–180–21)**

**സർപ്പശ്രേഷ്ഠാ, സത്യം ദാനം,**
**ക്ഷമ, സുശീലത,**
**ക്രൂരരാഹിത്യം തപസ്സ്,**
**കാരുണ്യം –**
**ഇവ ആരിൽ കാണുന്നുവോ**
**അവനാണ് ബ്രാഹ്മണൻ**

**ധർമ്മപുത്രർ തുടരുന്നു**
**ശൂദ്രേതു യദ് ഭവേല്ലക്ഷ്മ**
**ദ്വിജേതച്ച ന വിദ്യതേ**
**ന വൈശൂദ്രോ ഭവേച്ഛൂദ്രോ**
**യത്രൈതല്ലക്ഷ്യതേ സർപ്പ**
**വൃത്തം സഃബ്രാഹ്മണഃ സ്മൃത**
**യത്രൈത ന്നഭവേഷത് സർപ്പ**
**തം ശൂദ്രമിതി നിർദ്ദിശേത്**
**(മ.3–180–25,26)**

**സത്യം തുടങ്ങിയ മുൻചൊന്ന**
**ലക്ഷണങ്ങൾ**
**ശൂദ്രനിലുണ്ടെങ്കിൽ**
**അയാൾ ശൂദ്രനല്ല.**
**ബ്രാഹ്മണനിലില്ലെങ്കിൽ**
**അയാൾ ബ്രാഹ്മണനുമല്ല.**
**അല്ലയോ സർപ്പശ്രേഷ്ഠാ**
**ഈ ലക്ഷണങ്ങൾ**
**ഇണങ്ങിയാലാണ്**
**ബ്രാഹ്മണനാവുക.**
**അവയില്ലെങ്കിൽ**
**ശൂദ്രനാകും.**



കാലമേ ദയാഹീനമാകിയ ഭവദീയ
ലീലമേ വളർത്തുന്നു വിസ്മയം, ഭയം, ശോകം

പത്താംക്ലാസ്സുവരെപ്പഠിച്ചതവിടെ, യെത്തീയഹം സ്കൂളിലേ–
ക്കെത്താൻ കൽപ്പടി നൂറിലധികം താണ്ടീടണം നിത്യവും.
പ്രത്യേകം ദിനചര്യയിത്ഥ, മതിനാലുണ്ടായിലാ ഞങ്ങളിൽ,
പിത്തം, വാതമതെന്നുവേണ്ട,യധികം ദുർമ്മേദസ്സും നീങ്ങിപോൽ.

ഇന്നീക്കുട്ടികളെങ്ങനിത്ര ചെറുതാം പ്രായത്തിലേ രോഗികൾ.?
ഇന്നീക്കണ്ട യുവാക്കളിൽപ്പലരുമേ രോഗത്തിലാഴ്ന്നീടുവോർ.
ഒന്നോർത്തീടുക പോയകാലമിവർതൻ മുമ്പേ ഗമിച്ചീടുവോർ,
വന്നീഭൂമിയിലെത്രകണ്ടു കഠിനം ജീവൻ നയിച്ചീടിനാർ.

തീരില്ലീയൊരു താരതമ്യപഠനം ഓരോന്നു നോക്കുമ്പൊഴും,
ചാരത്തുള്ളവ മാത്രമേയിതുവരെക്കാണുന്നതുള്ളൂ വയം.
ആരോടെങ്കിലുമീവിധം പറയുവാനാളല്ല ഞാനെന്നതും,
നേരായ് ജീവിതമാസ്വദിച്ചു കഴിയാനായീടുമോ ഭാവിയിൽ?


കാശിയാത്ര
2023 March 25- April 1
ഡൽഹി, പ്രയാഗ്‌രാജ്, അയോദ്ധ്യ, കാശി,

മൂകാംബികാ യാത്ര
2023 April 5 - 9
തളിപ്പറമ്പ്, മധൂർ, അനന്തപൂർ, ഉടുപ്പി,
മൂകാംബികാ, കുടജാദ്രി, മുരുഡേശ്വർ

ഹിമാലയ യാത്ര
2023 May 25 - June 7
ഗംഗോത്രി, യമുനോത്രി, കേദാർനാഥ്, ബദരീനാഥ്

9400220088


# അമ്മൂമ്മക്കിളി


ഉമ ഉണ്ണികൃഷ്ണൻ, പുളിന്ത്ര ഇല്ലം, തൃപ്രയാർ
9611312922


ഓ തിത്തിത്താരാ തിത്തിത്തൈ ...
തിത്തൈ തക തെയ് തെയ് തോം....

അമ്മൂമ്മയും കൊച്ചുമോനും ഓടം തുഴഞ്ഞാറ്റിലൂടെ
ഓളംവകഞ്ഞോരത്തൂടെ മുന്നേറീടുന്നൂ;
കൊച്ചുമോനെ കാഴ്ചകാട്ടാൻ കച്ചകെട്ടിയമ്മൂമ്മയും
തോണീലേറിപ്പുറപ്പെട്ട കഥപറയാം.

കരയിലോ വാഹനത്തിൻ കുരുക്കാലങ്ങേറ്റം കഷ്ടം
ജലമാർഗ്ഗേ  സ്വച്ഛന്ദമീ സ്വൈരവിഹാരം;
തെന്നലിന്റെ താളത്തിലായ് ചാഞ്ചാടുന്ന തരുക്കളും,
തുള്ളിച്ചാടും മത്സ്യങ്ങളും കാഴ്ചകളായീ.

ഹരിതബിംബിതജലം, ഹരിതകഭംഗികളും
ഹരമായി മനസ്സിനു ഹർഷവുമായീ;
തുഴയുവാൻ മോഹമേറേയുദിച്ചല്ലോ കൊച്ചുമോനും,
തുഴയൊന്നു കൈക്കലാക്കാൻ പാടുപെടുന്നൂ.

ലതകളും, തരുക്കളും, കാട്ടുപൂവിൻചെടികളും,
മുളങ്കാടിൻ നാദമേകും മുകുന്ദഭാവം;
പച്ചപ്പിന്റെ പര്യായമായ് നിലകൊള്ളും തീരങ്ങളും
തരുണിപോൽ സുന്ദരമീ നദിക്കരകൾ.

നേരമയ്യോയിരുട്ടുന്നൂ, അമ്മൂമ്മയ്ക്കങ്ങാധിയായി
ചിണുങ്ങുന്നു കൊച്ചുമോനും വിസമ്മതത്താൽ;
ആറ്റുവഞ്ചിയാത്രയുമങ്ങാസ്വദിച്ചിട്ടിരുവരും,
ആമോദമായ് സായാഹ്നത്തിൽ മന്ദിരം പൂകീ

# ഗ്രഹണം


നന്ദൻ താമരശ്ശേരി


അവിനിക്ക് ദിവാകരൻ തരും
തേജസ്സാകും അനന്തശോഭയും
അയനത്തിനിടയ്ക്ക് വന്നിടും
ഗ്രഹണത്താലേ മറഞ്ഞു പോയിടാം

മധുരം കിനിയുന്ന പായസം
നിറയും പാത്രമതിന്റെ വക്കിലായ്
ഒരു ഭസ്മ കണം കിടന്നീടിൽ
മുഴുവൻ പായസവും വൃഥാവിലോ

കുയിലോടിടയുന്ന കണ്ഠമാർന്നതിലോലം
ശ്രുതിപാടി നിൽക്കവേ
അറിയാതിടറുന്ന മാത്രയിൽ ഗാനം
പൂർണമബദ്ധമാകുമോ?

പുതുതായ് വിടർന്നുയർന്നതാം
പനിനീർപ്പൂ പകരുന്ന ഗന്ധവും
അതിനോടിട ചേർന്ന് നിന്നിടും
മുള്ളാൽ തീർത്തും അസഹ്യമാകുമോ?

ചെറുചിന്തയടർന്നു വീണു
കൈപ്പിഴയായ് മാറി ഹാ! ചെയ്തതൊക്കെയും
ശശിതന്റെ  നിലാവിനെ വെറും
നിഴലാൽ മാത്രം അളന്നിടാവതോ

തളരായ്ക വിഷാദ ചിത്തമേ
മനുജൻ തെറ്റിന് ഹാ! വിധേയനാം
പല നാൾ കഴിയുമ്പോൾ നിന്റെ സത് –
കൃതകൃത്യങ്ങൾ തെളിഞ്ഞു നിന്നിടാം



സംഭ്രമിക്കായ്ക നവീന ശാസ്ത്രങ്ങൾ തൻ
സംഭാവനകളാണീ നിണച്ചാലുകൾ

## പദപ്രശ്നം 23

| | | | | | | |
|---|---|---|---|---|---|---|
| 1 | 2 | | | 3 | 4 | 5 |
| 6 | 7 | | 8 | 9 | | 10 |
| | 11 | 12 | | | | |
| | | | 13 | | | |
| | 14 | 15 | | | 16 | 17 |
| 18 | | 19 | | | | |
| 20 | 21 | | | 22 | 23 | |

**വലത്തോട്ട്**

1. സരയൂ നദിയുടെ തീരത്തുള്ള ഈ രാജ്യത്തിന്റെ തല സ്ഥാനമാണ് അയോദ്ധ്യ (3)
6. പൂക്കാതെ കായ്ക്കുന്ന വൃക്ഷങ്ങൾക്ക് പറയുന്ന പേര് (5)
8. ഭർത്താവ് (2)
9. വിളക്ക് കൊളുത്താൻ ഇത് വേണം. (2)
11. മഞ്ഞപ്പിത്തം എന്ന രോഗമാണിത് (3)
12. കുന്ന് (2)
14. ഇത് നിലം ഉഴുതുമറിക്കാൻ ഉപയോഗിക്കുന്നു (3)
18. പൊന്നാട, തോർത്ത് ഇതിന്റെ ഇംഗ്ലീഷ് വാക്ക് (2)
19. കേരളത്തിലെ ഒരണക്കെട്ട് (3)
22. പണി കഴിഞ്ഞ ക്ഷേത്രത്തിന് പറയുന്ന പേര് (3)

**താഴോട്ട്**

1. തമിഴ് കാവ്യമായ ചിലപ്പതികാരത്തിലെ നായകൻ (4)
2. ബ്രഹ്മാവിന്റെ മാനസപുത്രന്മാരായ നാലു മുനിമാർ (6)
3. സൂര്യൻ (4)
4. നാട്ടിൽ അപൂർവ്വമായി ഇറങ്ങുന്ന ഒരു ജീവി (2)
6. ഇത് മത്സ്യബന്ധനത്തിന് ഉപയോഗിക്കാറുണ്ട് (2)
8. ദശമൂലങ്ങളിൽപ്പെട്ട ഒരു വൃക്ഷം (6)
12. അസ്ഥിയിലുള്ള കൊഴുപ്പ് (2)
13. കേരളത്തിലെ പ്രധാനപ്പെട്ട ഒരാഹാരസാധനം (2)
16. കതിർമണ്ഡപത്തിലേക്ക് പ്രവേശിക്കുന്നവൾ (2)
17. സന്തോഷം (3)
19. ഈ മരത്തിന്റെ ഫലം വിറ്റമിൻ സി. കൊണ്ട് സമ്പുഷ്ടമാണ് (2)

**ഇടത്തോട്ട്**

5. രാമായണത്തിലെ ഒരു കഥാപാത്രം (4)
7. ഒൻപത് (2)
10. ഗോതമ്പുകൊണ്ട് ഉണ്ടാക്കുന്ന എണ്ണപ്പലഹാരം (2)
11. ഇങ്ങനെ ഒരു പുരിയുണ്ടെന്നാണ് സങ്കൽപം (2)
17. ബ്രാഹ്മണർ ഉപാകർമ്മം നടത്തുന്ന മാസം (3)
17. വൈദികകർമ്മങ്ങൾക്ക് ഇരിപ്പിടം (6)
21. ശർക്കര നിർമ്മാണത്തിന് പ്രസിദ്ധമായ ഒരു സ്ഥലം (2)

**മേല്പോട്ട്**

10. ഇതറിയാവുന്നവൻ പൂജകൻ (2)
11. കൃഷിയിടങ്ങളിൽ വെള്ളം കെട്ടിനിർത്താൻ ഇത് നിർമ്മിക്കാറുണ്ട് (2)
13. ചില വ്യക്തികൾക്ക് ഇതിനോടുള്ള അഭിരുചി ചെറുപ്പം മുതലേ ഉണ്ട് (2)
15. നാണം (2)
16. വിശിഷ്ടമായ ഒരിനം ശംഖ് (4)
17. നവരാത്രി കാലത്തെ ചടങ്ങ് (5)
20. ഏകലവ്യൻ ഒരു – – ആയിരുന്നു. (4)
21. വാലിൽ വിഷമുള്ള ഒരു ജീവിയാണിത് (2)
23. ശിവന്റെ ഒരവതാരം (2)

തയ്യാറാക്കിയത്
ഓമനക്കുട്ടൻ, പുതുശ്ശേരി ഇല്ലം, കുമ്മണ്ണൂർ

**അയച്ചുകിട്ടേണ്ട അവസാന തീയതി : ഫെബ്രുവരി 25**

Name.................................................

Address............................................

Mob:.................................................

പദപ്രശ്നത്തിന്റെ ഉത്തരം പൂരിപ്പിച്ച് പേരും മേൽവിലാസവുമെഴുതി ഫോട്ടോ എടുത്ത് ചീഫ് എഡിറ്ററുടെ വാട്സപ് നമ്പരിൽ അയച്ചാൽ മതിയാവും.

## ഹരി ഓം

*ബ്രഹ്മശ്രീ നീലകണ്ഠശർമ്മ*
*കുറിച്ചി*

തിരുജടയതിലുള്ളസുരനദിയും
ഗളമതിലണിഞ്ഞീടുമുരഗങ്ങളും

ഒരു കൈയ്യിലമരുന്ന പൊൻ മൃഗംമാനതും
മറുകൈയ്യിലെഴുമതാം പരശുതൊഴുന്നു ഞാൻ

തിരുമിഴിതുറക്കാതെശാന്തമായി വന്നിടും
തിരുമേനി കണ്ടു വണങ്ങുന്നു ഭക്തരെ

തിരുമിഴികൊണ്ടങ്ങനുഗ്രഹം നൽകിടും
തിരുവുംപ്ളാവിൽ വാഴുംദേവാനമിപ്പു ഞാൻ

മാമക ചിത്തത്തിലന്നും ഇല്ല
മാദക വ്യാമോഹമൊന്നും

# ബാലിസുഗ്രീവ ജന്മകഥ

ഓമന അന്തർജ്ജനം
പൊതിയിൽ ഇല്ലം ആണ്ടൂർ

ഒരു ഗ്രാമത്തിൽ പണ്ഡിതനും സരസനുമായിരുന്ന ഒരു സന്യാസി താമസിച്ചിരുന്നു. ഒരു ദിവസം അദ്ദേഹം ക്ഷേത്രത്തിന്റെ ആൽത്തറയിലിരുന്നു വിശ്രമിക്കുകയായിരുന്നു. അപ്പോൾ തമാശക്കാരനും അറിവുള്ളവനും ആണെന്ന് അഹങ്കാരമുള്ള ഒരാൾ അതുവഴി വന്നു. അയാൾ സന്യാസിയോട് ചോദിച്ചു, അവിടുന്ന് എന്താണാവോ ഇവിടെയിങ്ങിനെയിരിക്കുന്നത്. സന്യാസി ഒന്നും മിണ്ടിയില്ല. തല അല്പം ചരിച്ച് കണ്ണിറുക്കി കാണിച്ചു. വീണ്ടും അയാൾ അല്പം പരിഹാസത്തിൽ ചോദിച്ചു, അവിടുന്ന് എന്താണാവോ നാഴീപ്പാതിയാടാത്തത്. ഇതുകേട്ട സന്യാസി പൊട്ടിച്ചിരിച്ചുകൊണ്ട് ഒറ്റ ശ്വാസത്തിൽ പറഞ്ഞു, ''ഒരുത്തൻ പോയി ഒരുത്തിയായി. ഒരുത്തി പെറ്റ് ഇരുവരുണ്ടായി. അവർ കരുത്തരായി വളർന്നു. കരുത്തർ വിരുദ്ധരായി. അവരിൽ ഇളയവന്റെ ഇഷ്ടക്കാരന്റെ ശത്രുവിന്റെ നാട് എരിച്ചവന്റെ അച്ഛന്റെ വരവും കാത്തിരിക്കുകയാണ്'' എന്നു പറഞ്ഞു സന്യാസി അവിടെനിന്നും പോയി. അഹങ്കാരിയായ വഴിപോക്കനും നാണം കെട്ട് അവിടെനിന്നും സ്ഥലംവിട്ടു.

ഇനി ഇതിന്റെ അർത്ഥത്തെപ്പറ്റി ചിന്തിയ്ക്കുന്നതിനു മുൻപ് ഒരു കഥകൂടി അറിയേണ്ടതായുണ്ട്. ഒരു ദിവസം സൂര്യാസ്തമയത്തിനു ശേഷം, സൂര്യസാരഥിയായ അരുണന് ഇന്ദ്രലോകത്തു നടക്കുന്ന ഉത്സവം കാണണമെന്ന് മോഹം ഉണ്ടായി. പക്ഷെ, അന്നത്തെ ഉത്സവത്തിൽ സ്ത്രീകൾക്കു മാത്രമെ പ്രവേശനം ഉണ്ടായിരുന്നുള്ളൂ. അതിനാൽ അരുണൻ അതിസുന്ദരിയായ ഒരു സ്ത്രീരൂപം ധരിച്ച് ഇന്ദ്രലോകത്തു ചെന്നു. ഈ സ്ത്രീയെ കണ്ടമാത്രയിൽ ത്തന്നെ ദേവേന്ദ്രന് അനുരാഗം തോന്നി, അവളെ ഭാര്യയായി സ്വീകരിച്ചു. അവർക്ക് ഒരു കുട്ടി ജനിച്ചു, പെട്ടെന്നു വളരുകയും ചെയ്തു. ഈ കുട്ടിയാണ് ബാലി.

പിറ്റേ ദിവസം സൂര്യോദയത്തിനു സമയമായിട്ടും അരുണൻ വന്നില്ല. അരുണൻ ദേവലോകത്തുനിന്നു വരുവാൻ അല്പം താമസിച്ചു. (ഈ ദിവസം പതിവ്രതാരത്നമായ ശീലാവതി അന്ന് സൂര്യൻ ഉദിക്കരുതെ എന്നു പ്രാർത്ഥിച്ചിരുന്നു. കാരണം അന്നു സൂര്യൻ ഉദിച്ചാൽ ശീലാവതിയുടെ ഭർത്താ വായ ഉഗ്രതപസ്സിന്റെ തല പൊട്ടി മരിക്കുമെന്ന് മാണ്ഡവ്യമുനി ശപിച്ചിരുന്നു.

സൂര്യൻ ഉദിക്കാതായപ്പോൾ ലോകം അന്ധകാരത്തിലായി. ഇതറിഞ്ഞ ത്രിമൂർത്തികൾ ഉഗ്രതപസ്സിന് ജീവൻ നൽകി. അരുണൻ വന്നപ്പോൾ സൂര്യൻ ശകാരിച്ചു. അപ്പോൾ തലേ ദിവസം നടന്ന സംഭവങ്ങൾ അരുണൻ സൂര്യനോടു പറഞ്ഞു. ദേവേന്ദ്രനെ ഭ്രമിപ്പിച്ച ആ രൂപം തനിയ്ക്കും കാണണമെന്ന് സൂര്യൻ പറഞ്ഞു. വീണ്ടും അരുണൻ സ്ത്രീയായി മാറി സൂര്യനും അവളെ ഭാര്യയായി സ്വീകരിച്ചു. അതിലും ഒരു കുട്ടിയുണ്ടായി. ഈ കുട്ടിയാണ് സുഗ്രീവൻ. ബാലിയെ ഇന്ദ്രാത്മജനെന്നും സുഗ്രീവനെ അർക്കാത്മജനെന്നും വിളിയ്ക്കുന്നു.

ഇനിയും സന്യാസി പറഞ്ഞ കഥയുടെ അർത്ഥത്തെപ്പറ്റി ചിന്തിയ്ക്കാം. വഴിപോക്കൻ സന്യാസിയോട് നാഴീപ്പാതിയാടാത്തത് എന്തേ എന്നു ചോദിച്ചല്ലോ. നാഴിയുടെ പകുതി ഉരി ഉരിയാടാത്തത് എന്തേ എന്നാണ് അതിനർത്ഥം. സന്യാസി പറഞ്ഞതിന്റെ അർത്ഥം അരുണൻ എന്ന ഒരുത്തി പെറ്റ് ഇരുവരുണ്ടായി (ബാലിസുഗ്രീവർ) ഇവർ കരുത്തരായി വളർന്നു. പിന്നീടവർ ശത്രുക്കളായി ഇളയവനായ സുഗ്രീവന്റെ ഇഷ്ടക്കാരൻ ശ്രീരാമൻ ശ്രീരാമന്റെ ശത്രു രാവണൻ രാവണന്റെ നാട് എരിച്ചവൻ ഹനുമാൻ. ഹനുമാന്റെ അച്ഛൻ വായുദേവൻ അതായത് സന്യാസി കാറ്റുകൊള്ളാനാണ് ആൽത്തറയിലിരുന്നത്.



**BAMS ഉന്നതവിജയം നേടിയ ചങ്ങനാശേരി കുറിച്ചി പുതുമന ഇല്ലത്ത് സുരേഷ്കുമാറിന്റെയും, കലാദേവിയുടെയും പുത്രൻ ഡോ. സുദേവ് ശർമ്മ**

അടിയനീയുടുപ്പഴിച്ചുമാറ്റുവാ-
നനുവാദം കനിഞ്ഞരുളണേ പ്രഭോ

# ആദരാഞ്ജലികൾ



മാലം താമരശ്ശേരി ഇല്ലത്ത്
ശ്രീ. റ്റി. വി. പുരുഷോത്തമ
ശർമ്മയുടെ ഭാര്യ
**ശ്രീമതി. ഒ.പി. പത്മജ**
2022 നവംബർ 24 ന്
വിഷ്ണുപാദം പൂകി.




ഗുരുവായൂർ ചേടപ്പുറത്ത് ഇല്ലത്ത്
പരേതനായ സി.പി. രാമൻ
ഇളയതിന്റെ സഹധർമ്മിണി
**സാവിത്രി അന്തർജനം (അമ്മിണി)**
2022 നവംബർ 16 നു
വിഷ്ണുപാദം പൂകി



കുഴൂർ മുല്ലപ്പിള്ളി പരമേശ്വരൻ
ഇളയതിന്റെ സഹധർമ്മിണി
**രാധാ അന്തർജനം** 2022 നവംബർ
28 ന് വിഷ്ണു പാദം പൂകി



**വിജയകുമാർ നമ്പൂതിരി**
പാഴൂർ ഇല്ലം വൈക്കം 2022
ഡിസംബർ 21 നു
വിഷ്ണു പാദം പൂകി





15 – ാം ശ്രാദ്ധ ദിനം
**നീലകണ്ഠൻ നമ്പൂതിരി**
(27/01/2023)

ആദരാഞ്ജലികൾ
**രമാദേവി അന്തർജ്ജനം**
(28/11/2022)

**പെരുമ്പുഴ ഇല്ലം**
**അന്തിനാട്, പാലാ ശാഖാ**



ചങ്ങനാശ്ശേരി കുറിച്ചി
പെരുമ്പോഴിപ്പുറത്ത് ഇല്ലത്ത്
ശ്രീധര ശർമ്മ (മണിയൻചേട്ടൻ )
യുടെ സഹധർമ്മിണി **സരസ്വതി**
**അന്തർജ്ജനം** 2023 ജനുവരി 7ന്
വിഷ്ണുപാദം പൂകി

ഇന്നീവിധം ഗതി നിനക്കയി പോക! പിന്നൊ-
ന്നൊന്നായ്ത്തുടർന്നുവരുമാവഴി ഞങ്ങളെല്ലാം
ഒന്നിന്നുമില്ല നില - ഉന്നതമായ കുന്നു-
മെന്നല്ല യാഴിയുമൊരിക്കൽ നശിക്കുമോർത്താൽ

**കുമാരനാശാൻ (വീണപൂവ്)**



ദിനാന്തസൂര്യരശ്മി തട്ടിടാത്ത നാട്ടിലൊന്നിൽ നാ-
മനാകുലം സുഖിക്കുമന്നു കണ്ടിടാം പരസ്പരം

## ബ്രഹ്മചര്യം

ആദ്യത്തെ ആശ്രമമായ ബ്രഹ്മചര്യം അനുഷ്ഠിക്കാത്തവരായി ആരുമില്ല. ഭാരതീയസംസ്കാരത്തിൽ ബ്രഹ്മചര്യം എന്ന പദത്തിന് തുല്യമായി മറ്റു ഭാഷകളിൽ student എന്ന രീതിയിലുള്ള പദങ്ങൾ മാത്രമേ യുള്ളൂ. വിദ്യാഭ്യാസകാലത്തിനു പൊതുവെ നൽകിയിട്ടുള്ള പേരാണ് ബ്രഹ്മചര്യം. എല്ലാ ദേശങ്ങളിലും സംസ്കാരങ്ങളിലും ജീവിതത്തിന്റെ പ്രഥമഘട്ടം ഇത് തന്നെയാണ്. ഈ വാക്കുകൊണ്ട് അർത്ഥമാക്കുന്നത് ''ബ്രഹ്മത്തിൽ ചരിക്കുന്ന കാലഘട്ടം'' എന്നാണ്. ബ്രഹ്മം എന്നാൽ ജ്ഞാനം. ജ്ഞാനത്തിനായി സഞ്ചരിക്കുന്നവൻ ബ്രഹ്മചാരി. ബ്രഹ്മാനന്ദം ലഭിക്കാൻ വേണ്ടത് വേദപഠനം തന്നെയാണ്. ഭൗതിക വിദ്യാഭ്യാസത്തോടൊപ്പം വേദ പഠനവും നമ്മൾ അഭ്യസിക്കേണ്ട താണ്. ഉപനയനരൂപേണ ആചാര്യസമീപം എത്തുന്നത് ഈ ലക്ഷ്യത്തോടെയാണ്. അഞ്ചാംവയസ്സിൽ അല്ലെങ്കിൽ എട്ടാംവയസ്സിൽ ഉപനീതനായി ഗുരുസമക്ഷം എത്തുന്ന ശിഷ്യനെ, ശരീരധർമങ്ങൾ നിയന്ത്രിച്ച്, മനോധർമങ്ങളെയും (മനസ്സിന്റെ പ്രധാന ധർമമായ കാമത്തെയും) നിയന്ത്രിച്ച് ആത്മവിദ്യ സ്വീകരിക്കാൻ ഗുരു പ്രാപ്തനാക്കുന്നു. ആത്മ വിദ്യ നേടുക എന്നതാണ് ബ്രഹ്മചര്യത്തിന്റെ ലക്ഷ്യം. ഏതു ഭൗതികവിദ്യ പഠിച്ചാലും, ആത്മവിദ്യ സ്വീകരിച്ച്, അതിലൂടെ ഉൽകൃഷ്ടമായ ലക്ഷ്യത്തിൽ എത്താനുള്ള ആത്മബലം ശിഷ്യൻ നേടണം. ഇതിന് അനുയോജ്യമായ ഒരു വിദ്യാഭ്യാസ രീതിയാണ് ഭാരതീയസംസ്കാരം നൽകുന്നത്.

'വിദ്യ' എന്നാൽ അറിഞ്ഞു പ്രാപിക്കുന്നത്. 'വിദ്', 'യാ' എന്നീ ധാതുക്കൾ ചേർന്നതാണ് വിദ്യ. 'വിദ്' - ജ്ഞാനേ, 'യാ', 'പ്രാപണേ' - അറിഞ്ഞു പ്രാപിക്കുന്നതാണ് വിദ്യ. ആത്മജ്ഞാനം മാത്രമാണ് വിദ്യ. യാതൊന്നറിഞ്ഞാലാണോ മോക്ഷമെന്ന ലക്ഷ്യത്തിൽ എത്താനാകുന്നത്, അതാണ് വിദ്യ. ഉപനിഷത്തുകൾ പറയുന്നു 'യാ വിദ്യാ സാ വിമുക്തയേ' - യാതൊന്നാണോ മുക്തിക്കുപകരിക്കുന്നത് അതാണ് വിദ്യ. മറ്റെല്ലാം അവിദ്യയാണ്. ഇത്തരത്തിൽ ചിന്തിച്ചാൽ ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായം 'അവിദ്യാഭ്യാസം' മാത്രമാണ്. കാരണം മുക്തിക്കുതകുന്ന ഒരു വിദ്യയും ഇന്ന് പഠനപദ്ധതിയിൽ ഇല്ല. അതിനാൽ തന്നെ ഇന്നത്തെ വിദ്യാഭ്യാസകാലത്തെ ബ്രഹ്മചര്യം എന്ന് പറയാനാകില്ല.

<u>ഡോ.പി.വി.വിശ്വനാഥൻ നമ്പൂതിരി</u>
<u>സനാതനസുധ (പ്രസരം പബ്ലിക്കേഷൻസ്)</u>

## സമസ്യാ പൂരണങ്ങൾ

കാണാം മനുഷ്യനറെ മനസ്സിനുള്ളിലായ്
ചേണാർന്നൊരാ ഭാവന തൻ വിലാസവും
വേണ്ടുന്ന പോൽ ചേർത്തു നിറം കൊടുക്കിലോ
കാണാം കരിങ്കല്ലിലുമീ മഹാത്ഭുതം

ഗിരിജ എൻ. നമ്പൂതിരി,
വടുതലായിൽ ഇല്ലം, കുടക്കച്ചിറ

കാലം നമിക്കുന്നൊരു വിസ്മയങ്ങളേ
കാണിക്കവച്ചൊരു സനാതനപ്പൊരുൾ
ക്ഷേത്രച്ചുവർ കാവ്യമെഴുന്ന ശില്പമായ്
കാണാം കരിങ്കല്ലിലുമീ മഹാത്ഭുതം

വി. എൻ. ദിവാകരൻ
വെള്ളിയെപ്പിള്ളിൽ ഇല്ലം, ആണ്ടൂർ

കാണാൻ നമുക്കൊത്തിരി മോഹമാകിലും
പ്രാണൻ പുറത്തേയ്ക്കു ഗമിക്കുവോളവും
കാണാപ്പുറത്തേയ്ക്ക് നടന്നു കേറൂകാൽ
കാണാം കരിങ്കല്ലിലുമീ മഹാത്ഭുതം

അപ്പു കരിയ്ക്കാട്ടിൽ,
കരിക്കാട്ടിൽ ഇല്ലം, ചേർത്തല

വീണാസമേതേ, കലദേവതാത്മികേ
നീണാളുവാഴും കല നിന്നിലൂടിതാ
വാണീശ്വരീ ശ്രീവിലസും സരസ്വതി
കാണാം കരിങ്കല്ലിലുമീ മഹാത്ഭുതം

വി. എൻ. വാസുദേവൻ ഇളയത്,
വാളമറ്റത്തില്ലം, കോതമംഗലം

തൂണും തുരുമ്പും ഭഗവാനിതാലയം
കാണാൻ പരം ഭക്തി നമുക്കുദിക്കണം
കണ്ണൻ മനസ്സിൽ കളിയാടുമെങ്കിലോ
കാണാം കരിങ്കല്ലിലുമീ മഹാത്ഭുതം

പി. ഹരികുമാർ,
പാണാട്ടില്ലം, കുറിച്ചിത്താനം

<u>സമസ്യാകാരന്റെ പൂരണം</u>

കാണുന്നിടത്തൊക്കെയുമീശ്വരത്ത്വമേ
കണ്ണൊന്നടച്ചാലുമിനിത്തെളിഞ്ഞു താൻ
കാണാകണം ഈശ്വരനേകകത്തിലായ്
കാണാം കരിങ്കല്ലിലുമീ മഹാത്ഭുതം

രാജീവ് പി., പാണാട്ടില്ലം, ആലുവ

**അടുത്ത സമസ്യ**

"വിരിഞ്ഞ പൂവു പോലെയെന്റെ മുന്നിൽ
വന്നു നിന്നു നീ "

വൃത്തം : പഞ്ചചാമരം

ലക്ഷണം : 'ലഗം ലഗം നിരന്നു
പത്തുമാറു പഞ്ചചാമരം

അല്ലെങ്കിൽ : 'ജരം ജരം ജഗം നിരന്നു
പഞ്ചചാമരം വരും



ഇരുളിൻ മഹാനിദ്രയിൽ നിന്നുണർത്തി നീ
നിറമുള്ള ജീവിതപ്പീലി തന്നൂ

# രാമായണ കഥാപാത്രങ്ങളും അവരുടെ മൂലമന്ത്രധ്യാനഛന്ദസ്സുകളും

ഡി.ശ്രീധരൻ നമ്പൂതിരി
പാലക്കൽ ഇല്ലം (കരവേലിൽ)
ചിറക്കടവ്

രാമായണത്തിലെ പ്രധാന കഥാപാത്രങ്ങളുടെയും ദേവഗുരുവിന്റെയും ഗായത്രിയുടെയും മറ്റും ഛന്ദസ്സും മൂലമന്ത്രവും ധ്യാനശ്ലോകങ്ങളും മറ്റും പൊതുവേ അറിയപ്പെടാത്തവയായതിനാലും ബ്രാഹ്മണർ അറിയുന്നത് നന്നായിരിക്കും എന്നതിനാലും ബ്രഹ്മശ്രീയിൽ പ്രസിദ്ധീകരിക്കാനായി എഴുതി അയയ്ക്കുന്നു.

1. **ശ്രീരാമൻ** - അസ്യശ്രീ.ശ്രീരാമ മഹാമന്ത്രസ്യ ബ്രഹ്മാഋഷി
**ഗായതി ഛന്ദ:** ശ്രീരാമ പരമാത്മാദേവത
**ധ്യാനം** - ഓം സ്രക്ചന്ദനാഭരണ ഭൂഷ്തഭാസ്വരാംഗം വാമോരു സംസ്ഥിത മീതനയോപശുഹം
ഉൽഫുല്ലപത്മനയനം സ്മിതസുന്ദരാസ്യം രാമം കൃപാജലനിധീം മനസാസ്മരാമി

2. **സീതാദേവി** - അസ്യശ്രീ.സീതാദേവി മന്ത്രസ്യ ജനകഋഷി
**ഗായത്രി ഛന്ദ:** സീതാദേവത ധ്യാനം - സീതാമുദാരചരിതാം വിധിമുഖ്യവന്ദ്യാം ദേവീ ത്രിലോകജനനീം ശ്രിതകല്പവല്ലി ഹേമാസന സ്ഥിത ജുഷാം മണിഹാര മൌലീം ഭൂഷോജലാമനുദിനം ലളിതാം നമായി

3. **ഭരതൻ** - അസ്യശ്രീ.ഭരത മഹാമന്ത്രസ്യ അഗസ്ത്യഋഷി
**ഗായത്രി ഛന്ദ:** ഭരത പരമാത്മാദേവത **ധ്യാനം** - ദ്വിഭുജം ശ്യാമളം ശാന്തം പത്മപത്രനിഭേഷണം ഭരതംകമദാ താരം കൈകേയി തനയം ഭജോ:

4. **ശത്രുഘ്നൻ** - അസ്യശ്രീ ശ്രതുഘ്ന മഹാമന്ത്രസ്യ അഗസ്ത്യഋഷി
**ഗായതി ഛന്ദ:** ശ്രതുഘ്ന പരമാത്മാദേവത
**ധ്യാനം** - ദ്വിഭുജം സ്വർണരുചിത തനും
പത്മപത്രനിഭേഷണം ധനുർബാണധരം ധ്യായേൽ ശ്രതുഘ്ന രാമസോദരം

5. **ലക്ഷ്മണൻ** - അസ്യശ്രീ ലക്ഷ്മണ മഹാമന്ത്രസ്യ അഗസ്ത്യഋഷി
**ഗായതി ഛന്ദ;** ലക്ഷ്മണ പരമാത്മാദേവത
**ധ്യാനം** - ദ്വിഭുജം മോഹനാകാരം രാമസേവാപരായണംസർവ്വസംയുക്ത ധ്യായേൽ ലക്ഷ്മണ മന്വഹം

6. **ഹനുമാൻ** - അസ്യശ്രീ ഹനുമാൻ സ്തേത്രസ്യ അഗസ്ത്യഋഷി
**ഗായതി ഛന്ദ:** ശ്രീഅഞ്ജനേയ ദേവത
**ധ്യാനം** - ആഞ്ജനേയമതി പാടവാനനം കാഞ്ചനാദ്രി കമനീയവിഗ്രഹം പാരിജാത തരുമൂലവാസിനം ഭാവയാമി പവമാന നന്ദനം

7. **വ്യാഴം** (ബൃഹസ്പതി) - അസ്യശ്രീ ബൃഹസ്പതീ മന്ത്ര: ശ്രീനാരദഋഷി
**ഗായതി ഛന്ദ:** ബൃഹസ്പതി ദേവത
**ധ്യാനം** - ദേവനാംയ ഋഷീണാംയ ഗുരുകാഞ്ചന സന്നിഭം ബുദ്ധിഭൂതം ത്രിലോകേശം തം നമാമി ബൃഹസ്പതീം

**ഗായതി മന്ത്രാർത്ഥം ധ്യാനം**

ഓം ഭൂർ ഭുവ സ്വതൽസവിതുർവരേണ്യം ഭർഗോദേവസ്യധീമഹീ: ദിയോയോന പ്രരജോദയാൽ

ഓം -പരബ്രഹ്മം ഭൂലോകം ഭുവർലോകം (അന്തരീക്ഷം) സ്വർഗ്ഗം ഇവയെ പ്രകാശിപ്പിക്കുന്ന സവിതാവായദേവനേ ധ്യാനിക്കുന്നു. അതെന്റെ ധീവൃത്തികൾക്ക് പ്രചോദനം ഏകട്ടെ

**ഛന്ദസ്** - ഓം വിശ്വ മിത്ര ഋഷി, ഗായത്രി ചന്ദ: സവിതാ ദേവത

**ധ്യാനം** - ധ്വേയസ്സദാ സവിതൃ മല മധ്യവർത്തീ നാരായണസ്സരസിജാസന സന്നിവിഷ്ട: കേയുരവാൻ മകര കുണ്ഡലവാൻ കരിടീഹാരി ഹിരൺമയ വപൂ:ധൃതശങ്കചക്രാ



സചേതനാ ചേതനമിപ്രപഞ്ചം
സർവ്വം വിളക്കുന്ന കെടാവിളക്കേ

കഴിഞ്ഞ ലക്കത്തിൽനിന്നും തുടർച്ച....

# വിഷ്ണുഭുജംഗം - 2

സി വി ശങ്കരൻ ചേലമറ്റത്തില്ലം

വിശുദ്ധം ശിവം ശാന്തമാദ്യന്തശൂന്യം
ജഗജ്ജീവനം ജ്യോതിരാനന്ദരൂപം
അദിഗ്ദേശകാലവ്യവച്ഛേദനീയം
ത്രയീവക്തിയം വേദ തസ്മൈ നമസ്തേ!

അർത്ഥഗ്രഹണം:

വിശുദ്ധം – എല്ലാത്തരത്തിലും ശുദ്ധനായിട്ടുള്ളത്

ശിവം – മംഗളസ്വരൂപൻ. ആദ്യത്തെ ശ്ലോകത്തിലെ ശിവം ശ്രദ്ധിക്കുക.

ശാന്തം – ശാന്തസ്വരൂപൻ

ആദ്യന്തശൂന്യൻ – ആദിയും അന്തവും ഇല്ലാത്തവൻ, ജനിമരണങ്ങളില്ലാത്തവൻ

ജഗജ്ജീവനം ജ്യോതി – ജഗത്തിലെ ജീവിതത്തിനു, സർവ്വചരാചരങ്ങളുടെയും ജീവിതത്തിന് കാരണമായ ജ്യോതിസ്സായിട്ടുള്ളത്. അതായത് സർവ്വ ജീവികളുടെയും ജീവചൈതന്യമായിട്ടുള്ളത്

ആനന്ദരൂപം – ആനന്ദസ്വരൂപൻ

അദിഗ്ദേശകാലവ്യവച്ഛേദനീയം – ദിക്ക്, ദേശം, കാലം എന്നിവയെക്കൊണ്ട് വ്യവച്ഛേദിക്കാൻ, നിർണ്ണയിക്കാൻ സാധിക്കാത്തത്. പരമാത്മാവ് ഇന്ന ദിക്കിലുള്ളയാളാണെന്ന് പറയാൻ പറ്റുകയില്ല. അതുപോലെ ഇന്ന ദേശത്തുള്ളയാളാണെന്നും ഇന്ന കാലത്തുള്ളയാളാണെന്നും പറയാൻ പറ്റുകയില്ല. കാരണം പരമാത്മാവ് എന്നും എപ്പോഴും എവിടെയുമുണ്ട്. There is no co-ordinate system to discribe HIM.

ത്രയീ – വേദത്രയം

വക്തി – പറയുന്നത്

യം – യാതൊന്നിനെയാണോ

തസ്മൈ – അങ്ങനെയെല്ലാമുള്ള

നമസ്തേ – തേ നമഃ അങ്ങേയ്ക്കായിക്കൊണ്ടു നമസ്ക്കാരം.

വിശുദ്ധനും മംഗളരൂപിയും ശാന്തനും ആദിയും അന്തവും ഇല്ലാത്തവനും ജഗത്തിലെ ജീവികൾക്കാധാരമായ ജീവചൈതന്യമായിട്ടുള്ളവനും ദിഗ് ദേശകാലങ്ങളെക്കൊണ്ട് വ്യവച്ഛേദിക്കാൻ കഴിയാത്തവനുമായി വേദങ്ങൾ പറയുന്ന അങ്ങേയ്ക്കായി നമസ്കാരം.

ഇവിടെയും പരമാത്മാവിനെത്തന്നെ വന്ദിക്കുന്നു.

കഴിഞ്ഞ രണ്ടു ശ്ലോകങ്ങളിലും നിർഗ്ഗുണ പരബ്രഹ്മമായ മഹാവിഷ്ണുവിനെയാണ് ഉപാസിച്ചത്. സാധാരണഭക്തർക്ക് അത് ബുദ്ധിമുട്ടാകയാൽ കരുണാലയമായ ശങ്കരഭഗവദ്പാദർ സഗുണോപാസനാപദ്ധതിയാണു ഈ സ്തോത്രത്തിൽ ഇനി തുടരുന്നത്. മൂന്നു മുതൽ എട്ടു വരെയുള്ള ആറ് ശ്ലോകങ്ങളിൽ മഹാവിഷ്ണുവിന്റെ സകളരൂപത്തെ (State, Position and Physical features) അത്യുദാത്തമായ വാങ്മയചിത്രമാക്കി അവതരിപ്പിക്കുന്നു. സ്വഭക്തേഷു സന്ദർശിതാകാരമേകം എന്ന് എട്ടാമത്തെ ശ്ലോകത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. മഹാവിഷ്ണു ഓരോ അവതാരം എടുക്കുമ്പോഴും സ്വരൂപത്തിൽ അവതരിച്ച് മാതാപിതാക്കൾക്ക് ദർശനം കൊടുത്തതിനു ശേഷം അവതാരോദ്ദേശത്തിനനുസരിച്ച ലൗകിക രൂപം ധരിക്കുന്നുണ്ടല്ലോ. വാമന ശ്രീരാമ ശ്രീകൃഷ്ണ അവതാരങ്ങളിൽ അദിതികശ്യപന്മാരുടെ ജന്മങ്ങളായിരുന്നല്ലോ മാതാപിതാക്കൾ. അവർക്കാണ് ഭഗവാനെ മഹത് രൂപത്തിലും ലൗകിക രൂപത്തിലും ദർശിക്കാൻ ഭാഗ്യമുണ്ടായത്. നമുക്ക് മൂന്നാമത്തെ ശ്ലോകം നോക്കാം.

മഹായോഗപീഠേ പരിഭ്രാജമാനേ
ധരണ്യാദി തത്ത്വാത്മകേ ശക്തിയുക്തേ
ഗുണാഹസ്കരേന്ദ്വഗ്നി ബിംബേംബു മദ്ധ്യേ
സമാസീനമോങ്കർണ്ണികേ ഷ്ടാക്ഷരാബ്ജേ.

മൂന്നുമുതൽ എട്ടുവരെയുള്ള ശ്ലോകങ്ങൾ ഒരുമിച്ചന്വയിച്ചാണ് അർത്ഥഗ്രഹണം പൂർണ്ണമാകുന്നത്. നമുക്ക് ഓരോ ശ്ലോകമായിട്ടു തന്നെ നോക്കാം.

മഹായോഗപീഠേ – മഹായോഗപീഠത്തിൽ, മഹത്തായ യോഗപീഠത്തിൽ. പീഠത്തിൽ പല കാര്യങ്ങളും യോജിച്ചിരിക്കുന്നതുകൊണ്ട് മഹായോഗപീഠമായി.

ഇനി ഈ പീഠത്തിന്റെ പ്രത്യേകതകൾ പറയുന്നു.

പരിഭ്രാജമാനേ – എല്ലാ ഭാഗങ്ങളിലും ശോഭിക്കുന്നതും ഇനിപ്പറയുന്നവയെക്കൊണ്ടാണ് ശോഭിക്കുന്നത്



വിളിക്കയൻപാർന്നവിടുത്തെ മുന്നിൽ
വിരഞ്ഞു തപ്പിത്തടയുന്നൊരെന്നെ

ധരണ്യാദി തത്വാത്മികേ – പൃഥിവ്യാദി തത്വങ്ങളെക്കൊണ്ടും
ശക്തിയുക്തേ – നവശക്തികളെക്കൊണ്ടും
ഗുണാ – സത്വരജസ്തമോഗുണങ്ങളേക്കൊണ്ടും
അഹസ്കരേന്ദ്വഗ്നി ബിംബം
അഹസ്കരൻ – പകലുണ്ടാകുന്നവൻ
ഇന്ദു – ചന്ദ്രൻ
അഗ്നി – അഗ്നി തന്നെ
ബിംബം – മണ്ഡലം
സൂര്യചന്ദ്രഅഗ്നി മണ്ഡലങ്ങൾ
അംബുമധ്യേ – ജലത്തിന്റെ നടുവിൽ. സൂര്യ ചന്ദ്ര അഗ്നി മണ്ഡലങ്ങൾക്കു നടുവിലുള്ള ജലം. ഇവിടുത്തെ ജലം വെറും വെള്ളം (Water) അല്ല. കാരണജലമാണ്. പ്രപഞ്ചമുണ്ടാകാൻ കാരണമായ വസ്തു. ആധുനിക ശാസ്ത്രമനുസരിച്ച് Primordial fluid. ഈ ജലത്തിലാണ് നാരായണൻ ഇരിക്കുകയോ കിടക്കുകയോ ഒക്കെ ചെയ്യുന്നത്. എങ്ങനെയാണിരിക്കുന്നത്?
സമാസീനം – സമമായിട്ട്, സുഖമായിട്ട്,
ജലത്തിൽ നേരെയങ്ങിരിക്കുകയാണോ? അല്ല.
ഓംകർണ്ണികാഷ്ടാക്ഷരാബ്ജേ – അബ്ജേ, ഒരു താമരപ്പൂവിലാണ്. ആ താമരപ്പൂവിന്റെ കർണ്ണിക (Pistil) പ്രണവവും ദളങ്ങൾ (Petals) ഓം നമോ നാരായണായ എന്ന അഷ്ടാക്ഷരമന്ത്രത്തിലെ വർണ്ണങ്ങളുമാണ്. ആകെയിങ്ങനെയെടുക്കാം.
പൃഥിവ്യാദി തത്വങ്ങളും വിമലാദി ശക്തികളും ചേർന്നിരിക്കുന്നതും ത്രിഗുണങ്ങളെക്കൊണ്ടും സൂര്യചന്ദ്രാഗ്നിമണ്ഡലങ്ങളേക്കൊണ്ടും ശോഭിക്കുന്നതുമായ മഹായോഗ പീഠത്തിൽ ജലമദ്ധ്യത്തിൽ ഓംകാരമാകുന്ന കർണ്ണികയോടുകൂടിയ അഷ്ടദളപദ്മത്തിൽ ഇരുന്നരുളുന്ന അങ്ങയെ നമസ്കരിക്കുന്നു. നമസ്കാരം എട്ടാമത്തെ ശ്ലോകത്തിൽ നിന്നെടുത്തതാണ്.

മഹായോഗപീഠത്തിൽ വിഷ്ണുവിന്റെ പീഠപൂജയുമായി ഒന്നു ചിന്തിച്ചുനോക്കാം. പീഠപൂജാമന്ത്രങ്ങൾ എല്ലാ താന്ത്രിക ഗ്രന്ഥങ്ങളിലും ഒരുപോലെയല്ല, കുറച്ചൊക്കെ വ്യത്യാസമുണ്ട്. കാണിപ്പയ്യൂർ പ്രസിദ്ധീകരിച്ച സപരിവാരം പൂജകളിൽ പറഞ്ഞിട്ടുള്ള പീഠപൂജാമന്ത്രങ്ങളാണല്ലോ കൂടുതൽ പരിചയമുള്ളത്. അവയൊന്നു നോക്കാം.

**1. ഗും ഗുരുഭ്യോ നമഃ** **2. ഗം ഗണപതയേ നമഃ**
**3. ആധാരശക്ത്യൈ നമഃ** **4. മൂലപ്രകൃത്യൈ നമഃ**
**5. ആദികൂർമ്മായ നമഃ** **6. അനന്തായ നമഃ**
**7. പൃഥിവ്യൈ നമഃ** **8. ധർമ്മായ നമഃ**
**9. ജ്ഞാനായ നമഃ** **10. വൈരാഗ്യായ നമഃ**
**11. ഐശ്വര്യായ നമഃ** **12. അധർമ്മായ നമഃ**
**13. അജ്ഞാനായ നമഃ** **14. അവൈരാഗ്യായ നമഃ**
**15. അനൈശ്വര്യായ നമഃ** **16. സം സത്വായ നമഃ**
**17. രം രജസേ നമഃ** **18. തം തമസേ നമഃ**
**19. മം മായായൈ നമഃ** **20. വിം വിദ്യായൈ നമഃ**
**21. പം പത്മായ നമഃ**

ഈ മന്ത്രങ്ങളിൽ കാണുന്ന ഒരു പ്രത്യേകത വിപരീതങ്ങളെന്നും പൂജിയ്ക്കുന്നു എന്നതാണ്.
ധർമ്മായ നമഃ & അധർമ്മായ നമഃ
ജ്ഞാനായ നമഃ & അജ്ഞാനായ നമഃ
വൈരാഗ്യായ നമഃ & അവൈരാഗ്യായ നമഃ
ഐശ്വര്യായ നമഃ & അനൈശ്വര്യായ നമഃ

വിപരീതബലങ്ങൾ ഒരുപോലെ നിന്നെങ്കിലേ സന്തുലനം സാദ്ധ്യമാകൂ. പീഠം മറിയാതിരിക്കേണ്ടേ! പൃഥ്വി, ജലം, തേജസ്സ്, വായു, ആകാശം, മനസ്സ്, അഹങ്കാരം, മഹത്ത്, അവ്യക്തം ഇവയാണ് പൃഥിവ്യാദി ഒൻ പതു തത്വങ്ങൾ എന്നും ചില വ്യാഖ്യാനങ്ങളിൽ ഉണ്ട്.
വിഷ്ണുവിന്റെ പീഠപൂജയിലെ നവശക്തികൾ താഴെക്കാണുന്നവയാണ്.

1. വിമലായൈ നമഃ
2. ഉൽക്കർഷിണ്യൈ നമഃ
3. ജ്ഞാനായൈ നമഃ
4. ക്രിയായൈ നമഃ
5. യോഗായൈ നമഃ
6. പ്രഹ്വൈ നമഃ
7. സത്യായൈ നമഃ
8. ഈശായൈ നമഃ
9. അനുഗ്രഹായൈ നമഃ

വിഷ്ണു ഭുജംഗത്തിൽ പറയുന്നതുപോലെ പീഠപൂജയിലും ധരണ്യാദിതത്വങ്ങളും വിമലാദി നവശക്തികളും ഒക്കെത്തന്നെയാണുപയോഗിച്ചിരിക്കുന്നത്.

ഇനി മറ്റൊരു കാര്യം. അഗ്നി സൂര്യ സോമ മണ്ഡലങ്ങൾക്കകത്താണു ജലം. പൂജയിലെ ശംഖുപൂരണത്തിലുമങ്ങനെയാണ്.
ശംഖുകാല് വഹ്നിമണ്ഡലവും ശംഖ് സൂര്യമണ്ഡലവും ശംഖിന്റെയുള്ളിൽ ചന്ദ്രമണ്ഡലവുമാണ്.

ഈ മൂന്നു മണ്ഡലങ്ങളുടെയും ഉള്ളിലായി ശംഖിനകത്ത് ഹൃദയമന്ത്രം കൊണ്ട് ജലം ഒഴിക്കുന്നു. സാധാരണ ജലമാണെങ്കിൽ അഗ്നി സൂര്യ മണ്ഡലങ്ങൾക്ക കത്ത് ആവിയായിപ്പോകേണ്ടതാണല്ലേ? എന്നാൽ പ്ലാസ്മ അവസ്ഥയിലെ ദ്രവങ്ങൾ, മൗലികകണങ്ങളുടെ സംഘാതം സ്ഥിതി ചെയ്യും. മൗലിക കണങ്ങൾ കൊണ്ടാണല്ലോ മറ്റു ദ്രവ്യങ്ങൾ ഉണ്ടാകുന്നത്. അതുകൊണ്ടാണ് ഈ Primordial Fluid നെ കാരണജലം എന്നു പറയാവുന്നത്.

ഇതിൽ കേട്ടിരിക്കുന്ന പാഠഭേദങ്ങൾ കൂടി ഒന്നു നോക്കാം.

ഗുണാഹസ്കരേന്ദ്വഗ്നി ബിംബേന്ദു മദ്ധ്യേ
ഇന്ദു ശബ്ദം രണ്ടു പ്രാവശ്യം വരാൻ സാധ്യതയില്ലല്ലോ. മറ്റൊന്ന്
ഗുണാഹസ്കരേന്ദ്വഗ്നി ബിംബാർദ്ധമദ്ധ്യേ
ഇവിടെ പറയുന്നത് ചന്ദ്രന് അർദ്ധചക്രനാണെന്നാണ്. അതിനും കാര്യമായ യുക്തിയൊന്നും കാണുന്നില്ല. വ്യാഖ്യാതങ്ങൾ പറയുന്നതിങ്ങനെ – ഷഡാധാരങ്ങളിൽ മൂലാധാരത്തിനും സ്വാധിഷ്ഠത്തിനും അനാഹതത്തിനും ഉപരി സൂര്യമണ്ഡലവും വിശുദ്ധിയ്ക്കും ആജ്ഞയ്ക്കും മുകളിൽ അർദ്ധചന്ദ്രനും എന്നാണ്. പൂർണ്ണ ചന്ദ്രൻ സഹസ്രാരത്തിലും. ധാരാളം ഉപയോഗിച്ചു കണ്ടിരിക്കുന്ന മറ്റൊരു പാഠം ബിംബേദ്ധമദ്ധ്യേ എന്നാണ്. ഇദ്ധം എന്നാൽ വർദ്ധിച്ചത്, ഉയർന്നത് എന്നൊക്കെയാണ്. ഉയർത്തിരിക്കുന്ന മദ്ധ്യഭാഗങ്ങളോടുകൂടി. പാഠമാകാമല്ലോ.
പിന്നീടുണ്ടായ ഭുജംഗങ്ങളിലും മഹായോഗപീഠം ഉപയോഗിച്ചുകണ്ടിട്ടുണ്ട്. ശാസ്തൃ ഭുജംഗത്തിൽ
മഹായോഗപീഠേ ജ്വലന്തം മഹാന്തം
മഹാവാക്യസാരോപദേശം സുശാന്തം
മഹർഷിം പ്രഹർഷപ്രദം ജ്ഞാനകന്ദം
പരം ജ്യോതിരൂപം ഭജേ ഭൂതനാഥം
ദേവീ ദേവന്മാർ മാറുന്നതനുസരിച്ച് പീഠത്തിന്റെ തത്വങ്ങൾക്കും ശക്തികൾക്കും അല്പസ്വല്പമാറ്റം വരും.

## പ്രത്യേക അറിയിപ്പ്

അമ്പലപ്പുഴ MBS നാഗമംഗലം അയ്യപ്പക്ഷേത്രം പുതിയ ശ്രീകോവിലിനുള്ള ശിലാസ്ഥാപനം 2023 ഫെബ്രുവരി 3 നു (മകരം 20) വെള്ളിയാഴ്ച ഉച്ചയ്ക്ക് 1.50നും 2.40നും മദ്ധ്യേ നടത്തുന്നു. സമാജാംഗങ്ങളെ സാദരം ക്ഷണിക്കുന്നു. : സമഗ്രവികസനസമിതി

കവിത

# തൂലിക

*മുരളി ചുണ്ടക്കാട്*
*9496361386*

വിരലാണാദ്യം,
പിന്നെ കൂർത്തൊരു
നാരായത്തിൽ
മുനയായ്, ശേഷം
പെൻസിൽ,
പേനകൾ, ബോൾ
പോയന്റായ്,
തിരയിൽ വീണ്ടും
വിരൽത്തുമ്പായും,
മിണ്ടുമ്പോഴേ
യെഴുതും
യന്ത്രിമയായും,
ചൊൽക്കൊണ്ടീടും
തൂലികയെഴുതും സ്വന്തം
ചിത്രമതെത്ര വിചിത്രം.

കവിത

# തിരുവാതിര

നാരായണൻ ഇളയത്

മലയാളി മങ്കകൾ തൻ മനവാടിയിങ്കൽ പൂത്ത
മണമുള്ള പൂവാണല്ലോ തിരുവാതിര
അമൃതായ ശിവ ശക്തി ദിവ്യ ക്രിയുൾക്കൊണ്ടൊരു
സ്ത്രീ പുരുഷ സ്നേഹത്തിന്റെ വിത്താണതല്ലോ
ദമ്പതിമാർ മരുവതെങ്ങനെയെന്നുരചെയ്യും
ഇമ്പമേറും സ്നേഹത്തിന്റെ കഥയാണത്
തന്റെ മെയ്യുപോലും, പാതി, പത്നിക്കായി
പങ്കിട്ടൊരു നിസ്വാർത്ഥമാം
സ്നേഹത്തിന്റെ കതിരാണത്
പതി തന്ന പാതിയോട് തന്റെ പാതി ചേർത്തു ശിവ
പരിപൂർണ തനു തീർത്ത കലയാണത്
മത്സരിച്ചു പരസ്പരം മേവിടുന്ന സ്ത്രീ പൂരുഷർ
ഉത്സാഹിച്ചു നേടേണ്ടുന്ന നിധിയാണത്
ദുരിതങ്ങളൊഴിവായി ദാമ്പത്യത്തിൻ സുഖമുണ്ണാൻ
പരമേശനരുൾ ചെയ്ത വഴിയാണത്
ഇരുമെയ്യാണെന്നാകിലും മനുജാതി ദമ്പതിമാർ
ഒരു മനസ്സായെന്നാകിൽ ശുഭം സർവ്വദാ

## കേന്ദ്രവാർത്തകൾ

മലയാള ബ്രാഹ്മണ സമാജം കേന്ദ്ര സമിതിയുടെ നവംബർ മാസ യോഗം നവംബർ 20 നും ഡിസംബർ മാസ യോഗം ഡിസംബർ 18 നും ഓൺലൈനായി കേന്ദ്ര പ്രസിഡന്റിന്റെ അധ്യക്ഷതയിൽ ചേർന്നു. ഈശ്വരപ്രാർത്ഥന, ആചാര്യവന്ദനം, അനുസ്മരണം എന്നിവയ്ക്ക് ശേഷം ജനറൽ സെക്രട്ടറി യോഗത്തിനു സ്വാഗതം ആശംസിച്ചു. അധ്യക്ഷന്റെ ഉപക്രമ പ്രസംഗത്തിൽ യോഗങ്ങളിൽ ചർച്ച ചെയ്യേണ്ടുന്ന പ്രധാന കാര്യങ്ങളെക്കുറിച്ച് വിശദമായി പ്രതിപാദിച്ചു. പ്രസ്തുത യോഗങ്ങളിൽ എടുത്ത പ്രധാന തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു. കേന്ദ്ര സമിതിയുടെ ഫണ്ട് വർദ്ധിപ്പിക്കുന്നതിലേക്കായി പരസ്പര സഹായ നിധി രൂപീകരിക്കുവാൻ തീരുമാനിച്ചു. ശാഖാ ജില്ലാ ഭാരവാഹികളുടെ യോഗം രണ്ടു മേഖലയായി തിരിച്ചു 26-11- 2022 (തിരുവനന്തപുരം,ആലപ്പുഴ, കോട്ടയം), 27-11-2022 (തൃശ്ശൂർ, എറണാകുളം) നടത്താൻ തീരുമാനിച്ചു. വരിസംഖ്യകളും മറ്റും ഡിസംബർ 31നു മുൻപായി അടച്ചുതീർക്കാൻ ജില്ലകൾക്ക് നിർദേശം നൽകി. 24-12-2022 സമഗ്രവികസനസമിതിയുടെ യോഗം അമ്പലപ്പുഴ നാഗമംഗലത്ത് ഇല്ലത്ത് വച്ച് നടത്താൻ തീരുമാനിച്ചു. AKBF ട്രഷററായി ശ്രീ സി. വി. ശശികുമാർ ചുമതലയേറ്റത് യോഗം അംഗീകരിച്ചു. വടക്കിനിയുമായുള്ള വാടകകരാർ പുതുക്കാൻ തീരുമാനിച്ചു. നാരായണീയദിനം 14 ഡിസംബറിന് തൃശ്ശൂർ ജില്ലയുടെ ആഭിമുഖ്യത്തിൽ ആഘോഷിക്കാൻ തീരുമാനിച്ചു. കേന്ദ്ര ജോയിന്റ് സെക്രട്ടറിയുടെ കൃതജ്ഞതയ്ക്ക് ശേഷം ഐകമത്യസൂക്തം ജപിച്ചു യോഗം അവസാനിച്ചു.

### കൊരട്ടി ശാഖ

മലയാള ബ്രാഹ്മണ സമാജം കൊരട്ടി ശാഖയുടെ നവംബർ മാസത്തെ മീറ്റിംഗ് നടന്നത് 13.11.2022 ന് ഞങ്ങളുടെ സമാജാംഗങ്ങളുടെ ഒരു ദിവസത്തെ ആലപ്പുഴ ഹൗസ് ബോട്ട് പരിപാടിക്കിടയിലാണ്. കായലിന്റെ ഓളപ്പരപ്പുകളേയും തെളിഞ്ഞ ആകാശത്തേയും ജലപാതകളേയും സാക്ഷി നിർത്തി തണുത്തകാറ്റുനിറഞ്ഞ മുറിയിൽ ആചാര്യന്മാരുടെ സാന്നിധ്യമുണ്ടായിരുന്നു. നമ്മുടെ സമാജത്തിന്റെ ചരിത്രത്തിലെ ഒരു പക്ഷെ ഏറ്റവും അസാധാരണമായ ഒന്നായിരിക്കണം ഈ ബോട്ട് മീറ്റിംഗ്. പ്രാർത്ഥനയോടെ തുടങ്ങി പ്രസിഡണ്ട് വത്സല ടീച്ചറുടെ അധ്യക്ഷ പ്രസംഗവും സെക്രട്ടറിയുടെ റിപ്പോർട്ടവതരണവും ചർച്ചയും നന്ദിയും കഴിഞ്ഞവസാനിപ്പിച്ച മീറ്റിംഗിന് തകഴിയും കാവാലവും വയലാറും വയമ്പു തേച്ചു സാഹിത്യം ചേർന്നിഴുകിയ അരങ്ങായിരുന്നു. വയലേലകളുടേയും വഞ്ചിപ്പാട്ടിന്റേയും ശ്രുതിയുണ്ടായിരുന്നു.

### പാലാ ശാഖ

മലയാള ബ്രാഹ്മണ സമാജം പാലാ ശാഖയുടെ നവംബർ മാസ യോഗം 2022 നവംബർ 20 നു അന്തിനാട് കല്ലമ്പള്ളി ഇല്ലത്ത് ശാഖാ പ്രസിഡണ്ട് ഹരികൃഷ്ണന്റെ അധ്യക്ഷതയിൽ നടന്നു. മുപ്പതോളം അംഗങ്ങൾ യോഗത്തിൽ ഹാജരായി. ശാഖാ സെക്രട്ടറി യോഗത്തിനു സ്വാഗതം ആശംസിച്ചു. തുടർന്ന് കേന്ദ്ര ട്രഷറർ കേന്ദ്ര ജില്ലാ അറിയിപ്പുകൾ നൽകി. തുടർന്ന് നടന്ന ചർച്ചയിൽ കേന്ദ്രനിർദേശം അനുസരിച്ചു ശാഖയിൽ നിന്നു അടയ്ക്കേണ്ടുന്ന മുഴുവൻ തുകയും 2022 ഡിസംബർ 31 നു മുൻപ് ജില്ലയിൽ അടക്കുവാൻ തീരുമാനിച്ചു. ശാഖയിൽ മാസ വരി കുടിശിക ഉള്ള മുഴുവൻ അംഗങ്ങളെയും നേരിട്ട് കണ്ടു കുടിശിക നിവാരണം നടത്തുവാൻ തീരുമാനിച്ചു. ശാഖയിൽ നിന്ന് ഏകദിന വിനോദയാത്ര നടത്തുവാൻ ധാരണയായി.

### മുഖചിത്രം

ഭാരതം സ്വതന്ത്ര പരമാധികാര രാഷ്ട്രമായതിന്റെ ഒരു വാർഷികം കൂടി കടന്നു വരികയാണ് ജനുവരി ഇരുപത്തിയാറാം തീയതി. ലോകത്തു മറ്റേതൊരു രാജ്യം നേരിടുന്നതിലും കൂടുതൽ, ആന്തരികമായി ഛിദ്രശക്തികളുടെ വെല്ലുവിളികളും രാജ്യവിരുദ്ധരുടെ രാജ്യത്തിനുള്ളിൽ നിന്നു തന്നെയുള്ള ആക്രമണങ്ങളും രാഷ്ട്രപൈതൃകത്തെ അവഗണിക്കാനുള്ള ബോധപൂർവമായ ശ്രമങ്ങളും ഇന്നും ഈ മണ്ണിൽ അവസരം കിട്ടുമ്പോഴൊക്കെ തല പൊക്കുന്നുണ്ട്. ഇച്ഛാശക്തിയുള്ള ഉറച്ച ഭരണകൂടവും ആധുനികവൽക്കരിക്കപ്പെട്ട ശക്തമായ സൈന്യവും ദേശീയതയിലൂന്നിയ സാംസ്കാരിക നയങ്ങളും സർവോപരി രാജ്യസ്നേഹികളായ പൗരൻമാരും ഒരുമിച്ചു ചേരുമ്പോഴാണ് രാഷ്ട്രം ഭദ്രമാകുന്നത്. നമുക്ക് തോളോട് തോൾ ചേർന്ന് നിന്ന് യത്നിക്കാം, ഭാരത രാഷ്ട്രത്തിന്റെ ശോഭനമായ ഭാവിക്കായി.

**വന്ദേ മാതരം**

**മുഖചിത്ര രൂപകൽപന : സെൻ**



ബന്ധുരമാകും സ്നേഹത്താലീ-
പ്പാരിനു കണ്ണെഴുതിക്കുളിർ കൂട്ടുക

## തീർത്ഥോത്സവം....

ശ്രീമദ് ഭാഗവത ജ്ഞാനസത്രവും അക്കിത്ത ഭാഗവത പാരായണവും സമൂഹലക്ഷാർച്ച നയും കേരള കാശിയെന്ന വിഖ്യാത മായ തിരുവിം പ്ലാവിൽ ക്ഷേത്രസന്നിധിയിൽ 20 22 ഡിസംബർ 29 മുതൽ 2023 ജനുവരി 6 വരെ ' നടന്നു. ഭാഗവതാ ചാര്യൻമാടശ്ശേരി നീല കണ്ഠൻ നമ്പൂതിരി. ഭാഗവത ഭാഷണ തിലകം അരുണൻ ഇരളിയൂർ എന്നിവരായിരുന്നു യജ്ഞാചാര്യർ.. പൂജ നീയ അച്യുത ഭാരതി സ്വാമിയാർക്ക് വര വേൽപ്പ് നൽകി.സർവ്വ ശ്രീ പി.വി വിശ്വനാഥൻ നമ്പൂതിരി ,ആയേടം കേശവൻ നമ്പൂതിരി. പുത്തില്ലം മധു നമ്പൂതിരി. പുല്ലയിൽ ശ്രീവത്സൻ നമ്പൂതിരി എന്നിവർ വിശേ ഷാൽ പ്രഭാഷണങ്ങൾ നടത്തി .സായാഹ്നങ്ങളിൽ കലാസന്ധ്യയിൽ, കഥകളി അക്ഷരശ്ലോക സദസ്സ്, സോപാന സംഗീതനൃത്ത ലയം., എന്നിവയും നടന്നു കൂടാതെ മലയാള ബ്രാഹ്മണ സമാജം കേന്ദ്ര പ്രസിഡന്റ്, വൈസ് പ്രസിഡന്റ് സെക്രട്ടറി, കൂത്താട്ടുകുളം ശാഖാ ഭാരവാഹികൾ, എന്നിവരെയും വിവിധ സമുദായ നേതാക്കൾ സാമൂഹ്യ സംഘടനാ രംഗത്തെ പ്രമുഖർ ഇവരെ സപ്താഹ സദസ്സിൽ ആദരിച്ചു.

### അക്കിത്തഭാഗവതം – ഗ്രന്ഥാസ്വാദനം

മഹാകവി അക്കിത്തത്തിന്റെ ചിരന്തന കാവ്യ തപസ്സിന്റെ ഫലവും ആത്മസാക്ഷാൽ ക്കാരവു മാണ് ഏഴരവർഷത്തെ സാധനയിലൂടെ 2000–ൽ പുറത്തിറങ്ങിയ ശ്രീമദ് ഭാഗവത ത്തിന്റെ മലയാള പരിഭാഷ: മലയാളത്തിലെ ഋഷി കവി എന്നാണ് അദ്ദേഹത്തെ വിശേഷി പ്പിച്ചു വരുന്നത്, ഛന്ദോ ദേവതമാരുടെ ഐക്യം കൊണ്ട് വാക്കുകളെ മന്ത്രമാക്കുന്ന കവിത്വം വാക്കിൽ നിന്ന് വെളിച്ചത്തെ കണ്ടെത്തിയ ഋഷിത്വം, ഇവ ഒരുമിച്ചു ചേർന്നതിന്റെ പുണ്യമാണ് അക്കി ത്തം കവിതകൾ. മഹാകവി അക്കിത്ത ത്തിന്റെ മനോഹരവും സാരസമ്പുഷ്ടവുമായ ഭാഗവത വിവർത്തനത്തെ ആസ്വദിക്കുമ്പോൾ ഭക്തി യുടെ അതിരില്ലാത്ത അനുഭൂതി നുകരാൻ സാധിയ്ക്കും ഭാഗവത മൂലഗ്രന്ഥത്തിന്റെ ശ്ലോകങ്ങൾ അതേവൃത്തത്തിൽ മലയാള ത്തിലേക്ക് വിവർത്തനം ചെയ്തിരിക്കുന്ന ഈ ഗ്രന്ഥം പുതു തലമുറയെ ഭാഗവതത്തെപ്പറ്റി അറിയിക്കുവാൻ ഏറെ സഹായിക്കും.

ശ്രീകൃഷ്ണപരമാത്മാവിന്റെ കഥകൾ വേദവ്യാസ മഹർഷി എഴുതിയ സംസ്കൃതം മൂലം ഗ്രന്ഥം പഠിക്കുവാൻ പ്രയാസം തോന്നുന്നവർക്ക് ഈ മലയാള പരിഭാഷ അത്യന്തം സഹായകരമായിരിക്കും'മാതൃഭൂമി ബു,ക്ക്സ് ആണ് ഇത് പ്രസിദ്ധീകരിച്ചിരിക്കു ന്നത് കേരള കാശി എന്നറിയപ്പെടുന്ന മൂവാറ്റു പുഴ ആനിക്കാട് തിരുവുംപ്ലാവിൽ ക്ഷേത്ര ത്തിലെ സപ്താഹ വേദിയിൽ മാഹാത്മ്യ പരായണം നടത്തിയത് ഈ മഹത് ഗ്രന്ഥമാ യിരുന്നു.









**എം. ബി. എസ്. ഭാരവാഹികൾക്ക് തീർത്ഥോത്സവത്തിന്റെ ആദരവ്**



MBS സമഗ്ര വികസന സമിതിയിലേക്ക് ഒരു ലക്ഷം രൂപയുടെ ആദ്യ സംഭാവന അമ്പലപ്പുഴ നാഗമംഗലം ഇല്ലത്ത് ഡോ. എൻ. ശ്രീവത്സലൻ (പ്രൊഫസർ, അയോവ യൂണിവേഴ്സിറ്റി, IOWA, USA) MBS കേന്ദ്ര പ്രസിഡന്റ് പ്രൊഫ.ബാലചന്ദ്ര ശർമക്കു 2023 ജനുവരി 1 ന് കൈമാറുന്നു. നമുക്ക് വസ്തു സംഭാവന ചെയ്ത ശ്രീ ദേവനാരായണന്റെയും ശ്രീഹരികൃഷ്ണ ശർമ്മയുടെയും മൂത്ത സഹോദരൻ ആണ് ശ്രീ ശ്രീവത്സലൻ.



മലയാള ബ്രാഹ്മണ സമാജം പറവൂർ ശാഖാ അംഗവും വൈദിക ആചാര്യനുമായ പുതു ക്കുടി ഇല്ലത്ത് ബ്രഹ്മശ്രീ സതീശൻ ഇളയത് MBS സഹായ നിധിയിലേക്ക് (ഹവിസ്സ് )30300/രൂപ പറവൂർ മംഗലശ്ശേരി ഇല്ലത്ത് നടന്ന തിരുവോണം കാലുകഴുകിച്ചൂട്ട് ചടങ്ങിൽ വച്ച് പറവൂർ ശാഖാ ഹവിസ്സ് കോർഡിനേറ്റർ ഹരീഷ് കുമാർ മംഗലശ്ശേരിക്ക് തുക കൈമാറി



വൈക്കം പാഴൂരില്ലം വിജയകുമാർ നമ്പൂതിരിയുടെ ഓർമയ്ക്കായി ഹവിസിലേയ്ക്കുള്ള സംഭാവന മകനിൽ നിന്ന് കേന്ദ്ര പ്രസിഡന്റ് സ്വീകരിക്കുന്നു



മലയാള ബ്രാഹ്മണ സമാജം പാലാ ശാഖ പെരുമ്പുഴ ഇല്ലത്ത് രമാദേവി അന്തർജനത്തിന്റെ അടിയന്തരാദി ക്രിയകളുടെ ഭാഗമായി ഹവിസിലേയ്ക്കുള്ള സംഭാവന ഹവിസ് കൺവീനർ ഹരികൃഷ്ണൻ ഏറ്റുവാങ്ങുന്നു


ഒരു പുഞ്ചിരി ഞാൻ മറ്റുള്ളവർക്കായ് പൊഴിക്കവേ
ഹൃദയത്തിലുലാവുന്നു നിത്യനിർമ്മപൗർണ്ണമി

# സ്മരണാഞ്ജലി



## ഒന്നാം ശ്രാദ്ധദിനം

**10/01/2023**

## ഗീതാ ദേവൻ

**ചേന്നമംഗലത്ത് ഇല്ലം, എരൂർ (W) PO, തൃപ്പൂണിത്തുറ**

**By: സി.എൻ. വാസുദേവൻ, വീണ, അജീഷ്, വൈഷ്ണവ്, വിദ്യാലക്ഷ്മി**

നൈനം ദഹതി പാവകഃ









കുറിച്ചിത്താനം പാണാട്ടില്ലത്ത് അംബികാ അന്തർജ്ജനത്തിന്റെ
നവതി ആഘോഷങ്ങൾക്ക് കുടുംബാംഗങ്ങൾ 2022 നവംബർ 8-ാം തീയതി ഒത്തുകൂടിയപ്പോൾ

Published & Owned by Malayala Brahmana Samajam .H.O. Kottayam.Ph. 0481-2301168
( A Registered Charitable Society- Reg No.K593/99, Printed at Ephphatha Press, Kottayam)